# അധ്യായം 2

# രാഷ്ട്രീയാധികാരം

മനുഷ്യന്റെ ഒഴിച്ചുകൂടാനാകാത്ത ആവശ്യങ്ങളിൽ നിന്ന് ജന്മം പൂണ്ട ഒരു സ്ഥാപനമാണ് രാഷ്ട്രം. രാഷ്ട്രത്തെ സംബന്ധിക്കുന്നത് എന്ന അർത്ഥത്തിലാണ് രാഷ്ട്രീയം എന്ന പദം ഉപയോഗിക്കുന്നത്. എന്നാൽ ഭരണകൂടം, നീതിന്യായം, ഭരണനിർവ്വഹണം, നിയമനിർമ്മാണം എന്നിവയെക്കുറിച്ചുള്ള അന്വേഷണം എന്ന അർത്ഥവും രാഷ്ട്രീയത്തിനുണ്ട്. ജനങ്ങൾ ഭരണകൂടത്തിനുമേൽ പ്രയോഗിക്കുന്ന സമ്മർദ്ദത്തേയും ഭരണകൂടത്തിന്റെ പ്രവൃത്തികളേയും രാഷ്ട്രീയം സൂചിപ്പിക്കുന്നു. സാമാന്യമായ അർത്ഥത്തിൽ രാഷ്ട്രീയം അധികാരത്തിന്റെ സാമൂഹികമായ പ്രയോഗമാണെന്നു പറയാം. ചുരുക്കത്തിൽ സമൂഹികബന്ധങ്ങളിൽ വ്യക്തികൾ പരസ്പരം വിനിമയം ചെയ്യുന്ന അധികാരത്തിന്റെ പ്രകൃതം, സ്വരൂപം, വിതരണം എന്നിവയെക്കുറിച്ചുള്ള സമഗ്രാന്വേഷണമാണ് രാഷ്ട്രീയം.[1]

അധികാരസ്ഥാപനങ്ങളിൽ പ്രധാനപ്പെട്ടത് രാഷ്ട്രീയാധികാരമാണ്. വ്യക്തികൾക്ക് അവരുടെ ജീവനും സ്വാതന്ത്ര്യത്തിനും വസ്തുവകകൾക്കും, അവർ ഒരോരുത്തരും തനിച്ചു ചെയ്യാൻ കഴിയുന്ന സംരക്ഷണങ്ങളേക്കാൾ കൂടുതൽ ഉപകാരപ്രദമായവിധം സംരക്ഷിക്കാൻ കഴിയുന്ന അധികാരകേന്ദ്രങ്ങളിൽ അവർ വിശ്വാസമർപ്പിക്കുന്നു. ജനാധിപത്യരീതിയിൽ സമൂഹത്തിന്റെ ഉയർന്നതലം ഭരണകൂടമാകുന്നു. അവിടെയാണ് അധികാരം ശക്തമായി നിലനിൽക്കുന്നത്. വ്യക്തികളുടെ സ്വത്തിൻമേലുള്ള അവകാശവും അധികാരവും ഭരണകൂടത്തിന്റെ പരിധിയിൽ വരുന്നതല്ല. വ്യക്തികളുടെ സമ്മതപ്രകാരമല്ലാതെ ആവകകാര്യങ്ങളിൽ പ്രവേശിക്കാൻ ഭരണകൂടത്തിന് അധികാരമില്ല. അതുപോലെ ജനങ്ങളാൽ രൂപീകൃതമാകുന്ന ഭരണകൂടത്തിന് അധികാരം മറ്റൊരു വ്യക്തിക്കോ സ്ഥാപനത്തിനോ കൈമാറ്റം ചെയ്യാനുള്ള അവകാശവുമില്ല. ഏതൊരാളുടെ പ്രവൃത്തിയാണോ മറ്റാരുടേയും നിയന്ത്രണത്തിന് വിധേയമല്ലാത്തത്, അയാളിൽ കുടികൊള്ളുന്ന അധികാരമാണ് പരമമായ രാഷ്ട്രീയാധികാരം[2] എന്ന് ഹ്യൂഗോ പ്രോട്ടിസ് എന്ന ഡച്ചു ചിന്തകൻ പറയുന്നു.

രാഷ്ട്രീയത്തിന്റെ പരമമായ ലക്ഷ്യം അധികാരം നേടുകയാണ് എന്ന വാദം ശക്തമായി നിലനിൽക്കുന്നു. രാഷ്ട്രീയാധികാരം വ്യക്തിയുടെ പൂർണ്ണ മായ സ്വത്വത്തിൽ അധിഷ്ഠിതമാണ്. രാഷ്ട്രീയാധികാരം താത്വികമായി ജന്മാവകാശത്തിലോ സ്വത്തിലോ അധിഷ്ഠിതമല്ല, അത് മനുഷ്യന്റെ വ്യക്തി ത്വത്തെ ആശ്രയിച്ചിരിക്കുന്നു. സമൂഹത്തിന്റെ അടിസ്ഥാനമൂല്യങ്ങളുടെ രൂപ ത്തിലും ഘടനയിലും വരുന്ന മാറ്റങ്ങളുടെ പഠനമാണ് അധികാരത്തിന്റെ പ്രഥമപാഠം. പാശ്ചാത്യചിന്തകനായ ഹരോൾഡ് ലാസ്വെൽ അധികാരമി ല്ലെങ്കിൽ രാഷ്ട്രീയമില്ലെന്ന നിഗമനത്തിലെത്തി. ജീവിതത്തിലെ അടിസ്ഥാനമൂല്യങ്ങൾ അനുഭവിക്കുന്നതിന് രാഷ്ട്രീയസ്വാതന്ത്ര്യമാണ് അദ്ദേഹം നിർദ്ദേശിക്കുന്ന മുഖ്യോപാധി.[3] രാഷ്ട്രീയസ്വാതന്ത്ര്യം ഉണ്ടാക ണമെങ്കിൽ അധികാരം അനുപേക്ഷണീയമാണ്.

അധികാരവഴിയിലെ രാഷ്ട്രീയഘടന പരിശോധിക്കുമ്പോൾ ഒരു ഭര ണകേന്ദ്രവും അധികാരത്തിന്റെ ഫലം പൂർണ്ണമായും ജനങ്ങൾക്ക് നൽകു ന്നില്ലെന്ന് കാണാം. ഏതെങ്കിലും ഒരു വർഗ്ഗം സമൂഹത്തിന്റെ ഉത്പാദന വിഭവങ്ങൾ കൈയടക്കിവച്ച് മൃഗീയഭൂരിപക്ഷത്തെ അടക്കി ഭരിക്കുന്നു. അവശ വർഗ്ഗങ്ങൾ സംഘടിച്ച് അതിനെതിരേ ശക്തമായി പ്രതികരിക്കുന്നു. അധി കാരസമ്പാദനവും നിലനിർത്തലും ധർമ്മാനുസാരേണ ആകണം. അങ്ങ നെയെങ്കിൽ അധികാരം ജയിച്ചു എന്നു പറയാം. രാഷ്ട്രീയാധികാരത്തിൽ രണ്ടുതരത്തിലുള്ള അധികാരപ്രയോഗമാണ് പ്രായേണ കാണാൻ കഴിയുക. അധികാരപ്രാപ്തിയും അധികാരസംരക്ഷണവും. അധികാരപ്രാപ്തിക്കായി ഓരോകാലത്തും ഓരോരീതിയിലുള്ള രാഷ്ട്രീയപ്രവർത്തനങ്ങൾ നടന്നി രുന്നു. ആദ്യകാലത്ത് അടിമകൾ ഉടമകൾക്കെതിരേ സമരം ചെയ്തു. പിന്നീട് കുടിയാൻ ജന്മികൾക്കെതിരേ സമരം ചെയ്തു. മുതലാളിത്തവ്യവസ്ഥയിൽ തൊഴിലാളികൾ മുതലാളിക്കെതിരെ സംഘടിച്ചു. വ്യത്യസ്തമായ താത്പ ര്യങ്ങളും ആശയങ്ങളും അഭിലാഷങ്ങളും തമ്മിൽ സംഘട്ടനങ്ങൾ നടക്കാതെ

നിർവ്വാഹമില്ല. അങ്ങനെ അവിരാമമായ സംഘട്ടനത്തിന്റെ കഥയാണ് മനുഷ്യചരിത്രം പറയുന്നത്.[4] ഇപ്രകാരമുള്ള സംഘട്ടനങ്ങൾ നിറഞ്ഞ മനുഷ്യചരിത്രത്തിൽനിന്നും തെരഞ്ഞെടുത്ത ഏടുകളാണ് കേശവദേവിന്റെ ചില നോവലുകൾക്ക് വിഷയങ്ങളായത്. അതിൽത്തന്നെ അധികാരത്തിന്റെ രാഷ്ട്രീയം വിശദമാക്കുന്ന നോവലുകളാണ് ഇവിടെ പരാമർശവിഷയമാകുന്നത്.

**ജന്മിത്തവ്യവസ്ഥ**

നവോത്ഥാനകാലനോവലിസ്റ്റുകളുടെ കൃതികളിൽ ഒളിഞ്ഞും തെളിഞ്ഞും ജന്മിത്തവ്യവസ്ഥിതിയുടെ അംശങ്ങൾ കാണാം. മരുമക്കത്തായ വ്യവസ്ഥിതിയോടു ചേർന്നുനിന്ന ഈ സമ്പ്രദായം കൂട്ടുകുടുംബവ്യവസ്ഥയില്ലാതായതോടെ അവസാനിക്കുകയായിരുന്നു. മേൽജാതിക്കാരുടെ നിയന്ത്രണത്തിലായിരുന്ന മറ്റു വിഭാഗക്കാർ ജാതിവ്യവസ്ഥയുടെ ഹസ്തങ്ങളിൽ കിടന്നുപിടയുന്ന കാലത്തുതന്നെ ജന്മിസമ്പ്രദായവും ശക്തിപ്രാപിച്ചു. കുടിയാൻമാരായി ജോലികളിൽ സഹായിക്കുന്നവരെ ജന്മിമാർ അടിമകളായിക്കരുതി. കഠിനാധ്വാനത്തിന് അർഹമായ കൂലി കൊടുത്തിരുന്നില്ല. അധ്വാനശക്തിമാത്രം കൈവശമുള്ള കുടിയാൻമാരുടെ വർഗ്ഗം അനുദിനം കഷ്ടത്തിലായി. ജന്മി നൽകിയിരിക്കുന്ന ഭൂമിയിൽ താമസിക്കാനും കൃഷി ചെയ്യാനും അനുവാദം ലഭിക്കുമെങ്കിലും അധ്വാനവിഹിതം മുഴുവനും ജന്മിക്കായിരിക്കും. ജന്മിയും കുടിയാനും തമ്മിൽ കൃത്യമായ ഒരു ബന്ധവ്യവസ്ഥിതി നിലനിന്നിരുന്നു. തന്റെ കുടിയാന്റെ വ്യക്തിപരമായ കാര്യങ്ങളിലും വീട്ടുകാര്യങ്ങളിലും ജന്മിക്ക് ഇടപെടാൻ കഴിയുമായിരുന്നു.[5] ഭൂവുടമ നിശ്ചയിക്കുന്ന കാലത്തേക്ക് ഭൂമി കൈവശം വയ്ക്കുന്നതിനുമാത്രമായിരുന്നു കുടിയാൻമാർക്ക് അവകാശം. ഭൂമികൈമാറ്റം ചെയ്യാനോ പണയം വയ്ക്കാനോ, അതിലുണ്ടാകുന്ന ഉത്പന്നങ്ങൾ വിൽക്കാനോ ഇവർക്ക് അധികാരം ഇല്ലായിരുന്നു. അധ്വാനത്തിന് കൂലിയില്ലാത്തതരം ചൂഷണമായിരുന്നു ജന്മിസമ്പ്ര

ദായത്തിന്റെ പ്രത്യേകത. പഴയ നാടുവാഴിഭരണകാലത്തുണ്ടായിരുന്ന ജന്മി -നാടുവാഴി മേധാവിത്വം ഏറെ മർദ്ദനപരമായിരുന്നു. അതിൻകീഴിൽ ഏറ്റവുമധികം മർദ്ദനമനുഭവിച്ചിരുന്ന അധഃകൃതരുടേയും അവശസമുദായക്കാരുടെയും സ്ഥിതി ദുരിതപൂർണ്ണമായിരുന്നു.[6]

സാമൂഹികാനുഭവങ്ങളെ യാഥാർത്ഥ്യബോധത്തോടെ ചിത്രീകരിക്കുക എന്നതായിരുന്നു കേശവദേവിന്റെ രീതി. സാമൂഹികാവസ്ഥകളുടേയും സമകാലികമനുഷ്യാവസ്ഥകളുടെയും പ്രതിനിധിയായ എഴുത്തുകാരൻ ഇതിനെതിരെ തൂലിക ചലിപ്പിച്ചതിൽ അത്ഭുതപ്പെടാനില്ല. നവോത്ഥാനകാല എഴുത്തുകാരുടെ സാമൂഹ്യധർമ്മം വ്യത്യസ്തമായിരുന്നു. കേശവദേവാകട്ടെ തനിക്കു ചുറ്റുപാടുമുള്ള സാമൂഹ്യപ്രശ്നങ്ങളിലേക്ക് തുറന്ന കണ്ണുമായി സഞ്ചരിച്ചു. തന്മൂലം അക്കാലത്തെ ജന്മിത്തവ്യവസ്ഥിതിയുടെ ദൂഷ്യവശങ്ങളെ യഥാതഥമായി ആവിഷ്ക്കരിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. സമകാലിക മനുഷ്യാവസ്ഥകളെ ചിത്രീകരിക്കുന്നതോടൊപ്പം ജന്മിത്തത്തിന്റെ അധികാരതലങ്ങളെക്കുറിച്ചും വിശദമാക്കാൻ 'ഉലക്ക' പോലെയുള്ള നോവലുകളിൽ അദ്ദേഹം ശ്രമിച്ചു.

ജന്മിത്തത്തിനെതിരായ രോഷത്തിന്റെ അഗ്നിസ്ഫുലിംഗങ്ങൾ ഉണ്ണൂലിയിൽ ഉജ്ജ്വലകാന്തിയോടെ നിലനിൽക്കുന്നു.[7] മാടമ്പിയുടെ ആശ്രിതനായ കൊച്ചയ്യപ്പൻ വളരെ സാധുവായിരുന്നു. കായൽക്കരയിൽ കുണ്ടും കുഴിയുമായിക്കിടന്ന പറമ്പിൽ കൊച്ചയ്യപ്പൻ പുരവച്ചു. മാടമ്പിയുടെ പടിപ്പുരയ്ക്കു മുന്നിൽ ഓച്ഛാനിച്ചു നിന്നുകൊണ്ട് അവൻ പുരവയ്ക്കാൻ അനുവാദം ചോദിച്ചു. മാടമ്പി അലക്ഷ്യമായി ഒന്നു മൂളുകമാത്രം ചെയ്തു. നാടിന്റെ നാനാഭാഗത്തും ധാരാളം നെൽപ്പാടങ്ങളും തെങ്ങിൻതോപ്പുകളും അയാൾക്കുണ്ട്. കൊച്ചയ്യപ്പൻ ആ സ്ഥലം നന്നാക്കിയെടുത്തു. വെള്ളം കയറിയാൽ മുങ്ങിപ്പോകാതിരിക്കാൻ ചുറ്റുമുള്ള മണ്ണെല്ലാം വെട്ടിക്കൂട്ടി ഉയർത്തി. നിത്യജോലി കഴിഞ്ഞുവന്ന് പുരയിടം വൃത്തിയാക്കും. മണ്ണുവെട്ടി കുട്ടയിലാക്കി പറമ്പിൽ കൊണ്ടിടും. അങ്ങനെ അനേകദിവസം പണിചെയ്ത്

പറമ്പിലെ കുഴിയെല്ലാം അയാൾ നികത്തി. തൊട്ടടുത്ത പറമ്പിലെ അന്തോണി സംശയത്തോടെ കൊച്ചയ്യപ്പനോട് ചോദിച്ചു, "താനെന്തിനാടോ കണ്ടോന്റെ പറമ്പില് ദേഹണ്ഡിക്കുന്നത്. നന്നായിക്കഴിയുമ്പോള് താമസിക്കാൻ വേറെ ആളുവരും". ഭൂപ്രഭുക്കൾ നാസികളുടെ കുറ്റകൃത്യങ്ങളെപ്പോലെയുള്ള ക്രൂര പ്രവൃത്തികൾ നടത്തിക്കൊണ്ടിരുന്ന അവിശ്വസനീയവും പ്രാകൃതവുമായ ഫ്യൂഡൽ കാലഘട്ടം - തന്റെ കാലത്തെ കേരളീയ സമൂഹത്തിന്റെ നേർച്ചിത്രം-കേശവദേവ് ഈ ഭാഗത്ത് ചിത്രീകരിച്ചിരിക്കുന്നു.[8] ജന്മിത്തവ്യവസ്ഥിതിയുടെ സ്ഥിരം പ്രശ്നമാണ് അന്തോണിയുടെ വാക്കുകളിൽ തെളിയുന്നത്. "കണ്ടോന്റെ ആയാലും നമ്മുടെ ആയാലും താമസിക്കണടം നന്നായിക്കിടക്കേണ്ടടോ" എന്ന് കൊച്ചയ്യപ്പൻ മറുപടി പറഞ്ഞു. ഒരു കൊല്ലത്തിനുശേഷം ആ പറമ്പ് മറ്റുള്ളവരുടെ പുരയിടത്തിനൊപ്പമായി. അവിടെ അയാൾ തെങ്ങിൻ തൈ നട്ടു. വേലകഴിഞ്ഞുവന്ന് അതിനുവേണ്ടുന്നതെല്ലാം ചെയ്തു. തെങ്ങിൻതൈകളെ നോക്കി, ആ ഓലകളെ തഴുകിവരുന്ന കാറ്റേറ്റ് നിൽക്കുന്നത് അയാൾക്ക് ആനന്ദം നൽകുന്ന പ്രവൃത്തിയാണ്. മാടമ്പിയും പരിവാരങ്ങളും അതുവഴി കടന്നു പോയപ്പോൾ കൊച്ചയ്യപ്പന് വേണ്ട നിർദ്ദേശങ്ങൾ കൊടുത്തു.

കായലിന്റെ കിഴക്കേക്കരയിൽ വസ്തുകൈയേറ്റവും കുടിയിറക്കുമുണ്ടായി. കൊച്ചയ്യപ്പന്റെ അമ്മാവനായ കണ്ടൻ കോരന്റെ കുടുംബമാണ് അവിടെ കുടിയിറക്കപ്പെട്ടത്. വലിയ ഭൂവുടമസ്ഥൻ പതിച്ചിട്ടിരുന്ന കായൽഭാഗം കണ്ടങ്കോരൻ നികത്തി തൈവെച്ചു. വിളവെടുക്കാറായപ്പോൾ കോരനെ അവിടെ നിന്നും കുടിയിറക്കാനുള്ള ശ്രമമായി. അയാൾ ചെറുത്തു നിൽക്കുന്നുവെന്ന് കണ്ട ജന്മി ആൾക്കാരെക്കൂട്ടിവന്ന് ഏറ്റുമുട്ടലിലൂടെ കുടിയിറക്കി. ആശുപത്രിയിലായ അമ്മാവനെക്കാണാൻപോയിട്ടുവന്നതുമുതൽ കൊച്ചയ്യപ്പനിൽ കഠിനമായ വിഷാദം നിഴലിച്ചിരുന്നു. അത്യധികമായ ഭയം തോന്നിയതിനാൽ പിന്നീടുള്ള രാത്രികളിൽ ഉറങ്ങാൻ കഴിഞ്ഞില്ല. മാടമ്പിയുടെ ആൾക്കാർ തന്നെയും ഇറക്കിവിടുമെന്നുള്ള ചിന്ത അയാളെ അലട്ടി.

അങ്ങനെവന്നാൽ താൻനട്ടുവളർത്തിയ തൈകളെ ശുശ്രൂഷിക്കാനും അവയെക്കണ്ടുനിൽക്കാനുമുള്ള അവകാശത്തിനായി യാചിക്കണമെന്നും അയാൾ നിശ്ചയിച്ചു.

പിന്നീടുള്ള ദിവസങ്ങളിൽ കൊച്ചയ്യപ്പൻ പകൽ ജോലിക്കുപോകാതെ വീട്ടിലിരുന്നു. രാത്രിയിൽ വെട്ടുകത്തി തലയ്ക്കൽവച്ച് ഉറങ്ങാൻ കിടന്നു. എന്തോ ശബ്ദംകേട്ട് പുറത്തിറങ്ങി വീടിന് ചുറ്റും നടന്നു. ഇരുളിലേക്ക് നോക്കി വെട്ടുകത്തി വീശി. മനസ്സിലെന്തോ ഉറപ്പിച്ച് വീണ്ടും ഉറങ്ങാൻ കിടന്നു. പിറ്റേന്ന് പ്രഭാതത്തിൽ ധീരനായി, ഒരു പുതിയ മനുഷ്യനായി അയാൾ ഉണർന്നു. ആ പറമ്പിന്റെ നേരെയുള്ള ഏത് ആക്രമണത്തേയും ഒറ്റയ്ക്ക് ചെറുത്തുനിൽക്കുവാൻ കഴിയുമെന്ന് അയാൾക്ക് തോന്നി. ആ ധൈര്യത്തിൽ അയാൾ ജോലിക്കുപോയി. മാടമ്പിയുടെ കാര്യസ്ഥൻ പല പ്രാവശ്യം വന്നു. കൊച്ചയ്യപ്പൻ അയാളെ കണ്ടതായി ഭാവിച്ചില്ല. തേച്ചു മൂർച്ച കൂട്ടിയ വെട്ടുകത്തിയും ചുഴറ്റി കാര്യസ്ഥന്റെ മുന്നിലൂടെ പോയി പഴുത്തു നിന്ന ഓലമടൽ വെട്ടി. കൊച്ചയ്യപ്പന്റെ മുഖത്തെ പൈശാചികഭാവം കണ്ട് കാര്യസ്ഥൻ ഞെട്ടിപ്പോയി. തേങ്ങാവിളഞ്ഞ് പാകമായപ്പോൾ കൊച്ചയ്യപ്പൻ ഒരുകുല വെട്ടിയിട്ടു. പിറ്റേന്ന് കാര്യസ്ഥൻ വന്നപ്പോൾ ചോദ്യം ചെയ്തു. അതുവെളഞ്ഞതുകൊണ്ട് വെട്ടിയെന്ന് കൊച്ചയ്യപ്പൻ മറുപടി കൊടുത്തു. നീ വച്ചതല്ലേ, അത് നീ എടുത്തോ എന്ന് കാര്യസ്ഥൻ പറഞ്ഞു. എന്നാൽ പിന്നീട് തേങ്ങാ വെട്ടിയപ്പോൾ മാടമ്പി ചോദ്യം ചെയ്തു. മണ്ണിറക്കി, കുണ്ടും കുഴീം നെകത്തി ഇതൊരു പറമ്പാക്കിയപ്പോൾ ആരോടും ചോദിച്ചില്ല. തൈവച്ച് ദേഹണ്ഡിച്ചപ്പോൾ ആരോടും ചോദിച്ചില്ല. അതുകൊണ്ട് തേങ്ങാവെട്ടുന്നതും ആരോടും ചോദിക്കണ്ടെന്നു കരുതി. മാടമ്പിയുടെ മുഖം കോപത്താൽ ജ്വലിച്ചു. ഓടേനെ പിടിച്ചു കെട്ടുന്ന കാലമായല്ലോടാ എന്നു പറഞ്ഞ് അയാൾ ദേഷ്യത്തിൽ കടന്നുപോയി. ഒരു രാത്രി കൊച്ചയ്യപ്പൻ തന്റെ കുടിലിനു മുന്നിൽ വന്ന മാടമ്പിയുടെ അനന്തരവന്റെ കരണത്തടിച്ചു. മാടമ്പിയുടെ ദേഷ്യം

കൂടാൻ ഇതും കാരണമായി. അയാൾ സംഘമായി വന്ന് കൊച്ചയ്യപ്പനെ മർദ്ദിച്ച് അവശനാക്കി ഉലക്കകൊണ്ട് അടിച്ചുകൊന്നു.

ഏകാധിപത്യരീതിയിലുള്ള അധികാരപ്രയോഗമാണ് ജന്മിത്തത്തിന്റെ സവിശേഷത. അതിനെതിരെ പ്രതികരിക്കാൻ പലപ്പോഴും വിധേയപ്പെട്ടുജീവിക്കുന്നവർക്ക് കഴിയാറില്ല. രാജാവ്, ക്ഷേത്രം, ഫ്യൂഡൽ പ്രഭുക്കന്മാർ എന്നീ മൂന്നു സ്തംഭങ്ങളിലായിരുന്നു രാഷ്ട്രീയാധികാരം പഴയകാലത്ത് നിലനിന്നിരുന്നത്. ഇതുമൂന്നും ചോദ്യം ചെയ്യപ്പെടാനാവാത്തവിധം ശക്തമായിരുന്നു. പരമാധികാരം ഇവിടെ ഒരാളിൽ മാത്രം നിക്ഷിപ്തമായിരുന്നു. ദിവ്യമായ ഒരവകാശം എന്ന നിലയിലാണ് അധികാരം നിലനിന്നിരുന്നത്. ജനങ്ങളെ ഒരുമിച്ചു നിർത്തിയിരുന്നതും അധികാരമായിരുന്നു. ജന്മിത്തത്തിന്റെ അധികാരപ്രയോഗം ചോദ്യം ചെയ്യപ്പെടാൻ കഴിയാത്തവിധം ശക്തമായിരുന്നു. കൊച്ചയ്യപ്പന്റെ അധ്വാനം ജന്മിത്തത്തിന്റെ മുന്നിൽ വിലമതിക്കാനാകാതെ പോകുന്നു. അയാൾ അതിനെതിരെ നിലകൊണ്ടപ്പോൾ ലഭിച്ച ശിക്ഷ മരണത്തിൽ അവസാനിച്ചു. എതിർപ്പിനെ അടിച്ചമർത്തുന്നതിനായി മാടമ്പി ആയുധമെടുത്തു. ഉലക്ക കൊച്ചയ്യപ്പന്റെ ജീവനപഹരിക്കുന്നു. മുമ്പും അയാളുടെ രീതി അതുതന്നെയായിരുന്നു എന്ന് മറ്റു കഥാപാത്രങ്ങൾ പറയുന്നുണ്ട്. എതിർക്കുന്നവനെതിരെ ആയുധം പ്രയോഗിച്ച് ഇല്ലാതാക്കാമെന്നും അത് ചോദ്യം ചെയ്യപ്പെടാനാകാത്തതാണെന്നും മാടമ്പിക്കറിയാം. ഈ അറിവാണ് അയാളെക്കൊണ്ട് അധികാരശക്തിയാൽ ഇത്തരം ഹീനകൃത്യങ്ങൾ ചെയ്യിക്കുന്നത്. കേരളത്തിന്റെ സാമൂഹികാവസ്ഥയിൽ കാതലായ മാറ്റങ്ങൾ സൃഷ്ടിച്ച ഒരു കാലഘട്ടത്തിന്റെ പുനഃനിർമ്മാണമാണ് കേശവദേവ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്.[9]

നഷ്ടപ്പെട്ട അധികാരം (പ്രമാണിത്തം) വീണ്ടെടുക്കാനുള്ള ശ്രമം പലതരത്തിലാകാം. അത് ചിലപ്പോൾ വിജയിച്ചെന്നു വരാം. എന്നാൽ പരാജയപ്പെട്ടാൽ സ്വയം നശിക്കാനും സാധ്യതയുണ്ട്. അധികാരത്തിന്റെ പലത

ലങ്ങൾ പരിശോധിക്കുമ്പോൾ ഹാൻസ് ജെ. മോർഗെന്തോയുടെ പരാമർശം ശ്രദ്ധിക്കേണ്ടതാണ്. അധികാരപ്രയോഗത്തിന് പലപ്പോഴും മാർഗ്ഗം പ്രശ്നമല്ലാതാകുന്നു. ലക്ഷ്യത്തിനാണ് പ്രാധാന്യമെങ്കിൽ വഴി ഇടുങ്ങിയതും ഇരുണ്ടതുമായിരിക്കും. പലമാർഗ്ഗങ്ങളിലൂടെ കടന്നുപോയി അധികാരം സ്ഥാപിക്കാം. വഞ്ചന-പരവഞ്ചനയും സ്വയവഞ്ചനയും അധികാരനിർവ്വഹണത്തിൽ അഭേദ്യമാണ്.[10] ജന്മിത്തരീതികണ്ട് ജീവിച്ച വാഴയിൽ കൃഷ്ണക്കുറുപ്പിന് നഷ്ടപ്പെട്ടതെല്ലാം പിടിച്ചെടുക്കണമായിരുന്നു. അതിനുള്ള പ്രവർത്തനത്തിനിടയിൽ മറ്റുള്ളവരെ വഞ്ചിക്കുകയും സ്വയം വഞ്ചിക്കപ്പെടുകയും ചെയ്യുന്നു.

കരപ്രമാണിയായ വാഴയിൽ കൃഷ്ണക്കുറുപ്പ് തന്റെ പ്രമാണിത്തത്തേയും കാരണവർസ്ഥാനത്തേയും വെല്ലുവിളിച്ചവരേയും ധിക്കരിച്ചവരേയും അവഗണിച്ചവരേയും പലവിധത്തിൽ ദ്രോഹിക്കുമായിരുന്നു. നഷ്ടപ്പെട്ട പ്രമാണിത്തം വീണ്ടെടുക്കാനുള്ള കൃഷ്ണക്കുറുപ്പിന്റെ പരിശ്രമമാണ് 'ത്യാഗിയായ ദ്രോഹി'യിൽ കാണുന്നത്.[11] വാഴയിൽ കുറുപ്പൻമാർ പണ്ടു മുതലേ കരപ്രമാണികളാണ്. പണ്ടത്തെ പ്രമാണിമാർ കൊല്ലുംകൊലയുമുള്ളവരായിരുന്നു. കാലംമാറിവന്നപ്പോൾ അതെല്ലാം ഇല്ലാതായെങ്കിലും പ്രമാണിത്തം അല്പം മാത്രമായിട്ടെങ്കിലും അംഗീകരിക്കപ്പെട്ടിരുന്നു. കല്യാണാടിയന്തിരങ്ങളിലും ഉത്സവത്തിനും മാത്രമേ പ്രമാണിത്തം ചെലവാകുകയുള്ളൂ. പ്രമാണിയെ കാണുമ്പോൾ എഴുന്നേറ്റ് ബഹുമാനിക്കുക എന്ന ചടങ്ങ് ചിലരെങ്കിലും ആചരിക്കാതിരിക്കുന്നില്ല. ചിലർ എഴുന്നേറ്റില്ലെങ്കിലും എഴുന്നേൽക്കുന്ന ഭാവം കാണിക്കുമായിരുന്നു. കൃഷ്ണക്കുറുപ്പ് കരപ്രമാണിയായപ്പോഴുള്ള സ്ഥിതി ഇതായിരുന്നു. പഴയ പ്രമാണിത്തത്തെ അവഗണിച്ചവരെ അയാൾ പലവിധത്തിൽ ദ്രോഹിക്കാൻ തുടങ്ങി. ഏതാനും ചട്ടമ്പിമാരെ പണംകൊടുത്ത് സ്വാധീനത്തിൽ വച്ചുകൊണ്ട് ശത്രുക്കളെ ദേഹോപദ്രവം ഏൽപ്പിച്ചു. തൻനിമിത്തം ഉണ്ടായ ക്രിമിനൽ കേസുകളിൽ അയാൾ പണം മുടക്കി വാദിച്ചു. ചട്ടമ്പിമാർ ചോദിക്കുമ്പോഴൊക്കെ പണം കൊടുത്തു.

ചിലരുടെ പേരിൽ മറ്റുചിലരെക്കൊണ്ട് സിവിൽകേസ് കൊടുപ്പിച്ചു. കൃഷ്ണക്കുറുപ്പിനെ കാണുമ്പോൾ ഇരിക്കുന്നവർ എഴുന്നേൽക്കാതിരുന്നാൽ ചട്ടമ്പിമാരെകൊണ്ട് തല്ലിക്കും. തലയിൽ കെട്ടിയിരിക്കുന്നതോ തോളിൽ ഇട്ടിരിക്കുന്നതോ ആയ മുണ്ടെടുത്ത് അയാളെ ബഹുമാനിക്കാത്തവരുടെ പേരിൽ ക്രിമിനൽ കേസോ സിവിൽകേസോ ഉണ്ടാകും. ബഹുമാനിച്ചാൽ പത്തുപറ നെല്ലോ പത്തുരൂപയോ കൊടുക്കും. അങ്ങനെ കുറുപ്പിനെ കബളിപ്പിച്ച് പലരും നെല്ലും രൂപയും വാങ്ങാറുണ്ട്.

കാരണവരുടെ പ്രമാണിത്തത്തിനുവേണ്ടി കുടുംബസ്വത്ത് അനിയന്ത്രിതമായി ഒഴുകിപ്പോകുന്നത് കണ്ടപ്പോൾ കുടുംബത്തിൽ എതിർപ്പ് തുടങ്ങി. തറവാട് ഭാഗിക്കണമെന്ന് അനന്തരവൻമാർ ആവശ്യപ്പെട്ടു. അവരുടെ വിദ്യാഭ്യാസത്തിനൊന്നും അയാൾ പണം ചെലവാക്കിയിരുന്നില്ല. വിദ്യാഭ്യാസ വൈരിയായിരുന്നു കുറുപ്പ്. കുട്ടികൾ എഴുതാനും വായിക്കാനും പഠിച്ചാൽ മതിയെന്ന് അഭിപ്രായപ്പെട്ടു. തന്റെ കാരണവർസ്ഥാനത്തെ ചോദ്യം ചെയ്യുന്ന അവസ്ഥ വന്നപ്പോൾ അയാൾ അടിയേറ്റ സർപ്പത്തേപ്പോലെ പത്തിവിടർത്തി. തറവാടുസ്വത്ത് ഭാഗിക്കാൻ തയ്യാറല്ലെന്ന് അയാൾ അറിയിച്ചു. എന്നാൽ അനന്തരവന്മാരുടെ നിർബന്ധത്താൽ ഭാഗം നടത്താൻ സമ്മതിച്ചു. തറവാട് അയാൾക്ക് നഷ്ടപ്പെട്ടു. ഭാഗാധാരത്തിൽ ഒപ്പിട്ടതിൽ പിന്നെ അവിടെ കാലുകുത്തില്ലെന്ന് ശപഥം ചെയ്തു. താമസിക്കാൻ വേറെ സ്ഥലമില്ലാത്തതിനാൽ ഭാര്യയ്ക്ക് കിട്ടിയ വീതത്തിലെ ചെറിയ പുരയിൽ താമസമാക്കി. ഒരു വലിയ വീട്ടിൽ, വമ്പിച്ച സ്വത്തിന്റെ ഭരണാധികാരിയായി, കരപ്രമാണിയായി കഴിഞ്ഞ കൃഷ്ണക്കുറുപ്പിന് ഭാര്യയുടെ സ്വത്തിൽ, ഒരു ചെറിയ വീട്ടിൽ കഴിയുക എന്നത് ചിന്തിക്കാനായില്ല. താങ്ങാനാവാത്ത അപമാനമായിരുന്നു അത്.

നഷ്ടപ്പെട്ടുപോയ അധികാരം വീണ്ടുകിട്ടാനായി അയാൾ സഹോദരിമാർക്കും മക്കൾക്കുമെതിരെ കേസു കൊടുക്കുന്നു. സ്വത്തുക്കൾ കൂടുതൽ ലഭിച്ചെങ്കിലും തറവാടു നഷ്ടപ്പെട്ടതിൽ അയാൾ അസന്തുഷ്ടനാണ്. മറ്റുള്ളവരുടെ നാശം കാണാൻ ആഗ്രഹിച്ച കുറുപ്പ് വസ്തുവകകൾ കുറഞ്ഞു

പോയി എന്ന ഭാവത്തിൽ സിവിൽ കേസ് കൊടുക്കുന്നു. ബാലിശമായ വാശി യോടെ കേസ് പറഞ്ഞ് കുടുംബം കുളംതോണ്ടുന്ന കാരണവരായിരുന്നു വാഴയിൽ കൃഷ്ണക്കുറുപ്പ്.[12] ഭാര്യയ്ക്കും മക്കൾക്കും ചെലവിനുകൊടുക്കാതെ വക്കീലിനും, ആശ്രിതർക്കും, കള്ളസാക്ഷിപറയാൻ വരുന്നവർക്കും ആവ ശ്യത്തിൽ കൂടുതൽ പണം നല്കി. എല്ലാവരേയും തകർക്കാനുള്ള ശ്രമ ത്തിൽ സ്വയം തകരുന്നത് പഴയ കരപ്രമാണി മനസ്സിലാക്കുന്നില്ല. 'തഹർക്കു മെടീ-അവൻമാരെയും അവളുമാരെയും ഞാൻ തഹർക്കും' എന്നു പറഞ്ഞു കൊണ്ട് അയാൾ ഒരു രാത്രി ഉറക്കമിളച്ച് ആധാരംനോക്കി 'ലാ പോയിന്റ്' കണ്ടുപിടിച്ച് വക്കീലിനെക്കൊണ്ട് കേസുകൊടുത്തു. വാഴയിൽ തറവാട്ടിലെ ഭാഗാധാരം തെറ്റാണെന്നും അത് അസ്ഥിരപ്പെടുത്തണമെന്നും വാദിച്ചു. രണ്ടാമത് ഭാഗം ചെയ്ത് കാരണവർക്ക് ഇഷ്ടമുള്ളത് എടുത്തിട്ട് ശേഷം വല്ലതുമുണ്ടെങ്കിൽ സഹോദരങ്ങൾക്ക് കൊടുക്കാം എന്നായിരുന്നു അയാ ളുടെ ചിന്ത. എന്നാൽ കുറുപ്പിന്റെ വക്കീൽ അത്ര കഴിവുള്ളവനായിരു ന്നില്ല. കുറുപ്പിനെ മനസ്സിലാക്കിയ വക്കീൽ കൂടുതൽ പണം ഈടാക്കുന്നു. കാതരുകുഞ്ഞും ഉണ്ണിപ്പിള്ളയും കുറേനാൾ കൃഷ്ണക്കുറുപ്പിനെക്കൊണ്ടു ജീവിച്ചു. കേസിന്റെ ആവശ്യത്തിന് അയാൾ തെങ്ങിൻതോപ്പുകൾ വില്ക്കാൻ തീരുമാനിച്ചു. എന്നാൽ വാങ്ങാൻ വന്നവരെയെല്ലാം കുടുംബമഹിമയുടെ പേര് പറഞ്ഞ് കളിയാക്കി വിടുകയാണുണ്ടായത്.

മരുമകൻ പ്രഭാകരനുപോലും കൊടുക്കാതെ കുറഞ്ഞ വിലയ്ക്കാണ് വിറ്റത്. കൂടെനിന്നവരെല്ലാം പണം കൈക്കലാക്കി കടന്നുപോയിട്ടും അയാൾക്കൊന്നും മനസ്സിലാകുന്നില്ല. അവർക്കെതിരെയും കേസുകൊടുത്ത് കുറേ പണം നഷ്ടപ്പെടുത്തി. ഒടുവിൽ സഹായിയായ ചന്ദ്രൻപിള്ളയുടെ ചതിയിൽ കുറുപ്പിന് ജീവൻ നഷ്ടപ്പെടുന്നു.

ജീവിച്ചിരിക്കുമ്പോൾ സാധിക്കാത്ത കാര്യം മരിച്ചാൽ സാധിക്കുമെന്ന ചന്ദ്രൻപിള്ളയുടെ വാക്കിൽ വിശ്വസിച്ച് അയാൾ മരിക്കാൻ തീരുമാനിച്ചു.

സ്വത്തുക്കളും വസ്തുവകകളുമെല്ലാം വിറ്റു. കൈയിലുള്ള പണമെല്ലാം തീർന്നു. കേസുനടത്താൻ ഇനി കഴിയില്ല. എങ്കിലും തോൽക്കാൻ മനസ്സില്ലാത്ത അയാൾ ജീവിച്ചിരിക്കുമ്പോൾ ബന്ധുക്കളെ തകർക്കാൻ കഴിയില്ലെന്നു മനസ്സിലാക്കി വിഷംകഴിച്ച് ആത്മഹത്യ ചെയ്യുന്നു. തനിക്ക് ശത്രുതയുള്ളവരുടെ പേരുകൾ മുഴുവനും ആത്മഹത്യാകുറിപ്പിൽ എഴുതിവച്ചു. "പ്രതികളെല്ലാം ബലമായി പിടിച്ചു നിറുത്തി ഒരു കുപ്പി വിഷം വായിൽ ഒഴിച്ചു തന്നു, വായ് പൊത്തിപ്പിടിച്ചു. അതുകൊണ്ട് താൻ അപ്പോൾതന്നെ മരിച്ചുപോയി". ഇപ്രകാരം ഒരു കത്തെഴുതി സ്വയം പരിഹാസ്യനായിത്തീർന്നു കൃഷ്ണക്കുറുപ്പ്. പ്രതികളെ അറസ്റ്റുചെയ്ത് കേസെടുത്ത് എല്ലാവരേയും തൂക്കിക്കൊന്ന് തനിക്ക് സങ്കടനിവൃത്തി തരുമാറാകണമെന്നും കത്തിൽ ഉൾപ്പെടുത്തി. കുതന്ത്രങ്ങളുടെ കൂത്തരങ്ങായിരുന്ന കുറുപ്പിന്റെ മനസ്സ് ദുരനുഭവങ്ങൾ ഏറെ വന്നിട്ടും ഒന്നും മനസ്സിലാക്കുന്നില്ല. ഒടുവിൽ മറ്റൊരാളുടെ കുതന്ത്രത്തിൽ ജീവൻ നഷ്ടപ്പെടുത്തേണ്ടിയും വന്നു. ഞാനെന്നഭാവത്തിന്റെ പതനവും മാറിയകാലത്തിന്റെ അവസ്ഥകളും കൂട്ടിയിണക്കിയാണ് 'ത്യാഗിയായ ഒരു ദ്രോഹി'യുടെ കഥ[13] കേശവദേവ് പറഞ്ഞത്.

അധികാരത്തിന്റെ രുചിഭേദങ്ങൾ കാരണവർ അറിഞ്ഞത് പ്രാമാണിത്തത്തിലൂടെയാണ്. തന്റെ കാലമായപ്പോഴേക്ക് എല്ലാം നഷ്ടപ്പെട്ടെങ്കിലും അതംഗീകരിച്ചുകൊടുക്കാൻ അയാൾക്ക് കഴിയുന്നില്ല. സമൂഹത്തിന്റെ ദൃഷ്ടിയിൽ അധികാരത്തിന്റെ കളത്തിന് പുറത്തുനിൽക്കുകയാണ് എങ്കിലും മനസ്സുകൊണ്ട് അയാൾ അധികാരത്തിന്റെ സ്വാദ് അനുഭവിക്കുന്നു. അത് ലഭിക്കാതെ വരുമ്പോഴാണ് പ്രതികരിക്കുന്നത്. അതിനെതിരെ നില്ക്കുന്നവരെ പഴയകാലത്ത് ചെയ്തതുപോലെ ഉപദ്രവിക്കുന്നു. അധികാരശക്തികൊണ്ട് ഇപ്പോഴും അതൊക്കെ ചെയ്യാമെന്നു കരുതുന്നത് സാമൂഹ്യമാറ്റങ്ങളെക്കുറിച്ചുള്ള അജ്ഞതകൊണ്ടാണ്. സ്വയം പ്രമാണിത്തം നേടാൻ നോക്കുമ്പോൾ പലപ്പോഴും പരിഹാസ്യനായിത്തീരുന്നു. അതിനുവേണ്ടി പണം മുടക്കി ഒടു

വിൽ അയാൾ ദരിദ്രനാവുകയാണ്. ആസുരമായ വാശിയിൽ കുടുംബാംഗങ്ങളെ നശിപ്പിക്കാൻ ശ്രമിക്കുമ്പോൾ നശിക്കുന്നത് അയാൾ തന്നെയാണ്. മനസ്സും ശരീരവും ദുർബലപ്പെടുമ്പോഴും അയാളിലെ അധികാരഭാവം ശക്തിയോടെ പ്രതികരിക്കുന്നു.

കുടുംബകാര്യങ്ങളിൽ കുറുപ്പിന് അശേഷം ശ്രദ്ധയില്ല. മക്കളുടെ പഠനം, അവരുടെ ഭാവി, പെൺമക്കളുടെ വിവാഹം ഇതൊക്കെ അധികാരഭ്രാന്തിനിടെ വിസ്മരിച്ചുപോകുന്ന ഉത്തരവാദിത്വങ്ങളാണ്. കടമകൾ ചെയ്തു തീർക്കാൻ വളരെയേറെയുള്ളപ്പോഴും അതൊന്നും ശ്രദ്ധിക്കുന്നതേയില്ല. അടിസ്ഥാനപരമായി കുറുപ്പിലെ അധികാരഭാവം സ്വാർത്ഥത നിറഞ്ഞതാണ്. അധികാരം നടപ്പിലാക്കാൻ ശ്രമിക്കുന്നതിനിടെ നഷ്ടമാക്കിക്കളയുന്ന മുതൽ ഭാര്യയ്ക്കും മക്കൾക്കും കൂടി അനുഭവിക്കാനുള്ളതാണ്. ചട്ടമ്പിമാരെ തീറ്റിപ്പോറ്റിയും തന്നെ ബഹുമാനിക്കുന്നവർക്ക് വെറുതെകൊടുത്തും പണം പാഴാക്കികളയുന്നു. കാരണവൻമാരായി ഉണ്ടാക്കിവച്ചതൊക്കെ ചെലവാക്കിത്തീർക്കുകയാണ്. സ്വന്തം കാലത്ത് ഒരു രൂപയുടെ മുതലുപോലും അധ്വാനിച്ച് ഉണ്ടാക്കുന്നില്ല. അയാളുടെ ചിന്തപോലും മറ്റുള്ളവരോട് പ്രതികാരം തീർക്കാനാണ് ഉപയോഗിക്കുന്നത്. അനേകർ തന്നെ ചൂഷണം ചെയ്തിട്ടും അതു മനസ്സിലാക്കാനോ അംഗീകരിക്കാനോ, അതിൽ നിന്ന് മാറി ജീവിക്കാനോ അയാൾക്ക് ആകുന്നില്ല. അധികാരത്തിന്റെ നശീകരണഭാവം വാഴയിൽ കൃഷ്ണക്കുറിപ്പിനെ ബാധിച്ചിരിക്കുന്ന ഒരു ദുരാത്മാവാണ്. അത് ജീവിതത്തെ നശിപ്പിച്ചുകൊണ്ടാണ് അയാളിൽ നിന്ന് വിട്ടുപോകുന്നത്. അധികാരത്തിന്റെ അനുഗ്രഹശക്തിയേക്കാൾ നിഗ്രഹശക്തിയിൽ വിശ്വാസമർപ്പിക്കുകയാണ്[14] കുറുപ്പ്. അന്യരെ ഉപദ്രവിക്കുന്നതിലൂടെയും വേദനിപ്പിക്കുന്നതിലൂടെയും ആനന്ദം കണ്ടെത്തുന്നു. അഥവാ തന്റെ സാന്നിധ്യം മറ്റുള്ളവർക്ക് ബോധ്യപ്പെടുത്തിക്കൊടുക്കുന്നു. അധികാരദുർവിനിയോഗത്തിന്റെ പ്രശ്നമാണത്. ആത്മാവധാരണ(Self assertion) ത്തിലൂടെ അധികാരദുർവിനിയോഗം നടത്തുകയാണ് വാഴയിൽ കൃഷ്ണക്കുറുപ്പ്.

അയൽക്കാരിൽ ജന്മിത്തം പിൻതുടരുന്നത് പത്മനാഭപിള്ളയാണ്. കുഞ്ഞനുമായുള്ള ബന്ധം ജൻമികുടിയാൻ ബന്ധമല്ല. അദൃശ്യമായ ഒരു യജമാനബന്ധം അവർക്കിടയിലുണ്ടായിരുന്നു. മംഗലശ്ശേരിയിലെ എല്ലാക്കാര്യങ്ങളും നോക്കിനടത്തുന്നത് കുഞ്ഞനായിരുന്നു. നോവലിന്റെ മുഖവുരയിൽ ഇപ്രകാരം പറയുന്നു. കുഞ്ഞനെ അല്പമൊന്ന് ഊതി വീർപ്പിച്ചിട്ടുണ്ട്. തെല്ലൊരസാധാരണത്വമുണ്ട് കുഞ്ഞനിൽ.[15] മംഗലശ്ശേരിയിൽ വന്നു കയറിയ അയാൾ തറവാട്ടിൽ അലിഞ്ഞു ചേർന്നു. തറവാടിന്റെ അഭിവൃദ്ധി സ്വന്തം അഭിവൃദ്ധിയായും നാശം സ്വന്തം നാശമായും കരുതി. തറവാട്ടിൽ കുഞ്ഞനുള്ള അവകാശം സ്വയം നേടിയെടുത്തതാണ്. അവിടെയുള്ള എല്ലാകാര്യങ്ങളിലും ശ്രദ്ധകൊടുത്ത് കാരണവർക്ക് പ്രിയിപ്പെട്ടവനായി. അതുകൊണ്ടു തന്നെ മറ്റ് പണിക്കാർക്ക് കുഞ്ഞനോട് ദേഷ്യമായിരുന്നു. അയാളെ ഒരു സമയത്തും വെറുതേ ഇരിക്കുന്നതായി കാണുന്നില്ല. രാവിലെ കന്നുകാലികളുടെ ശുശ്രൂഷയും കൃഷിനോട്ടവും കഴിഞ്ഞാൽ പിന്നെ ആ വീട്ടിൽ എന്തു ജോലികണ്ടാലും ആരുടേയും ആജ്ഞയേയും നിർദ്ദേശത്തേയും കാത്തു നിൽക്കാതെ എല്ലാം ചെയ്തുതീർക്കും. ജോലി ചെയ്യുമ്പോൾ മറ്റാരെങ്കിലും ശാസിക്കുന്നതോ ഇടപെടുന്നതോ ഇഷ്ടമല്ല. ഏതുജോലിയും വൃത്തിയായി ചെയ്യണമെന്നും തീർത്തുചെയ്യണമെന്നും കുഞ്ഞന് നിർബന്ധമുണ്ട്.

വർഷങ്ങൾ കഴിഞ്ഞപ്പോൾ കുഞ്ഞനില്ലാതെ മംഗലശ്ശേരിയിൽ ഒരു കാര്യവും നടക്കില്ലെന്നു വന്നു. കുഞ്ഞന്റെ നിർദ്ദേശങ്ങൾ ആജ്ഞകളായി പരിഗണിക്കപ്പെട്ടു. പച്ചാഴിക്കാർ കുഞ്ഞനെ മംഗലശ്ശേരിയിൽ നിന്ന് പുറത്താക്കാൻ കരയോഗത്തിൽ പ്രശ്നമുണ്ടാക്കി. എന്നാൽ കാരണവർ അതിനു തയ്യാറായില്ല. കുഞ്ഞൻ വീണ്ടും മംഗലശ്ശേരി തറവാട്ടിലെ കാര്യങ്ങൾ കൃത്യതയോടെ ചെയ്തുകൊണ്ടിരുന്നു. പത്മനാഭപിള്ള പച്ചാഴിയിലെ ദേവകിയമ്മയെ വിവാഹം ചെയ്യുന്നത് കുഞ്ഞന് ഇഷ്ടമായില്ല. സഹോദരങ്ങളുടെ മാറ്റക്കല്ല്യാണത്തെ കുഞ്ഞൻ എതിർത്തെങ്കിലും ഫലമുണ്ടായില്ല. വിവാഹശേഷം ഭർത്താക്കന്മാർ സ്വർണ്ണവും പുരയിടങ്ങളിലെ തേങ്ങയും മറ്റും വിറ്റ്

കള്ളുകുടിക്കുന്നത് അറിഞ്ഞ കുഞ്ഞൻ കാരണവരെ ഒന്നും അറിയിക്കാതെ പരിഹരിക്കാൻ നോക്കി. പച്ചാഴിയിലേക്ക് ദേവകിയമ്മ മകനേയുംകൊണ്ട് പോയപ്പോൾ കുഞ്ഞൻ കാരണവരെ ആശ്വസിപ്പിച്ചു. എന്നാൽ ദേവകിയമ്മ കുഞ്ഞനെക്കുറിച്ച് അപഖ്യാതി പറഞ്ഞുണ്ടാക്കിയപ്പോൾ ദുഃഖിച്ചിരിക്കുന്ന കാരണവരെക്കണ്ട് അയാൾ വേദനിച്ചു. ഉള്ളിലുള്ളവേദന പുറത്തുകാട്ടാതെ പൂമുഖത്ത് ചാരുകസേരയിലിരിക്കുന്ന കൊച്ചമ്പ്രാനേയും, സ്വന്തം വീടിനേയും നോക്കിയിട്ട് പടിപ്പുരകടന്ന് അതിവേഗം നടന്നുപോയി. നാട്ടുകാർ എതിർക്കുന്നത് അയാൾ സഹിച്ചു. പക്ഷെ മംഗലശ്ശേരിയിലെ ഒരംഗം അവഗണിച്ചാൽ, സംശയിച്ചാൽ, അയാളത് പൊറുക്കുകയില്ല.

സന്യാസിയായി ഊരുചുറ്റുമ്പോഴും തറവാടിനെക്കുറിച്ചുമാത്രമായിരുന്നു കുഞ്ഞന്റെ ചിന്ത. തിരികെ വന്നപ്പോൾ തറവാട് ക്ഷയിച്ചതായിക്കണ്ട് അസ്വസ്ഥനും ദുഃഖിതനുമായി സുമതിയമ്മയോട് പറഞ്ഞു, "എനിക്കെപ്പഴും ഇവിടുത്തെ വിചാരമാ. എന്റെ കൊച്ചമ്പ്രാനും കൊച്ച്യമ്പ്രാട്ടിമാരും. വല്ല്യമ്പ്രാട്ടി മരിക്കണേനുമുമ്പ് എന്നോട് പറഞ്ഞു, കുഞ്ഞാ എന്റെ കൊച്ചുങ്ങളെ നോക്കിക്കൊള്ളണേന്ന് എന്നിട്ട് ഞാൻ ഇട്ടെറിഞ്ഞേച്ച് പോയല്ലോന്നൊരു വിചാരം. ഞാനുണ്ടായിരുന്നെങ്കിൽ തറവാട്ടു മുതലൊന്നും നശിപ്പിക്കത്തില്ലായിരുന്നു. വഴക്കും ലഹളേം ഒണ്ടാവത്തില്ലായിരുന്നു. എന്റെ കൊച്ചമ്പ്രാട്ടിക്കിങ്ങനെയൊന്നും വരത്തില്ലായിരുന്നു. തറവാടു മുടിഞ്ഞാലും തെണ്ടിത്തിന്നാലും ഇതു വേണ്ടായിരുന്നു. കേറാൻ പാടില്ലാത്തിടത്ത് കേറരുത്. തൊടാൻ പാടില്ലാത്തത് തൊടരുത്. തിന്നാൻ പാടില്ലാത്തത് തിന്നരുത്. കൊച്ചമ്പ്രാനിതറിഞ്ഞാൽ പിന്നെ ജീവിച്ചിരിക്കുമോ? മംഗലശ്ശേരിയിലെ കൊച്ചമ്പ്രാട്ടിക്ക് ഉഷ്ണപ്പുണ്ണു പിടിച്ചെന്നറിഞ്ഞാ എന്റെ കൊച്ചമ്പ്രാൻ പിന്നെ ജീവിച്ചിരിക്കില്ല". തറവാടിനോടുള്ള കുഞ്ഞന്റെ അതിരറ്റ സ്നേഹമാണീ വാക്കുകളിൽ തെളിയുന്നത്. സുമതിയമ്മയ്ക്കല്ലാതെ തറവാട്ടിലെ മറ്റാർക്കും അയാൾ വെളിപ്പെട്ടില്ല. സന്യാസിയായിത്തന്നെ പത്മനാഭപിള്ള ജയിലിൽ നിന്നു വരും വരെ അവിടെ കഴിഞ്ഞു. കുഞ്ഞന്റെ അഭാവമാണ് മംഗലശ്ശേരിയുടെ

തകർച്ചയ്ക്ക് കാരണം. വേണ്ടസമയത്ത് കാരണവർക്ക് ഉപദേശം കൊടുക്കാൻ ആരുമുണ്ടായില്ല. കുഞ്ഞുവറീതിന്റെ വളർച്ചയുടെ കാലഘട്ടങ്ങളിൽ കുഞ്ഞൻ മംഗലശ്ശേരിയിലുണ്ടാവേണ്ടതായിരുന്നു. രോഗവും മരണവും മംഗലശ്ശേരിയിൽ നിറഞ്ഞുനിന്നപ്പോഴും, കാരണവർ കേസിൽ അകപ്പെട്ട് ജയിലിൽ പോയപ്പോഴും കുഞ്ഞന്റെ അഭാവം ശ്രദ്ധിക്കപ്പെട്ടു. നായർ പൗരുഷം നിറഞ്ഞ കാരണവരെന്ന കഥാപാത്രം യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാനോ ഏറ്റുമുട്ടാനോ തയ്യാറാകാതെ കാശിക്കുപോവുകയാണ് ചെയ്തത്.[16] അവസാനം കാരണവരെ 'തൊഴുത്തിൽ കെട്ടാതെ' കുഞ്ഞൻ അവിടെനിന്നും രക്ഷപ്പെടുത്തി.

യജമാനസ്നേഹം നിറഞ്ഞു നിൽക്കുന്ന കഥാപാത്രമാണ് കണ്ടൻ പുലയൻ. കാരണവർ ജയിലിൽനിന്നു തിരിച്ചുവന്നപ്പോൾ അയാൾ കാണാൻ വന്നു. പണ്ടത്തെപ്പോലെ കൃഷിയിറക്കണമെന്നും തമ്പ്രാൻ കണ്ടത്തിന്റെ വരമ്പത്ത് കുടയും പിടിച്ചു വെറുതെ നിന്നാൽ മതി എന്നും പറഞ്ഞു. കാരണവർക്ക് അതിന് താത്പര്യമില്ലായിരുന്നു. കൃഷിക്കാവശ്യമുള്ളതെല്ലാം താൻ സംഘടിപ്പിച്ചുകൊള്ളാമെന്ന് അയാൾ ഏറ്റു. കുഞ്ഞൻകൂടി വേണമായിരുന്നുവെന്ന് കണ്ടപ്പുലയൻ ആഗ്രഹിച്ചു. കണ്ടപ്പുലയന്റെ ആത്മാർത്ഥമായ ആഗ്രഹമായിരുന്നു. വല്ല്യമ്പ്രാന്റെ നോട്ടത്തിൽ ഒരിക്കൽക്കൂടി കൃഷിയിറക്കുക എന്നത്. പഴയ ഓർമ്മകൾ അയവിറക്കാനുള്ള ഒരവസരം. ആ ആഗ്രഹത്തിനു പിന്നിൽ വലിയ പ്രതീക്ഷകളുണ്ടായിരുന്നു. നഷ്ടപ്പെട്ട മുതലെല്ലാം വീണ്ടെടുത്ത് പത്മനാഭപിള്ള പഴയതുപോലെ പ്രതാപിയായ കാരണവരാകുമെന്ന പ്രതീക്ഷ. അങ്ങനെ പണ്ടത്തെപ്പോലെ മംഗലശ്ശേരിക്കാരണവരുടെ രക്ഷാധികാര്യത്തിൽ കണ്ടമ്പുലയൻ തലപ്പുലയനായി നിന്ന് കൃഷിനടത്തുവാൻ കഴിയുമെന്ന് അയാൾ വിശ്വസിച്ചു. കണ്ടത്തിന്റെ വരമ്പിൽച്ചെന്ന് കാരണവർ ചുറ്റും നോക്കി. കണ്ടമ്പുലയന്റെ ഉത്സാഹം വർദ്ധിച്ചു. വയലിന്റെ പലഭാഗത്തു നിന്നിരുന്ന വേലക്കാരെല്ലാം പത്മനാഭപിള്ളയെ കണ്ടു. അവർ സ്നേഹത്തോടും ആദരവോടും കൂടി അദ്ദേഹത്തിന്റെ അടുത്തുചെന്നു.

അവരെല്ലാം പണ്ട് അദ്ദേഹത്തിന്റെ വേലക്കാരായിരുന്നു. 'പൊലത്തേക്ക്' എന്നു പറയുന്ന ഉച്ചഭക്ഷണത്തെപ്പറ്റി കണ്ടമ്പുലയൻ പറഞ്ഞു. ആ നാട്ടിൽ മംഗലശ്ശേരിയിൽ നിന്നല്ലാതെ മറ്റൊരു വീട്ടിൽനിന്നും അത്രസമൃദ്ധമായ ഉച്ച ഭക്ഷണം അവർക്ക് കിട്ടാറില്ല. വയൽവരമ്പിൽ നിന്ന് ഓർമ്മകൾ അയവിറക്കി ചാത്തമ്പുലയൻ പറഞ്ഞു 'കാശും പുത്തനും തന്നതെല്ലാം മറക്കും. പക്ഷെ ചോറും കറീം ഒരിക്കലും മറക്കാൻ പറ്റത്തില്ല'. കേട്ടുനിന്ന കണ്ടമ്പുലയൻ ആത്മവിശ്വസത്തോടെ പറഞ്ഞു. ദൈവന്തമ്പുരാനുണ്ടെങ്കിൽ ഇനീം നമ്മൾ പൊലത്തേക്ക് കുടിക്കും. പത്മനാഭപിള്ള ഒന്നും പറയാതെ എല്ലാം കേട്ടു നിന്നു. കഴിഞ്ഞകാലത്തേക്കുറിച്ചുള്ള ഓർമ്മകൾ കാരണവരെ വേദനിപ്പിച്ചു.

കാരണവരും കണ്ടമ്പുലയനും തമ്മിലുള്ള ബന്ധത്തിൽ യജമാനനും ആശ്രിതനും എന്ന കെട്ടുപാടിനേക്കാൾ മറ്റെന്തോ ഉണ്ടായിരുന്നു. യഥാർത്ഥ സ്നേഹബന്ധം തന്നെയായിരുന്നു അത്. ഉയർച്ചകളിൽ കൂടെ നിൽക്കുന്ന, തകർച്ചകളിൽ പിൻമാറുകയും ചെയ്യുന്ന, ലാഭം മാത്രം നോക്കുന്നവരുടെ കൂട്ടത്തിൽപ്പെട്ടയാളല്ല കണ്ടമ്പുലയൻ. കറതീർന്ന യജമാനസ്നേഹമുള്ള ഒരു സാധാരണ ജോലിക്കാരൻ. അയാളോ അയാളെപ്പോലെയുള്ളവരോ ആണ് പത്മനാഭപിള്ളയെ കാരണവരാക്കി ഇരുത്തിയത്. അതുകൊണ്ടുത ന്നെയാണ് പത്മനാഭപിള്ളയുടെ ഇല്ലായ്മയിലും പഴയതുപോലെ വല്ല്യമ്പ്രാ നായി കണ്ടമ്പുലയൻ കാണുന്നത്. പച്ചയായ ജീവിതത്തെ നോവലിനു വിഷ യമാക്കാമെന്നും സമൂഹത്തിന്റെ ഏതുതട്ടിലുള്ളവരുടേയും ജീവിതം നോവലിൽ ആവിഷ്ക്കരിക്കാമെന്നും ദേവ് കാട്ടിത്തന്നു. താഴെത്തട്ടിലുള്ള വരുടെ ആത്മാഭിമാനവും കർമ്മവീര്യവും ഉണർത്താൻ നോവലിനു സാധി ക്കുമെന്ന് 'അയൽക്കാർ' തെളിയിച്ചു.[17]

ജൻമിത്തവ്യവസ്ഥിതിയുടെ ഏറ്റവും ലളിതമായ രൂപഭാവങ്ങൾ പത്മ നാഭപിള്ളക്കാരണവരിലും കാണാം. അയാളെ ആ അവസ്ഥയിൽ നില നിർത്തുന്നത് കുഞ്ഞനും കണ്ടമ്പുലയനും മറ്റുമാണ്. കുടുംബബന്ധങ്ങളും സാമൂഹ്യമായ ബന്ധങ്ങളും കാരണവരിലെ ജൻമിത്തഭാവത്തിന് അല്പം

ഗാംഭീര്യം നൽകുന്നു. സഹോദരങ്ങളോടുള്ള സഹജമായ സ്നേഹഭാവം സമൂഹത്തിലേക്കും വ്യാപിപ്പിക്കാൻ കാരണവർക്കു കഴിയുന്നു. അധികാരത്തിന്റെ മറ്റൊരു രൂപമായി നോവലിൽ പ്രത്യക്ഷപ്പെടുന്ന കുഞ്ഞൻ കാരണവരുടെ ശബ്ദമായി മാറുന്നു. അയാൾ കുടുംബത്ത് നടപ്പിലാക്കുന്ന പരിഷ്കാരങ്ങൾ കാരണവരുടെ താത്പര്യപ്രകാരമാണ്. അതിനുള്ള അധികാരം കുഞ്ഞന് കാരണവർ നൽകിയിട്ടുണ്ട്. ആ അറിവാണ് കുഞ്ഞനെക്കൊണ്ട് മംഗലശ്ശേരി തറവാട്ടിലെ കാര്യങ്ങൾ ചിട്ടയോടെ ചെയ്യിപ്പിക്കുന്നത്. താൻ അധികാരം പ്രയോഗിക്കുമ്പോൾ അതിലൂടെ കാരണവരുടെ അധികാരഭാവം സംരക്ഷിക്കപ്പെടും എന്ന് കുഞ്ഞനറിയാം. കണ്ടമ്പുലയൻ കാരണവരോട് ആവശ്യപ്പെടുന്നതും അതുതന്നെയാണ്. ആ സ്ഥാനം ഒന്നു വീണ്ടെടുക്കുക, അതിൽത്തന്നെ നിൽക്കുക, ആ തണലിൽ ഞങ്ങൾക്ക് ചെയ്യാൻ പലതുമുണ്ട്. ജൻമിത്തം ഇവിടെ പീഡനോപാധിയാകുന്നില്ല. അതിനു കീഴ്പ്പെട്ടു ജീവിക്കുന്നവർ തന്നെ അത് വേണമെന്ന് ആഗ്രഹിക്കുന്നു. വിധേയത്വം അധികാരത്തിന്റെ ഭാഗമായി മാറുന്നതിനാലാണ് ഇപ്രകാരം ഒരഭിപ്രായം ഉണ്ടാകുന്നത്. മറ്റൊരാളെ സ്വാധീനിക്കത്തക്കവണ്ണം ആ വ്യക്തിയുടെ ചിന്തകളെയോ ആഗ്രഹങ്ങളേയോ ആവശ്യങ്ങളേയോ രൂപപ്പെടുത്താനുള്ള പ്രേരകശക്തിയാണ് അധികാരം എന്നു വരുന്നു.[18]

**ജന്മിത്തവ്യവസ്ഥയുടെ തകർച്ച**

ചൂഷണത്തിന്റെ ഏറ്റവും ആദിമവും പ്രത്യേകവുമായ രൂപമായിരുന്നു ഫ്യൂഡലിസം. ഏറെക്കാലമായി കേരളത്തിൽ നിലനിന്നിരുന്ന ഈ വ്യവസ്ഥിതിയുടെ ഭിന്നമുഖങ്ങൾ പലകൃതികളിലും പ്രതിഫലിച്ചിട്ടുണ്ട്. അധ്വാനിക്കുന്നവരുടെ അധ്വാനശേഷി വിലയ്ക്കുവാങ്ങുന്ന മുതലാളിത്ത വ്യവസ്ഥ ശക്തിപ്രാപിച്ചതോടെ ഫ്യൂഡലിസം മിക്കവാറും ഇല്ലാതായി. താമസിക്കാനിടവും ജോലിചെയ്തു ജീവിക്കാൻ അവസരവും ഒരുക്കിത്തന്ന ജൻമിസ്വരൂപത്തെ ദൈവമായിക്കരുതിയ കുടികിടപ്പുകാരൻ കാലം കഴിഞ്ഞപ്പോൾ

ജൻമിത്തത്തിന്റെ നിലനിൽപ്പ് തങ്ങളുടെ അധ്വാനത്തിലൂടെയാണെന്നു മന സ്സിലാക്കുന്നു. വ്യത്യസ്തതലങ്ങളിലായി തങ്ങൾക്കു ലഭിക്കേണ്ടുന്ന സ്വാത ന്ത്ര്യവും അർഹതപ്പെട്ട കൂലിയും അവർ ആവശ്യപ്പെട്ടു. മുതലാളിത്ത വ്യവസ്ഥ ആരംഭിക്കുമ്പോൾ അവസാനിക്കുന്ന ഫ്യൂഡലിസത്തിൽ ആശ്രി തരായിരുന്നവർ പ്രതികരിക്കുന്നത് വളരെ ശക്തമായാണ്. സമൂഹത്തിലെ ഭൗതികമായ ഉത്പാദനശക്തികൾ, അവയുടെ വളർച്ചയുടെ ഒരു പ്രത്യേക ഘട്ടത്തിൽ അതുവരെ പ്രവർത്തിച്ചുകൊണ്ടിരുന്ന ചട്ടക്കൂടിൽനിന്നു മാറി നിലവിലുള്ള ഉത്പാദന ബന്ധങ്ങളുമായി-ജൻമികൾ, മുതലാളികൾ - ഏറ്റു മുട്ടുന്നു. ഈ അവസ്ഥയിലാണ് സാമൂഹികവിപ്ലവം ഉണ്ടാകുന്നത്. സാമ്പ ത്തികമായ ഉത്പാദനസാഹചര്യങ്ങളിൽ വരുന്ന മാറ്റങ്ങളും അവയുടെ രാഷ്ട്രീയമോ മതപരമോ ദാർശനികമോ ആയ രൂപങ്ങൾ തമ്മിൽ അത്തരം മാറ്റങ്ങൾ പ്രകടമാണ്. ആശയപരമായ രീതിയിൽ മനുഷ്യർ തമ്മിൽ സംഘ ട്ടനം നടത്തുന്നത് ഉത്പാദനരംഗത്ത് സംഭവിക്കുന്ന അന്തരത്തിലാണ്. ഭൗതി കജീവിതത്തിലെ വൈരുദ്ധ്യങ്ങളുടെ അടിസ്ഥാനത്തിൽ സാമൂഹികമായ ഉത്പാദനശക്തികളും ഉത്പാദനബന്ധങ്ങളും സംഘട്ടനം നടക്കുമ്പോൾ സമൂ ഹത്തിന്റെ ഒരു പുനഃസംഘടനയിലോ വർഗ്ഗങ്ങളുടെ കുടിയാൻ, തൊഴിലാളി- പൊതുനാശത്തിലോ കലാശിക്കുന്നു. അനുസരണയില്ലായ്മയും ഫലപ്രദ മായ അനുജ്ഞയിലാശ്രയിച്ച് മറ്റൊരാളുടെമേൽ സ്വന്തം ഇച്ഛാശക്തി നിർബ ന്ധപൂർവ്വം ഏൽപ്പിക്കുന്ന പ്രവർത്തനശേഷിയാണ് അധികാരം എന്നു വരുന്നു.[19]

മനുഷ്യനിലെ മനുഷ്യത്വത്തെ അന്വേഷിക്കുവാൻ എഴുത്തുകാരെ പ്രചോദിപ്പിക്കുന്നത് മാർക്സിസ്റ്റു ചിന്തകളാണ്. മർദ്ദിതവർഗ്ഗത്തിന്റെ ജീവി തത്തിലേക്ക് വെളിച്ചം തെളിച്ച് സഹജാവബോധത്തിന്റെയും മാനവികതയു ടെയും അന്തരീക്ഷം നിലനിർത്താൻ മാർക്സിസ്റ്റ് നിരീക്ഷണത്തിന്റെ സ്വാധീ നതയിൽപ്പെട്ട എഴുത്തുകാർക്ക് കഴിഞ്ഞു. സമൂഹത്തിന്റെ ഉന്നതവർഗ്ഗ

ത്തിൽപ്പെട്ടവരെ കഥാപാത്രങ്ങളാക്കി സാഹിത്യസൃഷ്ടികൾ നടത്തുക എന്ന പ്രവണത ഇല്ലാതായി. ഉന്നതസ്ഥാനമോ വലിയ വിദ്യാഭ്യാസമോ ഇല്ലാത്ത, അഭിജാതവർഗ്ഗത്തിൽ ജനിക്കാത്ത, വെറും സാധാരണക്കാരുടെ നൊമ്പരങ്ങളും ജീവിതയാതനകളും പലകൃതികളുടെയും വിഷയമായി. സമൂഹത്തിന്റെ ഉയർച്ച മുന്നിൽക്കണ്ട നവോത്ഥാനകാലസാഹിത്യകാരൻമാർ ജൻമികൾക്കും മുതലാളിമാർക്കും വേണ്ടി ജീവിതം ഹോമിച്ച നിസ്സഹായരായവരുടെ ജീവിതചിത്രണം തങ്ങളുടെ കൃതികളിൽ നടത്തി. അങ്ങനെ അവരെ സമൂഹമനസ്സിന്റെ മുന്നിൽ കൊണ്ടെത്തിച്ചു. തൽഫലമായി സമൂഹത്തിന്റെ താഴെക്കിടയിൽ മർദ്ദനവും ചൂഷണവും സഹിച്ച് അവഗണിക്കപ്പെട്ടുകിടന്നവർ നായക കഥാപാത്രങ്ങളായി നോവലുകളിൽ പ്രത്യക്ഷപ്പെട്ടു. കാലത്തിന്റെ ചവിട്ടേറ്റിട്ടും ഉണരാതിരുന്ന ഫ്യൂഡൽ വ്യവസ്ഥയുടെ മേൽ ശക്തമായി ചൂരൽ പ്രയോഗം നടത്തി നവോത്ഥാനകാല നോവലിസ്റ്റുകൾ.[20] തകരുന്ന ഫ്യൂഡൽ വ്യവസ്ഥയും മദിച്ചുയരുന്ന മൂല്യനിഷേധിയായ മുതലാളിത്തവും അടിമത്ത ചിന്താഗതിയിൽ നിന്നും ഉയർന്ന വിപ്ലവവീര്യത്തിലേക്ക് മുന്നേറുന്ന തൊഴിലാളിവർഗ്ഗചരിത്രവും നവോത്ഥാനകാലത്ത് സാഹിത്യകാരൻന്മാർ നോവലിനു വിഷയമാക്കി.

കേശവദേവ്, തനിക്കു പൊരുത്തപ്പെടാനാകാത്ത ഫ്യൂഡലിസത്തെ സുധീരമായി എതിർത്തു. ഫ്യൂഡലിസത്തോടുള്ള എതിർപ്പ് സ്വന്തം ഭവനത്തിൽനിന്നു തന്നെ അദ്ദേഹം തുടങ്ങി. ബാല്യത്തിൽ അച്ഛന്റെ തറവാട്ടിൽ അവധി ആഘോഷിക്കാനെത്തിയ കേശവന് മോശപ്പെട്ട അനുഭവം ഉണ്ടായി. കേശവന്റെ അച്ഛൻ അപ്പുപിള്ള നാട്ടിലുള്ള നമ്പൂതിരിയുടെ ആശ്രിതനാണ്. നമ്പൂതിരിയുടെ മകൻ അച്ഛനെ അപ്പുപിള്ളയെന്ന് പേരുവിളിക്കുന്നതുകേട്ട് കേശവൻ പ്രതികരിച്ചു. അവൻ ഒരു കല്ലെടുത്ത് ഉണ്ണിനമ്പൂതിരിയെ എറിഞ്ഞു. അപ്പുപിള്ളയ്ക്ക് അത്തരം വിളിയും പെരുമാറ്റങ്ങളും ശീലമായിരുന്നെങ്കിലും കേശവന് അത് സഹിക്കാവുന്നതായിരുന്നില്ല. ജൻമിത്തത്തിന്റെ രീതികളോട്

പിന്നീടും കേശവൻ ശക്തമായി പ്രതികരിച്ചിട്ടുണ്ട്. യുവാവായ കേശവൻ അമ്മാവന്റെ ഭരണരീതിയും മറ്റ് പ്രവർത്തനങ്ങളും ചോദ്യം ചെയ്തു. പഴയ ഫ്യൂഡൽ പ്രഭുത്വത്തിന്റെ ഭാവങ്ങൾ അമ്മാവന്റെ പെരുമാറ്റത്തിൽ ദർശിച്ച കേശവൻ ശക്തമായി എതിർത്തപ്പോൾ കുടുംബകാര്യങ്ങൾ നടത്തിവന്ന കാരണവർക്ക് അത് ഇഷ്ടപ്പെട്ടില്ല. തറവാട്ടിലെ മറ്റുള്ള ബന്ധുക്കളുമായി ച്ചേർന്ന് കുടുംബവസ്തുക്കൾ വീതം വയ്ക്കണമെന്ന് കേശവൻ ആവശ്യപ്പെട്ടു. കാരണവർ ആദ്യം ഇത് എതിർത്തെങ്കിലും പിന്നീട് അനുകൂലിച്ചു. അതോടെ കൂട്ടുകുടുംബവ്യവസ്ഥിതി ആ തറവാട്ടിൽ അവസാനിച്ചു.

ഫ്യൂഡലിസത്തിന്റെ പ്രവണതകളോട് കേശവദേവിന്റെ പ്രതികരണം മറ്റുനോവലുകളിലും കാണാം. അത് പലപ്പോഴും അധികാരകേന്ദ്രങ്ങളോടുള്ള പ്രതികരണമായാണ് കാണപ്പെടുന്നത്. 'ഓടയിൽനിന്നി'ലെ പപ്പു താഴ്ന്ന നിലയിൽ കഴിയുന്നവനാണ്. ആ വിഭാഗത്തിന്റെ പ്രതിനിധി എന്ന നിലയിൽ അവരുടെ ഉന്നതിയ്ക്കുവേണ്ടി സമരം നടത്തുന്നതായി നോവലിൽ കാണുന്നു. ഫ്യൂഡലിസ്റ്റു സമ്പ്രദായത്തേയും ഹീനമായ മുതലാളിത്ത സമ്പ്രദായത്തേയും അയാൾ വർഗ്ഗബോധത്തോടെ എതിർത്തു. ക്ലാസ്സിൽ ബഹളമുണ്ടാക്കിയ പപ്പുവിനെ പുറത്തുനിറുത്തി. തെറ്റുകാരായ മറ്റുകുട്ടികളെ അധ്യാപകൻ തല്ലി. എന്നാൽ ജന്മിയുടെ പുത്രൻ കുറ്റസമ്മതം നടത്തിയിട്ടും അദ്ധ്യാപകൻ അവനെ ശിക്ഷിക്കുന്നില്ല. അടുത്ത കുട്ടിയെ അടിക്കാനോങ്ങിയപ്പോൾ പപ്പു പ്രതികരിക്കുന്നു. ഇനിയും ആരേയും അടിക്കരുതെന്ന് അവൻ ഉച്ചത്തിൽ അലറി. കണ്ണുകളിൽ നിന്ന് തീപ്പൊരി ചിതറി. അടിച്ചാലെന്തുചെയ്യുമെന്ന് ചോദിച്ച് അധ്യാപകൻ അവനെ കഴുത്തിനുപിടിച്ച് പുറത്തേക്കുതള്ളി. ദേഷ്യത്തോടെ പപ്പു മറ്റുകുട്ടികളോട് ക്ലാസിൽ നിന്നു പുറത്തിറങ്ങുവാൻ ആവശ്യപ്പെട്ടെങ്കിലും ആരും അത് കേട്ടില്ല. അപ്പോൾത്തന്നെ വീട്ടിലേക്ക് തിരിച്ച അവൻ, ഇനി മേലിൽ സ്കൂളിൽ പോകില്ലെന്ന് തീരുമാനിക്കുന്നു. ഇതറിഞ്ഞ ജന്മി പപ്പുവിന്റെ അച്ഛനെ വിളിച്ച് അവനെ വീട്ടിൽ കയറ്ററുതെന്ന് പറഞ്ഞു. പക്ഷെ ക്ഷമാശീലയായ അമ്മ

മകനോട് ക്ഷമിച്ചു. എതിർപ്പിന്റെ പ്രവാചകനായ കേശവദേവിന്റെ നായക നായ പപ്പുവിൽ നോവലിസ്റ്റിന്റെ ആത്മാംശം കാണാൻ കഴിയും.

കേശവന്റെ ജീവിതത്തിനു മാറ്റംവരുത്തുന്ന മറ്റൊരു സംഭവം പതി മൂന്നാം വയസ്സിൽ നടന്നു. പ്രോഗ്രസ് ബുക്ക് ഒപ്പിടാനായി രക്ഷകർത്താ വിനെ കൊണ്ടുവരണമെന്ന് ഹെഡ്മാസ്റ്റർ ആജ്ഞാപിച്ചു. ക്ലാസ് അധ്യാപ കൻ ഏറ്റവും മോശമായ അഭിപ്രായങ്ങളാണ് അതിൽ എഴുതിയിരുന്നത്. തന്റെ മേൽ ആരോപിക്കപ്പെട്ടിരിക്കുന്ന കുറ്റങ്ങൾ അമ്മയോ ജ്യേഷ്ഠനോ അറിയുന്നത് അവൻ ഇഷ്ടപ്പെട്ടില്ല. സ്കൂളിൽ നിന്ന് പുറത്താക്കപ്പെട്ടപ്പോൾ ചിലയിടങ്ങളിൽ കറങ്ങി നടന്ന് വീട്ടിലെത്തി. പിറ്റേന്ന് ക്ലാസിലെത്തിയപ്പോൾ രക്ഷകർത്താവിനെകൊണ്ടുവന്നിട്ട് ക്ലാസിൽ കയറിയാൽ മതിയെന്ന് ഹെഡ്മാ സ്റ്റർ ഓർമ്മിപ്പിച്ചു. ക്ലാസ്ടീച്ചർ 'സിൻബാദ് ദി സെയ്‌ലർ' പഠിപ്പിച്ചുകൊണ്ടി രിക്കെ അവനോട് ചോദിച്ചു, സിൻബാദ് കടൽ നീന്തിച്ചെന്നപ്പോൾ ആരെ യാണ് കണ്ടത്? അവൻ ധിക്കാരപൂർവ്വം പറഞ്ഞു, അയാളോട് ചോദിക്കണം. ബഞ്ചിന്റെ മുകളിൽ കയറി നിൽക്കാൻ അധ്യാപകൻ ആജ്ഞാപിച്ചു, കേശ വൻ വേലുനായർ സാറിനെ തുറിച്ചൊന്നു നോക്കിയിട്ട് പുസ്തകം കൈയ്യി ലെടുത്തു. അവന്റെ ശബ്ദം ഉയർന്നു മുഴങ്ങി, എനിക്കിവിടെ പഠിക്കണ്ടാ, ഞാൻ പോണു. അവൻ വീട്ടിൽച്ചെന്ന് അമ്മയോട് വിവരം പറഞ്ഞു ആ സാധുസ്ത്രീ അതും ക്ഷമിച്ചു. തറവാട്ടിനുള്ളിൽ തന്റേതുമാത്രമായ അവ കാശങ്ങൾ സ്ഥാപിച്ചെടുക്കുന്നതിലും സ്വന്തം അനന്യത്വം നിലനിർത്തുന്ന തിലും ഒരു കാല്പനികവ്യക്തിത്വത്തിന്റെ വിട്ടുവീഴ്ചയില്ലാത്ത തന്റേടം പുലർത്തുകയുമാണ് കേശവൻ ചെയ്തത്.[21]

എതിർപ്പിന്റെ ആദ്യപാഠങ്ങൾ ഭവനത്തിൽവച്ചുതന്നെ കേശവൻ സ്വന്ത മാക്കി. അതു പിന്നീട് വിദ്യാലയത്തിലേക്കും വ്യാപിക്കുന്നു. തനിക്കു പൊരു ത്തപ്പെടാനാകാത്തതിനോട് മല്ലിടുക എന്ന സ്വഭാവം കേശവനിൽ ചെറുപ്പ കാലത്തുതന്നെ ഉണ്ടായിരുന്നു. അധികാരത്തിന്റെ തണലിൽ വിധേയപ്പെട്ട് ജിവിക്കാൻ കഴിയാത്ത പ്രകൃതമായിരുന്നു കേശവന്റേത്. നിലനിൽക്കുന്ന

അധികാരവ്യവസ്ഥകളോട് എതിരിടുന്ന സ്വഭാവം പിന്നീട് പല കഥാപാത്ര ങ്ങളിലും കാണാൻകഴിയും. ഒരു നിശ്ചിത വ്യവസ്ഥയേയോ ആ വ്യവസ്ഥയെ വഹിച്ചു മുന്നോട്ടുപോകുന്ന അധികാരകേന്ദ്രങ്ങളേയോ അനുസരിക്കുക കേശവന് ബുദ്ധിമുട്ടുള്ള കാര്യങ്ങളായിരുന്നു. ക്ലാസിൽ അധ്യാപകൻ ചോദ്യം ചോദിച്ചപ്പോൾ മറുപടിപറയുകയും അത് തെറ്റായതിനാൽ ശിക്ഷ ഏറ്റുവാ ങ്ങുകയും ചെയ്തു. അതിലൊക്കെ അതൃപ്തി പ്രകടിപ്പിച്ച അവൻ ആ വ്യവ സ്ഥയെ എതിർക്കുകയാണ്. അതിനാൽ അതിനുകീഴിൽ മറ്റു കുട്ടികളെ പ്പോലെ അനുസരണയോടെ കഴിയാൻ അവന് സാധിക്കുന്നില്ല. എതിർപ്പിന്റെ ബാലപാഠങ്ങൾ അഭ്യസിച്ചത് പ്രയോഗിക്കാൻ പൊതുസമൂഹത്തിലും അവന് കഴിഞ്ഞു. കൂട്ടുകാരുടെ ഇടയിലും മേധാവിത്വം ആഗ്രഹിച്ചിരുന്നു. ശബരിമ ലയാത്രയുടെ വിശേഷങ്ങൾ പറഞ്ഞുകൊണ്ട് അവരുടെ ഇടയിലെ ഹീറോ ആയി. ശബരിമലയാത്രയ്ക്ക് വീട്ടിൽ നിന്നും അനുവാദം കിട്ടാത്തതിന്റെ പേരിൽ ഉപവാസംകിടക്കുകയും ചെയ്തു. അവന് ഇഷ്ടമല്ലാത്ത അധി കാരപ്രയോഗരീതികളെ ഏതുമാർഗ്ഗവും ഉപയോഗിച്ച് എതിർക്കുക എന്ന തായിരുന്നു സ്ഥിരം പ്രവൃത്തി. അതിനിടയിൽ സ്കൂളിലും ഒരു പ്രശ്നം വന്നപ്പോൾ സ്വാഭാവികമായി ഒന്നു പെരുമാറി. പക്ഷെ അതിനുനൽകേണ്ട വില വളരെ വലുതായിരുന്നു. വിദ്യാഭ്യാസം അവസാനിപ്പിക്കേണ്ടതായി വന്നു. അധികാരപ്രയോഗത്തിന്റെ തലത്തിൽ എതിർപ്പിന്റെ പ്രയോഗം കടന്നു വരു ന്നത് ഇവിടെ കാണാൻ കഴിയുന്നു.

ജന്മിത്തത്തിന്റെ അധികാരക്കറ പുരണ്ടതും ക്രൂരവും നീചവുമായ വാഴ്‌വുകൾക്കെതിരെ ചെറുത്തുനിന്ന് ജീവിതം മുന്നോട്ടു കൊണ്ടുപോയ ഉണ്ണൂലിയെയാണ് 'ഉലക്ക'യിൽ കാണാൻ കഴിയുന്നത്.[22] ഗ്രാമീണമേഖല യിൽ മുതലാളിത്തം കടന്നുവരുന്ന ഘട്ടത്തിലാണ് ഇതിലെ കഥ നടക്കുന്നത്. പട്ടണത്തിൽ നിന്ന് ഗ്രാമത്തിലേക്ക് കയർ വ്യവസായവുമായി ബന്ധപ്പെട്ട് മുതലാളിമാർ വന്നു. പട്ടണത്തിലെ സംഘടിതതൊഴിലാളികളുടെ അവകാ ശവാദത്തിൽ നിന്നും രക്ഷപ്പെടാനായി അവർ ഗ്രാമങ്ങളിൽ ഫാക്ടറികൾ

സ്ഥാപിച്ചു. ജന്മിത്തവ്യവസ്ഥിതിയിൽ ഞെങ്ങിഞെരുങ്ങി കഴിഞ്ഞവർക്ക് മുതലാളിമാരുടെ വരവ് ആശ്വാസം പകർന്നു. കുടിയാൻമാരായുള്ളവർ ഫാക്ടറികളിൽ ജോലിക്കുപോകുവാൻ തുടങ്ങി. കൂടുതൽ സ്ഥലങ്ങൾ ലഭിക്കുവാൻ വേണ്ടി മുതലാളിമാർ ജന്മിമാരുമായി ഉടമ്പടികളുണ്ടാക്കി. മുതലാളിമാരുടെ പരിഷ്കാരങ്ങൾ ഗ്രാമത്തിൽ ആരംഭിച്ചു. ഇടക്കിടെ മുതലാളിമാർ ഗ്രാമത്തിലേക്ക് നടത്തുന്ന രാജകീയമായ വരവ് നോവലിൽ ചിത്രീകരിച്ചിട്ടുണ്ട്. വഴികൾ വീതികൂട്ടിയും സ്വീകരിക്കാൻ ആളെനിർത്തിയും ആകെ ഒരു ഉത്സവഛായ സൃഷ്ടിച്ചുള്ള വരവ് അല്പം അതിശയോക്തികലർത്തിയാണ് അവതരിപ്പിച്ചിരിക്കുന്നത്. മുതലാളി പുരയിടങ്ങൾ നോക്കാൻ കാറിലാണ് വരുന്നത്. ഗ്രാമീണരെല്ലാം കാർ കാണാനും മുതലാളിമാരോട് സംസാരിക്കാനും അടുത്തുകൂടും. അപ്രകാരം വന്ന ഒരു മുതലാളിയാണ് ഉണ്ണൂലി താമസിച്ചിരുന്ന പുരയിടം മാടമ്പിയിൽ നിന്നു വിലയ്ക്കുവാങ്ങിയത്.

പട്ടണത്തിലെ കയർ വ്യവസായം ഗ്രാമങ്ങളിലേക്ക് തുടർച്ചയായി ആക്രമണം നടത്തിക്കൊണ്ടിരുന്നു. ഗ്രാമങ്ങളിൽ നിന്ന് അസംസ്കൃത സാധനങ്ങളും തൊഴിലാളികളേയും കുറഞ്ഞവിലയ്ക്കു വാങ്ങാൻ വേണ്ടിയാണ് ആക്രമണം നടത്തുന്നത്. പട്ടണത്തിലെ വലിയ ഫാക്ടറികളുടെ ബ്രാഞ്ചാണ് ഗ്രാമത്തിലുള്ളത്. ഉത്പാദനച്ചിലവ് കുറയുമെന്നുള്ളതുകൊണ്ട് പട്ടണത്തിലുള്ളതിനേക്കാൾ കൂടുതൽ ജോലി ഗ്രാമങ്ങളിലാണ് നടത്തിക്കൊണ്ടിരുന്നത്. പട്ടണത്തിലെ കയർഫാക്ടറികളിലെ പ്രശ്നങ്ങൾ ഗ്രാമത്തിലും ബാധിച്ചു. അതിക്രൂരമായ മർദ്ദനങ്ങൾ ഏറ്റുവാങ്ങിക്കൊണ്ട് തൊഴിലാളികൾ പണിയെടുത്തു. ജന്മിമാരുടെ ക്രൂരതകളേക്കാൾ വലുതായിരുന്നു മുതലാളിമാരുടെ പെരുമാറ്റം. കൂലിക്കുറവും ജോലിയുടെ കാഠിന്യവും ദൈനംദിന ജീവിതക്ലേശങ്ങളും തൊഴിലാളികളെ കഷ്ടപ്പെടുത്തി. സംഘടനാപ്രവർത്തനത്തിന്റെ ആവശ്യം ഗ്രാമീണത്തൊഴിലാളികൾക്ക് ബോധ്യപ്പെട്ടു. പ്രശ്നങ്ങൾ കൂടുതൽ വഷളായതോടെ തൊഴിലാളികളും അവരുടെ കുടുംബങ്ങളും പട്ടിണിയിലായി. പണിമുടക്കുകളും അറസ്റ്റുകളും പോലീസ് മർദ്ദനങ്ങളും

ദൈനംദിനസംഭവങ്ങളായി. മുതലാളി കൂലി കുറച്ചതിൽ തൊഴിലാളികൾ പരസ്യമായി പ്രതിഷേധിച്ചില്ല. എല്ലാവരും വിഷാദത്തോടെ സമ്മതം മൂളു കയാണ് ചെയ്തത്. പക്ഷേ കുറഞ്ഞ കൂലിതന്നെ യഥാസമയം കിട്ടാതെ വന്നപ്പോൾ അവർ അസ്വസ്ഥരായി. തൊഴിലാളികളും അവരുടെ കുടുംബാം ഗങ്ങളും പട്ടിണിയിലായി. ഒരു ദിവസം വിശപ്പിന്റെയും ക്ലേശങ്ങളുടേയും ആധിക്യത്താൽ ഒരു തൊഴിലാളി ഭ്രാന്തനെപ്പോലെ മുതലാളിയുടെ മുറിയി ലേക്ക് കയറിച്ചെന്ന് കൂലികൂട്ടിത്തരണമെന്ന് ആവശ്യപ്പെട്ടു. മുതലാളി ഇരു കരണത്തും അടിച്ച് പിടലിക്ക് പിടിച്ച് പുറത്തേക്ക് തള്ളി. എല്ലാവരും വിഷാ ദത്തോടെ കണ്ടുനിന്നതല്ലാതെ പ്രതികരിച്ചില്ല. ജോലികഴിഞ്ഞ് പോകുന്നേരം മുതലാളിയുടെ അംഗരക്ഷകനായ ചട്ടമ്പി ആ തൊഴിലാളിയെ വീണ്ടും മർദ്ദിച്ചു. അപ്പോൾ മാത്രം തൊഴിലാളികളുടെ ഇടയിൽ അമർത്തപ്പെട്ട പിറു പിറുപ്പുണ്ടായി. ചതുപ്പുനിലങ്ങളിൽ നിന്ന് ചൂടുള്ള നീരാവി പൊങ്ങുംപോലെ ആ സംസാരം മെല്ലെ ഉയർന്നു. പക്ഷേ ആരും പരസ്യമായി ഒന്നും പറ ഞ്ഞില്ല. ജോലികഴിഞ്ഞെത്തിയ തൊഴിലാളികൾ കൂട്ടംകൂടിനിന്ന് സംസാരിച്ചു. രാത്രിയിൽ കുടിലുകളിലെല്ലാം ആ പിറുപിറുപ്പ് തുടർന്നു. ജന്മിത്വത്തിന്റെ കിരാതവാഴ്ചയെക്കാൾ മുതലാളിത്തത്തിന്റെ ഭീകരപ്രവർത്തനങ്ങൾ സാധാ രണക്കാരെ വല്ലാതെ വലച്ചു. പഴയതിനെയെല്ലാം വെല്ലുവിളിച്ചുകൊണ്ട് പുതിയ ജീവിതം ചുരുട്ടിപ്പിടിച്ചുകൊണ്ട് മുന്നോട്ടു കുതിച്ചു. ജന്മിയുടെ സ്വാധീനത്തിലുള്ള സ്വത്തിന്റെ യഥാർത്ഥ അവകാശി അധ്വാനിക്കുന്ന ജന വിഭാഗമാണെന്ന യാഥാർത്ഥ്യം അവർ മനസ്സിലാക്കുന്നിടത്താണ് ഫ്യൂഡലി സത്തിന്റെ അപചയം സംഭവിക്കുന്നത്.[23]

ജൻമിത്തത്തിന്റെ അപചയത്തെത്തുടർന്നുണ്ടായ മുതലാളിത്തവ്യവ സ്ഥയിൽ അധികാരവാഴ്ച ആദ്യകാലത്ത് വളരെ ശക്തമായിരുന്നു. അധ്വാ നിക്കുന്ന ജനവിഭാഗത്തെ ചൂഷണം ചെയ്ത് മുതലാളിത്തം വളർന്നു. ചൂഷണം അധികാരത്തിന്റെ രൂപകമാണ്. ചൂഷണത്തിനുവേണ്ടി

തൊഴിലാളികളെ ഭീഷണിപ്പെടുത്തി നിർത്തുന്നു. അതിന് വശപ്പെടാത്തവരെ പരുവപ്പെടുത്തിയെടുക്കാനാണ് മർദ്ദനം ഏർപ്പെടുത്തുന്നത്. മാനസികവും ശാരീരികവുമായ മർദ്ദനമുറകളുണ്ട്. തീവ്രമായ പീഡനത്തിലും വിശ്വസിക്കുന്ന മൂല്യങ്ങളിൽ ഉറച്ചുനിൽക്കുന്ന തൊഴിലാളികളുണ്ട്. മുതലാളിത്തത്തിന്റെ കഠിനമായ പീഡനങ്ങളിലൊന്നും തകർന്നുപോകാതെ അവർ പരമാവധി പിടിച്ചുനിന്നു. എന്നാൽ മുതലാളിമാരുടെ കുബുദ്ധിയിലുണ്ടാകുന്ന മറ്റു ചില തന്ത്രങ്ങൾ അവരെ മാനസികമായി തളർത്തുകയാണ് ചെയ്തത്. മുതലാളിത്തവ്യവസ്ഥ തൊഴിലാളികളുടെമേൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കുവാൻ തൊഴിലില്ലാതാക്കുന്നു. അധികാരത്തിന്റെ ഏറ്റവും വലിയ പീഡനമായ പിരിച്ചുവിടൽ നടത്തി തൊഴിലാളികളെ നിഷ്ക്രിയരാക്കുന്നു. പഴയ ജൻമിമാരാണ് ചില പ്രദേശങ്ങളിൽ കമ്പനി കോൺട്രാക്ടർമാരും കമ്പനി ഉടമസ്ഥരും ആയത്. അതുകൊണ്ടുതന്നെ ജൻമിത്തവ്യവസ്ഥയുടെ ചിന്താഗതി അവരുടെ ഉള്ളിലുണ്ട്. കോൺട്രാക്ടർമാർ സാധുക്കളായ ജോലിക്കാരെ ചൂഷണം ചെയ്യുന്ന ഇടനിലക്കാരായി പ്രവർത്തിക്കുന്നു. തൊഴിലാളികളുടെ ദുരിതമയമായ ജീവിതത്തിന് അല്പമെങ്കിലും മാറ്റമുണ്ടാക്കാൻ അവർ ആവശ്യപ്പെടുകയോ അതിനായി പ്രവർത്തിക്കുകയോ ചെയ്യുമ്പോൾ അവർ മുതലാളിമാരുടെ ശത്രുക്കളാകുന്നു. ചില മുതലാളിമാർ തൊഴിലാളികളെ സ്ഥിരപ്പെടുത്താറില്ല. താത്കാലികരീതിയിൽ ജോലിയിൽ നിൽക്കുന്ന അവർ തൊഴിൽ നഷ്ടപ്പെടുമെന്ന ഭയമുള്ളതുകൊണ്ട് പ്രതികരിക്കില്ല. സംഘടനകളിൽ ചേരാൻ ഇത്തരക്കാർക്ക് സാധിക്കാത്തതുകൊണ്ട് തൊഴിൽ സ്ഥിരതയും ഉണ്ടാകാറില്ല.

തൊഴിലാളി സംഘടനകൾ ശക്തിപ്രാപിച്ചതോടെ ഇത്തരത്തിലുള്ള രീതികൾ പ്രാവർത്തികമല്ലാതായിരിക്കുന്നു. തൊഴിലാളികൾ ഒന്നിച്ചുനിന്നതോടെ അവരുടെ ആവശ്യങ്ങൾ സംരക്ഷിക്കപ്പെട്ടു. കൂലികുറയ്ക്കലിനും കാരണം കാണിക്കാതെയുള്ള പിരിച്ചുവിടലിനും എതിരേ തൊഴിലളികൾ

ഒന്നിച്ചു നിന്നു. അവരുടെ സംഘടനകളിൽ കഴിവുള്ളവരെ നേതൃത്വസ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. അർഹിക്കുന്ന കൂലിയും പ്രാധാന്യവും സമൂഹത്തിലും തൊഴിലിടങ്ങളിലും നേടിയെടുക്കാൻ തൊഴിലാളിപ്രസ്ഥാനങ്ങളിലൂടെയും സമരങ്ങളിലൂടെയും അവർക്ക് കഴിഞ്ഞു. തൊഴിലാളി മുതലാളികളുടെ അടിമയല്ലെന്നു വരുത്തി, അർഹിക്കുന്ന സ്വാതന്ത്ര്യവും സ്ഥാനവും നേടിയെടുക്കാൻ കൂട്ടായ പരിശ്രമത്തിലൂടെ സാധിച്ചു. തൊഴിലാളികളും കൃഷിക്കാരുമായ മർദ്ദിതവിഭാഗത്തിന്റെ ഇടയിൽ പുതിയ ഉണർവുണ്ടാക്കിയെടുക്കാൻ കഴിഞ്ഞു. തൊഴിലാളികളുടെ ഇടയിൽ പുതിയ ചൈതന്യവും സംഘടനാബോധവും ഉണ്ടായി. മുതലാളിത്ത അധികാരവ്യവസ്ഥയുടെ ചൂഷണത്തിൽ നിന്നും വിടുതൽ നേടാൻ അവർക്ക് സാധിച്ചു. മുതലാളിമാർക്കുവേണ്ടി അധ്വാനം ചെയ്ത് ലാഭമുണ്ടാക്കുമ്പോൾ തൊഴിലാളികളുടെ ന്യായവും അത്യാവശ്യവുമായ കാര്യങ്ങൾ സാധിച്ചുകൊടുക്കേണ്ടിയിരിക്കുന്നു. അതു കൃത്യമായി ചെയ്യാത്തതുകൊണ്ടാണ് ന്യൂനപക്ഷമായ മുതലാളിമാർ ധനവാൻമാരാകുന്നത്. ഭൂരിപക്ഷക്കാരായ തൊഴിലാളികൾക്ക് പട്ടിണിയിൽ കഴിയേണ്ടിവരുന്നു. സമൂഹത്തെ നിയന്ത്രിക്കുന്ന മൂല്യവ്യവസ്ഥകൾ പലപ്പോഴും മുതലാളിത്തതാത്പര്യങ്ങളെ സംരക്ഷിക്കുന്ന തരത്തിലുള്ളതാണ്.[24] അതിനെ നിരസിക്കാതെ നവസമൂഹം കെട്ടിപ്പടുക്കാനാവില്ല. തൊഴിലാളിയെന്നും മുതലാളിയെന്നും ഉള്ള വ്യത്യാസം ഇല്ലാത്ത ഒരു സുവർണ്ണകാലം തൊഴിലാളികൾ സ്വപ്നം കണ്ടിരുന്നു. സംഘടനാസ്ഥാപനത്തോടെ ഇത് സാധിക്കുമെന്നവർ വിശ്വസിച്ചു. എന്നാൽ മുതലാളിത്ത വ്യവസ്ഥ നിലനിൽക്കുന്ന രാജ്യങ്ങളിൽ അധികാരപ്രയോഗരീതി മാറ്റമില്ലാതെ തുടരുകയാണ്.

ഫ്യൂഡൽ വ്യവസ്ഥ അവസാനിക്കുകയും മുതലാളിത്തം ആരംഭിക്കുകയും ചെയ്യുന്ന കാലഘട്ടത്തിലാണ് 'കണ്ണാടി'യിലെ കഥ നടക്കുന്നത്. ഫ്യൂഡൽ ജാതിഭേദങ്ങളെ ഭാഗികമായി അതിജീവിച്ചുകൊണ്ട് താരതമ്യേന പുരോഗമനപരമായ മുതലാളിത്തത്തിന്റെ ചില രൂപങ്ങൾ നമ്മുടെ നാട്ടിൽ

വളർന്നുവന്നു. പിന്നീട് മുതലാളിത്തം ശക്തിപ്രാപിച്ചപ്പോൾ ജാതിഭേദം ഉപയോഗിച്ച് മുതലാളിമാർ തൊഴിലാളികളെ ചൂഷണം ചെയ്തു. ജാതീയ മായ ഉച്ചനീചത്വങ്ങൾ അധ്വാനിക്കുന്നവരുടെ മധ്യത്തിലേക്ക് തൊടുത്തുവിട്ട് അവരെ പരസ്പരം ഭിന്നിപ്പിച്ച് തങ്ങളുടെ സ്ഥാനം ഉറപ്പിച്ചുനിർത്താൻ പാടു പെടുന്ന മുതലാളിമാരാണ് ഈ നോവലിലെ പ്രതിനായകൻമാർ.[25] സത്യക്രിസ്ത്യാനിയായ വറീതു മുതലാളി തന്റെ പറമ്പിലെ കുടികിടപ്പു കാരായ ആണുങ്ങൾക്ക് ഫാക്ടറിയിൽ ജോലികൊടുത്തു. പിന്നീട് അവരെ യൊക്കെ അയാൾ സത്യക്രിസ്ത്യാനികളാക്കി. കഥാനായകനായ കൊച്ചു രാനേയും കുടുംബത്തേയും മുതലാളി മതംമാറ്റുന്നു. മുതലാളിത്തം ജാതി വ്യവസ്ഥയെ ഇല്ലാതാക്കുമെന്ന് തോന്നുമെങ്കിലും മുമ്പ് പറഞ്ഞതുപോലെ അതുപയോഗിച്ച് അവരുടെ അധ്വാനത്തെ ചൂഷണം ചെയ്യുകയാണ്. അയി ത്തത്തിന്റേയും ജാതിശല്യത്തിന്റേയും പിടിയിൽ നിന്നു രക്ഷപ്പെടാൻ മതം മാറിയ വർക്കിക്ക് മുതലാളി തന്റെ പറമ്പിൽ വീടുവയ്ക്കാൻ സ്ഥലം നൽകുന്നു. ആരംഭകാലത്ത് മുതലാളിയും തൊഴിലാളിയും ഒരേമനസ്സോടെ പ്രവർത്തിച്ചു. അക്കാലത്തെ ഒരു സാധാരണതൊഴിലാളിയുടെ മാനസികാ വസ്ഥയും ജീവിതാവസ്ഥയും വർക്കിയുടെ വാക്കുകളിൽ തെളിഞ്ഞു കാണാം. “മൊതലാളീന്ന് പറയുന്നതാരാണെന്ന് അറിയാമോടാ?. മൊതലാളീന്ന് പറ യണത് ദൈവമാണ്. നമ്മളെ രക്ഷിക്കാനും ശിക്ഷിക്കാനും അധികാരമുണ്ട് ദൈവത്തിന്. അറീയാവോ”. വർക്കി മക്കൾക്ക് കൊടുക്കുന്ന പ്രബോധനം ഇതാണ്. വ്യവസായമാന്ദ്യം ഫാക്ടറികളെ ബാധിച്ചത് മുതലാളിമാർക്ക് ലാഭ ത്തോതു കുറയുവാൻ കാരണമായി. തൻമൂലം കൂലികുറയ്ക്കുവാൻ മുത ലാളിമാർ നിർബന്ധിതരായി. ഫാക്ടറികളിലെ തൊഴിലാളികളുടെ പിറുപി റുപ്പും മുറുമുറുപ്പും അവരുടെ വീടുകളിലും പ്രതിധ്വനിയുണ്ടാക്കി. ചിലർ മൂപ്പൻമാരേയും മറ്റു ചിലർ മുതലാളിമാരേയും ചീത്ത പറഞ്ഞു. ചിലർ ക്ലാർക്ക ന്മാരേയും മറ്റുചിലർ മാനേജർമാരേയും കുറ്റം പറയുന്നു. രോഗമെന്തെന്നു

രോഗിക്ക് നിശ്ചയമില്ല. എന്തെന്നു കണ്ടുപിടിക്കാൻ വൈദ്യനുമില്ല. രോഗി കണ്ണിൽക്കണ്ടവരെയെല്ലാം കുറ്റപ്പെടുത്തുകയാണ്.

ഔസേപ്പിന്റെ മക്കളായ മത്തായിയും സൈമണും തൊഴിലാളികളാണ്. അവരും വേലായുധനും കൂട്ടുകാരാണ്. ജോലികഴിഞ്ഞുവന്ന് വേലായുധന്റെ മുറ്റത്ത് ഒരുമിച്ചുകൂടി പലതും പറയാറുണ്ട്. അക്കൂട്ടത്തിൽ വേലായുധൻ വർക്കിമുതലാളിയെ കുറ്റം പറഞ്ഞു. മുതലാളി ഓരോ ദിവസവും വീർത്തുവീർത്തുവരികയും തൊഴിലാളികൾ ദിവസം കഴിയുംതോറും ചത്തും കെട്ടും പോകുകയുമാണ്. തൊഴിലാളികളുടെ പൊതുവികാരമാണ് വേലായുധന്റെ വാക്കുകളിൽ തെളിയുന്നത്. പുതിയ ഭരണരീതിയുമായി പൊരുത്തപ്പെട്ടുപോകാത്തതിനാൽ തൊഴിലാളി മുതലാളി ബന്ധം ഉലയുന്നു. വറീതുമുതലാളിയോട് ആത്മബന്ധമുണ്ടായിരുന്ന തൊഴിലാളികൾ പ്രായാധിക്യം മൂലം ജോലിയിൽനിന്ന് പിന്മാറി. പുതിയതായിചേർന്ന തൊഴിലാളികൾ ഒന്നിച്ചുനിന്നു. അവർ മുതലാളിത്തവ്യവസ്ഥയെ അട്ടിമറിക്കാൻ ആരംഭിച്ചു. ഫ്യൂഡലിസം നിഷ്കാസനം ചെയ്യപ്പെടുകയും ലോകത്തിൽ സ്വതന്ത്രമായ മുതലാളിത്ത സമൂഹം ആവർഭവിക്കുകയും ചെയ്തപ്പോൾ അധ്വാനിക്കുന്ന ജനങ്ങളെ മർദ്ദിക്കുകയും ചൂഷണം ചെയ്യുന്നതായ പുതിയ ഒരു വ്യവസ്ഥയാണ് അസ്വാതന്ത്ര്യം കുറിക്കുന്നതെന്ന് മനസ്സിലായി. ആ മർദ്ദനത്തിന്റെ പ്രതിഫലനമെന്ന നിലയിലും അതിനെതിരായ പ്രതിഷേധമെന്ന നിലയിലും വിവിധതൊഴിലാളിസംഘടനകൾ നിലവിൽ വന്നു. അന്നേവരെ എല്ലാ മർദ്ദിതശക്തികളും അനുഭവിച്ചുപോന്നിരുന്ന ആത്മീയടിമത്തത്തിൽനിന്ന് കരകയറാനുള്ള മാർഗ്ഗം സംഘടിച്ചുനിൽക്കുകയാണെന്നു മനസ്സിലാക്കി ഒരുമിച്ചുനിന്നു.

സംഘടിതശക്തിയായി തൊഴിലാളികൾ നിന്നപ്പോൾ മുതലാളിത്തവ്യവസ്ഥയ്ക്ക് ഇളക്കം സംഭവിച്ചു. തൊഴിലാളികളെ നിയന്ത്രിക്കാൻ പുതിയ തന്ത്രങ്ങൾ ആവിഷ്ക്കരിക്കേണ്ടിവന്നു. ഉള്ളവനും ഇല്ലാത്തവനും എന്ന അന്തരം വർദ്ധിപ്പിക്കാനുള്ള ശ്രമം മുതലാളിത്തവ്യവസ്ഥയുടെ സവിശേഷത

യാണ്. മനുഷ്യനെ വെറും യന്ത്രമായിക്കണ്ട്, പരമാവധി ഉപയോഗിച്ച് അവന്റെ ആരോഗ്യം ക്ഷയിക്കുമ്പോൾ ചണ്ടിപോലെ വലിച്ചെറിയുന്നത് മുതലാളിത്ത ത്തിന്റെ പ്രത്യേകതയാണ്. മനുഷ്യന്റെ ശക്തിമുഴുവൻ ഊറ്റിയെടുക്കുകവഴി അധികാരകേന്ദ്രത്തിന് കൂടുതൽ തടിച്ചുകൊഴുക്കാൻ സാധിക്കുന്നു. തൊഴി ലാളി ജോലിചെയ്യാൻ മാത്രം സൃഷ്ടിച്ച, സ്വന്തമായി വ്യക്തിത്വമോ, ചിന്താ ശക്തിയോ ഇല്ലാത്ത ഒരു യന്ത്രമാണെന്ന ചിന്ത മുതലാളിത്തവ്യവസ്ഥയുടെ ചിന്തയായി മാറി. ഇതിനെതിരെ പ്രതികരിക്കുകയാണ് നോവലിൽ വർക്കി യുടെ മക്കൾ അന്തോണിയും റോക്കിയും. അവരുടെ അപ്പനെ ഉപദ്രവിച്ചിട്ടും സമരങ്ങളിൽ നിന്ന് പിന്മാറിയില്ല. പിന്നീട് പോലീസ് അറസ്റ്റുചെയ്തപ്പോഴും അവർ തളർന്നു പോയില്ല. കൂടുതൽ മെച്ചപ്പെട്ട അവസ്ഥയ്ക്കായി അവർ ഒരുമിച്ചുനിന്ന് പ്രവർത്തിച്ച് ഫാക്ടറിയിലെ ദുർഭരണം ഇല്ലാതാക്കി.

ഫാക്ടറിയിൽ മൂപ്പന്റെ അധികാരരീതി പരിശോധിക്കുമ്പോൾ വ്യക്ത മാകുന്നത് മറ്റു ചില കാര്യങ്ങളാണ്. അധികാരസ്ഥാനത്തിരിക്കുന്നവർ മറ്റു ചിലരെ ചില ജോലികൾ ഏൽപ്പിക്കുമ്പോൾ അവർ താഴെത്തട്ടിലുള്ളവരോട് കൂടുതൽ അധികാരം കാണിക്കുന്നു. അവർ പ്രശ്നങ്ങളിൽ ഇടപെടുക മാത്രമല്ല മറ്റ് തൊഴിലാളികളുടെ മേൽ അമിതമായ നിയന്ത്രണം ഏർപ്പെടു ത്തുകയും ചെയ്യുന്നു. മേലധികാരിയുടെ അനുവാദത്തോടെ ചെയ്യുന്നു എന്ന പേരിലാണ് തൊഴിലാളികളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത്. അതിനുവേണ്ടി ഭീഷണിയും ബലപ്രയോഗവും ലഹളയും നടത്തേണ്ടിവ രുന്നു. അധികാരം ഒരു വ്യക്തിയുടെ നഷ്ടം മറ്റൊരാളുടെ ലാഭം ആകുന്ന തായിട്ടാണ് പാർസൺസ് വിലയിരുത്തുന്നത്.[26] അധികാരം കൊടുക്കപ്പെടുന്നു എന്ന തോന്നലിൽനിന്നുമാത്രം ഉണ്ടായതാണ്. യഥാർത്ഥത്തിൽ അധികാരം വ്യക്തമായിക്കാണപ്പെടുന്ന ഒന്നല്ല അത് സൃഷ്ടിക്കപ്പെടുമ്പോൾ മാത്രം കാണപ്പെടുന്നതാണ്. കൊച്ചുമുതലാളി അധികാരം മൂപ്പനുകൈമാറ്റം ചെയ്യ പ്പെടുമ്പോൾ അത് അയാൾ തൊഴിലാളികൾക്കുമേൽ പ്രയോഗിക്കുന്നു.

അധികാരപ്രയോഗം അപ്പോൾമാത്രമാണ് ദൃശ്യമാകുക. ദൈനംദിന ജീവിതത്തിലെ പലഘട്ടങ്ങളിലും അധികാരം ഘടനാപരമായ രീതിയിൽ ആധിപത്യവുമായി ഇടകലർന്നുപോകുന്നു. തൊഴിലാളികളുടെ മേൽ ആധിപത്യം പുലർത്തുന്ന മൂപ്പൻ അവരുടെമേൽ അദൃശ്യമായ രീതിയിലാണ് അധികാരം പ്രയോഗിക്കുന്നത്. നിയന്ത്രണം കർശനമായപ്പോഴാണ് അധികാരപ്രയോഗം അവർക്ക് അനുഭവപ്പെട്ടത്. അപ്പോൾ അവർ അതിനെതിരെ ശക്തമായി പ്രതികരിക്കാൻ തയ്യാറാവുന്നു.

ഫ്യൂഡലിസത്തിന്റെ തകർച്ച നേരിട്ട മംഗലശ്ശേരി, പച്ചാഴി എന്നീ നായർ തറവാടുകളുടെ കഥ പറയുന്നു കേശവദേവ് 'അയൽക്കാരി'ലൂടെ. നായൻമാർ അന്തഃഛിദ്രംമൂലം നശിക്കുന്നതും ഈഴവരും ക്രിസ്ത്യാനികളും പ്രബലരാകുന്നതും കാലത്തിന്റെ പിന്തുണയോടെ സംഭവബഹുലമായി ചിത്രീകരിച്ചിരിക്കുന്നു. ഫ്യൂഡലിസത്തിന്റെ തിരോധാനം ഇത്രമാത്രം ശക്തമായി ചിത്രീകരിച്ച മറ്റൊരു നവോത്ഥാനനോവൽ വേറെയുണ്ടാവില്ല. നായർ, ഈഴവ, ക്രിസ്ത്യൻ സമൂഹങ്ങളുടെ അക്കാലത്തെ ബന്ധങ്ങളുടെ സജീവ ചരിത്രവും ഇതിൽക്കാണാം. പ്രൊഫ.എസ്.ഗുപ്തൻനായർ ഈ നോവൽ കേരളത്തിലെ മൂന്നു പ്രമുഖസമുദായങ്ങൾ-നായർ-ഈഴവ-ക്രിസ്ത്യൻ-അർദ്ധമനസ്സോടെ ഫ്യൂഡൽ ജീവിതരീതിയോട് വിടപറഞ്ഞ് പുതിയ കാലഘട്ടത്തെ സ്വാഗതം ചെയ്യുന്നതിന്റെ കാലക്രമമനുസരിച്ചുള്ള സംഭവവിവരണമാണെന്ന് അഭിപ്രായപ്പെടുന്നു.[27] സ്വാതന്ത്ര്യസമരത്തിന്റെയും നവോത്ഥാനത്തിന്റെയും പുതുവഴികൾ തേടിയ ഈഴവസമുദായവും വിദ്യാഭ്യാസത്തിലും ഉയർന്ന സാമ്പത്തികാവസ്ഥയിലും സ്വന്തം മേധാവിത്വം ഉറപ്പുവരുത്തുന്നതിനായി പരിശ്രമിക്കുന്ന ക്രിസ്ത്യൻ സമൂഹവും ഇതിൽ തെളിഞ്ഞു നിൽക്കുന്നു. ഒരു പ്രമുഖ നായർത്തറവാടിന്റെ തണലിൽ ഒരു ക്രിസ്ത്യാനിയുടേയും ഈഴവന്റേയും കുടുംബങ്ങൾ തഴച്ചുവളരുന്നതിന്റെ ചിത്രീകരണം മികവുറ്റ രീതിയിൽ നടത്തിയിട്ടുണ്ട്. കേരളത്തിനൊരു ശാപമായിരുന്ന

സാമുദായിക അസമത്വങ്ങളും അവയെ അനുകൂലിക്കുകയും എതിർക്കുകയും ചെയ്തു വന്ന വിവിധസമുദായങ്ങളുടെ ഉയർച്ചതാഴ്ചകളുമാണ് ഈ നോവലിന്റെ പശ്ചാത്തലം.[28]

പരസ്പരം പോരടിച്ചു തകർന്നുപോയ രണ്ടു തറവാടുകൾ; അതിലെ കാരണവൻമാർ. അവരുടെ മത്സരത്തിന്റേയും വിജയപരാജയത്തിന്റേയും വിവരണത്തിനിടയിൽ തകരുന്ന ഫ്യൂഡൽ വ്യവസ്ഥയുടെ ചിത്രവും കേശവദേവ് വരച്ചുകാട്ടുന്നു. കേരളത്തിലെ സാമൂഹ്യപരിവർത്തനങ്ങളുടെ ചരിത്രത്തിൽ പ്രത്യേകം ശ്രദ്ധേയമായിട്ടുള്ള മൂന്ന് സംഗതികൾ നോവലിൽ ദർശിക്കാം. ഫ്യൂഡലിസത്തിന്റെ നേരിയഛായയുള്ള മരുമക്കത്തായത്തിന്റെ തകർച്ച, ജാതീയമായ അവശതകൾ അനുഭവിച്ചുകൊണ്ടിരുന്ന ഈഴവസമുദായത്തിന്റെ വിജയകരമായ സ്വാതന്ത്ര്യസമരം, ക്രിസ്ത്യൻ സമുദായത്തിന്റെ സാമ്പത്തികവും വിദ്യാഭ്യാസപരവുമായ ഉയർച്ച-ഈ മൂന്നു പരിവർത്തനങ്ങളും മൂന്നു കുടുംബങ്ങളിൽ പ്രതിഫലിക്കുന്നതാണ് അയൽക്കാർ. മരുമക്കത്തായത്തിന്റെ തകർച്ചയ്ക്ക് പ്രധാനകാരണം തറവാട്ടു സ്വത്ത് പലവഴി നഷ്ടപ്പെട്ടതാണ്. അനാചാരങ്ങൾ പിൻതുടർന്നുപോകുന്ന പഴയ തലമുറ പരസ്പരമത്സരങ്ങളുടെ പേരിൽ സ്വത്തുവകകൾ നശിപ്പിക്കുന്നു. ഫ്യൂഡലിസത്തിന്റെ തകർച്ച കേരളത്തിന്റെ സാമൂഹ്യജീവിതത്തിലുണ്ടാക്കുന്ന പ്രത്യാഘാതമാണ് ഈ കൃതിയിൽ കാണുന്നത്.

മംഗലശ്ശേരിക്കാരണവരായിരുന്ന പത്മനാഭപിള്ളയുടെ കാലത്താണ് ഉത്സവാഘോഷത്തിനിടെ വെട്ടും കുത്തും നടക്കുന്നത്. മംഗലശ്ശേരിക്കാരുമായി എല്ലായ്പ്പോഴും ശത്രുതയിലായിരുന്നു പച്ചാഴിക്കാർ. അമ്പലത്തിലെ കൊടിയേറ്റം കാണാനെത്തിയ മംഗലശ്ശേരിയിലെ സ്ത്രീകളെയും കുട്ടികളെയും പച്ചാഴിയിലെ ദാമോദരക്കുറുപ്പ് ആക്ഷേപിച്ചു. അമ്പലത്തിൽ ചോമ്മാര് കേറിയതുകൊണ്ട് ശുദ്ധികലശം നടത്തണമെന്ന് അയാൾ ആവശ്യപ്പെട്ടു. മംഗലശ്ശേരിയിലെ സ്ത്രീകളെ ചൂണ്ടിക്കാണിച്ചുകൊണ്ട് അവർ കുഞ്ഞന്റെ ചോത്തികളാണെന്ന് വിളിച്ചു പറഞ്ഞു. ക്ഷേത്രത്തിലെ ഭഗവതി തുള്ളി

വരുന്നതുപോലെ സുമതിയമ്മവന്ന് അമ്പലവും പരിസരവും കുലുങ്ങുന്ന രീതിയിൽ അയാളെ ആട്ടി. പച്ചാഴിക്കാർ ആരും എത്താതിരുന്നതിനാൽ അനിഷ്ടസംഭവങ്ങളൊന്നുമുണ്ടായില്ല.

ആറാട്ടുകാണാൻ വന്നവരേക്കാൾ ലഹളകാണാൻ വന്നവരായിരുന്നു ഏറെപ്പേരും. ക്ഷേത്രത്തിന്റെ മുന്നിലുള്ള ആൽത്തറയിൽ പച്ചാഴിയിലെ സ്ത്രീകൾ ഇരിപ്പുറപ്പിച്ചു. ഉത്സവം തുടങ്ങിയാൽ ആഭിജാത്യമുള്ള കുടുംബങ്ങളിലെ സ്ത്രീകൾക്കു മാത്രമേ ആൽത്തറയിൽ സ്ഥാനമുള്ളു. മംഗലശ്ശേരിയിൽ നിന്നുള്ളവർ ആൽത്തറയ്ക്കടുത്തെത്തിയപ്പോൾ ഒരു കൊച്ചുച്ചെറുക്കൻ 'കുഞ്ഞന്റെ ചോത്തി'മാരെന്നു വിളിച്ചു കളിയാക്കി. സുമതിയമ്മയുടെ മുന്നിലേക്ക് വന്നിട്ട് തേറും കുടവുമുണ്ടോയെന്ന് ചോദിച്ചു. അവർ ദേഷ്യത്തിൽ അവനെ പുറകോട്ട് തള്ളി. പച്ചാഴിയിലെ ദാമോദരക്കുറുപ്പ് സുമതിയമ്മയുടെ കൈയിൽ കയറിപ്പിടിച്ചു. പത്മനാഭപിള്ള അയാളെ അടിച്ചു താഴെയിട്ടു. അതേത്തുടർന്ന് പോർവിളികളോടുകൂടിയ അത്യുഗ്രമായ അടി നടന്നു. ഇരുട്ടിൽ നിലവിളികളും അട്ടഹാസങ്ങളും ഞരക്കങ്ങളും മാത്രം. അനേകം പേർ ആശുപത്രിയിലായി. രണ്ടുപേർ മരിച്ചു. പത്മനാഭപിള്ള അറസ്റ്റിലായി. ദാക്ഷായണിയമ്മ തന്റെ ബന്ധുക്കളുടെ സ്വാധീനമുപയോഗിച്ച് പണം മുടക്കി കാരണവരെ ജാമ്യത്തിലിറക്കി. അതിനുവേണ്ടി ഏറെ കടംവരുത്തുകയും ചെയ്തു.

ഉത്സവലഹളക്കേസിനെത്തുടർന്നാണ് നായരീഴവലഹള നടക്കുന്നത്. കുഞ്ഞന്റെ മക്കളായ വാസുവും ദിവാകരനും ജാതീയമായ വേർതിരിവുകൾക്കെതിരേ പ്രതികരിച്ചു. നായൻമാരും ഈഴവൻമാരും തമ്മിൽ സംഘട്ടനമുണ്ടായി. കുഞ്ഞന്റെ മക്കളെ അറസ്റ്റു ചെയ്തു. കല്ല്യാണി മക്കളെ രക്ഷിക്കണമെന്ന് അപേക്ഷിച്ച് മംഗലശ്ശേരിയിലെത്തി. കാരണവർ ധർമ്മസങ്കടത്തിലായി. നായൻമാരുടെ വിശ്വാസങ്ങളും ആചാരമര്യാദകളും പിൻതുടർന്നു പോകുമ്പോൾ എങ്ങനെ ഈ പ്രശ്നത്തിൽ ഇടപെടാനാകും. മേൽജാതി

ക്കാരുടെ പ്രാമാണിത്തത്തെ ഈഴവർ ചോദ്യം ചെയ്യുന്നത് കാരണവർക്ക് ഇഷ്ടമായില്ല. പടിഞ്ഞാറെക്കരയിലെ ഈഴവൻ കിഴക്കേക്കരയിലെ നായൻമാരെ കടന്നാക്രമിച്ചതിൽ അദ്ദേഹത്തിന് കടുത്ത അമർഷമുണ്ട്. പക്ഷെ മംഗലശ്ശേരിയിലെ നിത്യശത്രുക്കളായ പച്ചാഴിക്കാരാണ് വഴക്കിന് കാരണ മുണ്ടാക്കിയത്. അതുകൊണ്ട് കാരണവർക്ക് നായൻമാരെ സഹായിക്കാനോ പ്രശ്നത്തിൽ ഇടപെടാനോ സാധിക്കില്ല. കുഞ്ഞന്റെ വീട്ടിലേക്ക് നായർപ്പട മാർച്ചു ചെയ്തു. കാരണവർ വെട്ടുകത്തിയുമായി പടിപ്പുരയിൽ നിന്നു. കുഞ്ഞന്റെ വീട്ടിലെത്തിയ നായർപ്പട വീടിനു തീ വയ്ക്കാനൊരുങ്ങി. കാര ണവർ വേലിവെട്ടിപ്പൊളിച്ച് കുഞ്ഞന്റെ വീട്ടുമുറ്റത്തെത്തി. കത്തിച്ച ചൂട്ടോ ടുകൂടി ഒരുകൈ പുരയ്ക്കുനേരെ ഉയർന്നു. കാരണവർ വെട്ടുകത്തി ആഞ്ഞു വീശി. ചൂട്ടോടുകൂടി ആ കൈ നിലത്തുവീണു. പിശാചിനെപ്പോലെ അദ്ദേഹം അലറി. ആൾക്കാർ പേടിയോടെ പലവഴി പാഞ്ഞു. ലഹളയുടെ പേരിൽ പിന്നീട് ആരും കുഞ്ഞന്റെ മക്കളെ ഉപദ്രവിച്ചില്ല.

കുഞ്ഞന്റെ മകൻ വാസു മോശമായ രീതിയിൽ ഇടപെട്ടത് കാരണ വരെ വേദനിപ്പിച്ചു. തീവയ്ക്കാൻ വന്നപ്പോൾ കൈവെട്ടാൻ ഞങ്ങൾ ആവ ശ്യപ്പെട്ടില്ല. ഒരു നായരുടേയും സഹായം ഞങ്ങൾക്കാവശ്യമില്ല. നായരുടെ കാരുണ്യംകൊണ്ടല്ല ഈഴവൻ ജീവിക്കുന്നത് എന്നും വാസു കൂട്ടിച്ചേർത്തു. 'നന്ദിയില്ലാത്ത കൊട്ടീ'എന്ന് ആദ്യമായി കാരണവർ അവനെ വിളിച്ചു. കുഞ്ഞന്റെ മകനായതുകൊണ്ട് അവനെ തല്ലിയില്ല. പക്ഷെ തന്റെ യജമാന സ്നേഹം ആവശ്യമില്ലാത്തിടങ്ങളിലേക്കാണ് ഒഴുകുന്നതെന്ന് ആദ്യമായി കാരണവർക്ക് ബോധ്യപ്പെട്ടു. തന്റെ അധികാരസ്ഥാനത്തെ കുഞ്ഞന്റെ മകൻ ചോദ്യം ചെയ്തത് കാരണവരെ തകർത്തുകളഞ്ഞു. പച്ചാഴിക്കാരുമായുള്ള വഴക്കിൽപോലും പിടിച്ചു നിന്ന കാരണവർക്ക് ഇത് താങ്ങാനായില്ല. പച്ചാ ഴിത്തറവാടുൾപ്പെടുന്ന പ്രദേശങ്ങളും വരുതിയിൽ വച്ചുകൊണ്ട് ഏകാധിപ തിയായിക്കഴിഞ്ഞ കാരണവർ നേരിടുന്ന ദുരന്തത്തിലൂടെ ഫ്യൂഡലിസത്തിന്റെ തകർച്ചയാണ് ആവിഷ്ക്കരിക്കുന്നത്.[29]

നിലനിന്നിരുന്ന ഒരധികാരവ്യവസ്ഥയുടെ വാഹകനായിരുന്നു പത്മ നാഭപിള്ളക്കാരണവർ. അധികാരസഥാനത്തിരുന്ന് അതിന്റെ ഗുണങ്ങൾ അനുഭവിക്കുകയും ഏകാധിപത്യരീതിയിൽ തീരുമാനങ്ങളെടുക്കുകയും മറ്റുള്ളവരെ അതിന്റെ നിയന്ത്രണത്തിൻ കീഴിലാക്കുകയോ ചെയ്തുവരികയായിരുന്നു. മുക്കോണക്കരയുടെ കിഴക്കേക്കോണിലുള്ള മംഗലശ്ശേരിത്തറവാട് എന്ന ചെറിയ പ്രദേശമായിരുന്നു കാരണവരുടെ അധികാരമേഖല. അതിൽ ഉൾപ്പെടുന്ന ആൾക്കാരെയും സഹോദരങ്ങളേയും വിവാഹത്തിലൂടെ ലഭിച്ച പുതിയ ബന്ധുക്കളേയും അയാൾ ഇതിനു കീഴിലാക്കുന്നു. ഈ ആൾക്കാരെല്ലാം അയാളുടെ ഇരകളോ ഇച്ഛാനുസാരികളോ ആയിത്തീരുന്നു. ഇവരെയൊക്കെ തന്റെ ആഗ്രഹത്തിനൊത്ത് നയിച്ച് മുന്നോട്ടുകൊണ്ടുപോയി മനസ്സിലെ തീരുമാനങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കുമ്പോഴുള്ള പ്രശ്നങ്ങൾ നോവലിനു വിഷയമാകുന്നു. അതിനെതിരേയുള്ള മറ്റുള്ളവരുടെ പ്രശ്നങ്ങളാണ് തറവാടിന്റെ തകർച്ചയ്ക്ക് കാരണമാകുന്നത്. കേരളത്തിലെ മൂന്നു സമുദായങ്ങൾ-നായർ, ഈഴവ, ക്രിസ്ത്യൻ-അർദ്ധമനസ്സോടെ ഫ്യൂഡൽ ജീവിതരീതിയോട് വിടപറഞ്ഞ് പുതിയ കാലഘട്ടത്തെ സ്വാഗതം ചെയ്യുന്നതിന്റെ കാലക്രമമനുസരിച്ചുള്ള വിവരണമാണ് നോവലിൽ പറഞ്ഞിരിക്കുന്നത്. മുഖ്യകഥാപാത്രമായ പത്മനാഭപിള്ള ദുരന്തനായകൻമാരുടെ ഊർജ്ജാതിപ്രസരം വഹിക്കുന്ന ഒരതികായസൃഷ്ടിയാണ്. അയാൾ നശിക്കാനിടവരുന്നത് അതിരുകടന്ന മഹാമനസ്കതയും നേർബുദ്ധിയും കുലീനമനഃസ്ഥിതിയും കൊണ്ടാണ്. മൂല്യങ്ങൾ മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൽ അയാളുടെ ചിന്താഗതികൾ അപ്രായോഗികമായിപ്പോകുന്നു. അയാൾ തോൽപ്പിക്കപ്പെടുന്നു. പത്മനാഭപിള്ളയുടെ അന്ത്യം നടക്കുന്നത് ശാരീരികവും മാനസികവുമായ തകർച്ചയിലാണ്. ജന്മിത്തത്തിന്റെ തിൻമയോടൊപ്പം നന്മയേയും പ്രതിനിധാനം ചെയ്യുന്ന പത്മനാഭപിള്ള കാരണവരുടെ ആത്യന്തികമായ തകർച്ച അനുവാചകരെ വിഷാദമഗ്നരാക്കുന്നു.[30]

ഫ്യൂഡൽ വ്യവസ്ഥയുടെ മൂല്യങ്ങളെ ഉൾക്കൊണ്ടു ജീവിച്ച പത്മനാഭപിള്ളയ്ക്ക് തന്റെ കാലം കഴിഞ്ഞത് മനസ്സിലാക്കാൻ കഴിഞ്ഞു. ചുറ്റുപാടുമുള്ള മാറ്റങ്ങളെ അയാൾ ഉൾക്കൊള്ളുന്നു. തന്റെ മേൽ നിലനിന്നിരുന്ന അധികാരവ്യവസ്ഥയ്ക്കു കീഴിൽ നിന്നിരുന്നവരുടെ അഭാവം അയാളെ അസ്വസ്ഥനാക്കി. തനിക്ക് അധികാരസ്ഥാനം നൽകിയവർതന്നെ വിട്ടുപിരിഞ്ഞതിൽ അയാൾക്ക് അത്യധികമായ ദുഃഖമുണ്ടാക്കി. ഗ്രാമീണമായ നല്ല അവസ്ഥകളും കാർഷികമേഖലയുമായി ബന്ധപ്പെട്ട നല്ലനാളുകളും അസ്തമിച്ചതായി അയാൾക്ക് മനസ്സിലായി. അത് അംഗീകരിക്കാൻ അയാൾ തയ്യാറായിരുന്നു. ജയിലിൽ നിന്നു പുറത്തുവന്നപ്പോൾ തന്റെ അധികാരവ്യവസ്ഥയെ നിലനിർത്തിയവർ ഒരിക്കൽക്കൂടി പഴയകാലം തുടരാൻ ആവശ്യപ്പെട്ടപ്പോൾ അയാൾ തകർന്നുപോയി. ഇക്കാര്യം മുൻഭാഗത്ത് സൂചിപ്പിച്ചതാണ്. ജൻമിത്തത്തിന്റെ ശീലങ്ങളോട് പൊരുത്തപ്പെട്ട ജീവിതശൈലി മാറ്റിയെടുക്കാൻ ജയിൽവാസംകൊണ്ട് സാധിച്ചു. അതുകൊണ്ടുതന്നെ തിരിച്ചു വന്ന് പഴയതുപോലെ ചാരുകസേരയിൽ പൂമുഖത്തിരിക്കാൻ അയാൾക്ക് കഴിയുന്നില്ല. പുതിയ തലമുറയുടെ കാര്യപ്രാപ്തിയെ വിശ്വസിച്ചുകൊണ്ട് അവിടെ നിന്നും പോകാനാണ് അയാൾ തീരുമാനിക്കുന്നത്. പഴയതൊക്കെ മറക്കാനും മോക്ഷപ്രാപ്തിക്കും വേണ്ടിയാണ് കുഞ്ഞനൊപ്പം കാശിക്കുപോകുന്നത്. കാരണവരുടെ അധികാരഭാവം സഹനത്തിന്റേയും വിട്ടുവീഴ്ചയുടേയും പ്രതീകമായി നിലനിൽക്കുന്നു. ഫ്യൂഡലിസത്തിന്റെ തകർച്ച, അധഃസ്ഥിതരും പിന്നോക്കക്കാരുമായ ജനവിഭാഗങ്ങളുടെ വളർച്ച, അധ്വാനശീലരായ പുതിയജനസമൂഹത്തിന്റെ ഉയർച്ച എന്നിങ്ങനെ സമ്പത്തികമേഖലയിൽ സംഭവിച്ച പരിവർത്തനങ്ങൾ വ്യത്യസ്തകഥാപാത്രങ്ങളിലൂടെ യാഥാർത്ഥ്യപ്രതീതിയുള്ള ചിത്രീകരണത്തിലൂടെ അദ്ദേഹം അവതരിപ്പിക്കുന്നു.[31]

**ജാതിവ്യവസ്ഥ**

മലയാളത്തിലെ നവോത്ഥാനകാലനോവലിസ്റ്റുകൾ സമൂഹത്തിന്റെ ഘടനയെ ശക്തമായി വിമർശിക്കാൻ ധൈര്യം കാട്ടി. ജാതിമതചിന്തകൾക്ക

തീതമായ നവസമൂഹം അവർ സ്വപ്നം കണ്ടു. സാമുദായികസംഘടനകളും അയിത്തോച്ചാടനയത്നങ്ങളും കേരളമണ്ണിൽ പ്രവർത്തനം തുടരുമ്പോൾ അതിന്റെ പ്രതിഫലനം കേശവദേവിന്റെ നോവലുകളിൽ പ്രകടമായി. മനുഷ്യനാണ് സർവ്വപ്രധാനമെന്ന തത്ത്വം തന്റെ കൃതികളിൽ അദ്ദേഹം ഉറപ്പിക്കുന്നു. ജാതിവ്യവസ്ഥ സമൂഹത്തിൽ വ്യത്യസ്തതരത്തിലുള്ള മൂല്യങ്ങൾ സൃഷ്ടിക്കുമ്പോൾ അതിനെയൊക്കെ അതിജീവിച്ച് നിലനിൽക്കുന്ന ശ്രേഷ്ഠമായ മൂല്യം മനുഷ്യത്വമാണെന്ന് കണ്ടെത്തി. സ്നേഹത്തിലധിഷ്ഠിതമായ മാനുഷികതയ്ക്ക് പ്രാധാന്യം കൊടുക്കുന്നതിനാൽ പല നോവലുകളും അവസാനിക്കുന്നത് മനുഷ്യത്വത്തിന്റെ മഹത്വം വിളംബരം ചെയ്തുകൊണ്ടാണ്. ജാതിക്കോമരങ്ങൾ നോവലുകളുടെ ആദ്യഭാഗത്ത് ഉറഞ്ഞുതുള്ളുമെങ്കിലും കഥാന്ത്യത്തിൽ മാനുഷികബന്ധങ്ങൾ എല്ലാ വിഭാഗീയചിന്തകൾക്കും അതീതമായി നിലനിൽക്കുമെന്ന് വ്യക്തമാക്കി അവസാനിപ്പിക്കുകയാണ് പതിവ്. താൻ ഉൾപ്പെടുന്ന സമൂഹത്തിന്റെ ധാർമ്മികമൂല്യങ്ങളെ ശക്തമായ ഭാഷയിൽ വിമർശിക്കാൻ കേശവദേവിനു കഴിഞ്ഞു. സ്നേഹത്തിന്റേയും പരസ്പരസാഹോദര്യത്തിന്റേയും അടിസ്ഥാനത്തിൽ നിലനിൽക്കുന്ന ഒരു സമൂഹം തങ്ങളുടെ കൃതികളിൽ ചിത്രീകരിക്കാൻ നവോത്ഥാനകാലനോവലിസ്റ്റുകൾക്ക് കഴിഞ്ഞു.

സാമൂഹികപുരോഗതിയ്ക്ക് വിഘാതമായി കാണപ്പെടുന്ന എല്ലാ മാമൂലുകളും പാരമ്പര്യങ്ങളും തച്ചുടയ്ക്കണമെന്നും അത്തരം മൂല്യങ്ങളെ മഹത്വവത്ക്കരിക്കുന്ന രാമായണ മഹാഭാരതാദികൾ വേണ്ടിവന്നാൽ ചുട്ടെരിക്കണമെന്നും കേശവദേവ് പ്രസ്താവിച്ചു.[32] അങ്ങനെ മാനുഷികമൂല്യങ്ങളെ വിലമതിയ്ക്കുന്ന നോവലിസ്റ്റ് നിശിതമായ സാമൂഹികവിമർശനത്തിനു തയാറായി. കണ്ണാടിയിലും അധികാരത്തിലും അയൽക്കാരിലും ജാതിചിന്തയുടെ അടിയൊഴുക്കുകൾ കാണാമെങ്കിലും ആത്യന്തികമായി വ്യക്തിസ്വാതന്ത്ര്യത്തിനാണ് പ്രാധാന്യം.

ജാതിമതസംസ്കാരങ്ങൾ മുതലാളിത്തത്തിന്റെ സംഭാവനയാണെന്ന് മാർക്സ് വാദിക്കുമ്പോൾ അതിൽ വിശ്വസിച്ചിരുന്ന നോവലിസ്റ്റ് 'കണ്ണാടി' യിൽ ജാതിവ്യവസ്ഥയിലധിഷ്ഠിതമായ ഹോട്ടലുകൾ പിന്നീട് തകർന്നുപോകുന്നതായി ചിത്രീകരിക്കുന്നു. തനിക്കു ചുറ്റും കാണപ്പെട്ട സാമൂഹികാന്തരീക്ഷത്തെ സത്യസന്ധമായി വരച്ചുകാട്ടി കഥാഗതിയ്ക്കു വിഘ്നം വരാതെ തന്നെ അതിന് സ്വന്തം ഭാവനയ്ക്കനുസരിച്ച് പരിസമാപ്തി കണ്ടെത്തുകയായിരുന്നു അദ്ദേഹം. മനുഷ്യനെ ഞെരിക്കുന്ന ചട്ടക്കൂടുകൾക്കെതിരെ നിരന്തരം പടപൊരുതിക്കൊണ്ടിരുന്ന ദേവ് തികഞ്ഞ ഹ്യൂമനിസ്റ്റാണ്. മാനവികമായ ജീവിതവീക്ഷണമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. വ്യക്തിത്വവികാസത്തിനു സാധകമായ സാമൂഹികാവസ്ഥ മാത്രമേ നോവലിന്റെ ചിത്രീകരണത്തിനായി കേശവദേവ് തെരഞ്ഞെടുത്തിരുന്നുള്ളൂ. സ്വന്തം ഭാവംകൊണ്ട് കഥാപാത്രങ്ങൾക്ക് മിഴിവ് നൽകുന്നതോടൊപ്പം സമൂഹചേതനയുടെ വിഷലിപ്താവസ്ഥ പൂർണ്ണമായി മറനീക്കിക്കാട്ടാനും കേശവദേവിന്റെ തൂലികയ്ക്ക് കഴിഞ്ഞു.[33]

സാമൂഹ്യവ്യവസ്ഥയിൽ ഉയർന്നനിലയിൽ വർത്തിച്ചിരുന്നവർ അധികാരവ്യവസ്ഥയിലും ഉന്നതസ്ഥാനത്തായിരുന്നു. നിശ്ചിതമായ തൊഴിൽ ചെയ്യുന്നവരും പരമ്പരാഗതമായ സ്ഥാനക്രമം അനുസരിച്ചു കഴിയുന്നവരുമായിരുന്നു ജാതിവ്യവസ്ഥയിൽ ഉൾപ്പെട്ടിരുന്നത്. ജാതിമര്യാദയിലും, പെരുമാറ്റരീതിയിലും, ആചാരാനുഷ്ഠാനങ്ങളിലും. ചടങ്ങുകളിലും വിശ്വാസരീതികളിലും വേർതിരിവുകളുണ്ടായിരുന്നു. ബ്രാഹ്മണമേധാവിത്വത്തിന്റെ അധികാരപദവിക്കു താഴെനിൽക്കുന്ന ഇതരവിഭാഗങ്ങൾ ജാതിവ്യവസ്ഥയ്ക്ക് അധീനരായിരുന്നു. പരമവിശുദ്ധജാതിയായ ബ്രാഹ്മണർ കഴിഞ്ഞാൽ കേരളീയ ജാതിസമൂഹത്തിൽ മറ്റുസകലജാതികളും തീണ്ടൽ ജാതികളാണ്.[34] ബ്രാഹ്മണാധിപത്യത്തിന്റെ അധികാരമേഖലയിൽ കടന്നുവരുന്ന ഇതരജാതിക്കാരെ തീണ്ടാപ്പാട് അകറ്റി നിർത്തിയിരുന്നു. അയിത്തം കല്പിച്ച് ഇതരജാതിക്കാരെ തങ്ങളുടെ അധികാരപദവിയ്ക്ക് കീഴെയാക്കുകയാണ് ബ്രാഹ്മണർ ചെയ്തത്.

ഓരോ ജാതിയിലും പെട്ടവർ അതിനു കീഴെയുള്ള ജാതിക്കാരുടെ മേൽ അധികാരപ്രയോഗം നടത്തിയിരുന്നു. അനാചാരങ്ങളും അന്ധവിശ്വാസങ്ങളും നിറഞ്ഞുനിന്ന കേരളീയസാഹചര്യത്തിൽ അതൊക്കെ സംഭവിച്ചതിൽ അത്ഭുതമില്ല. ഏറ്റവും താഴെക്കിടയിലുള്ളവർ ബ്രാഹ്മണമേധാവിത്വത്തിന്റെ ദൂഷ്യഫലങ്ങൾ ഏറെ അനുഭവിച്ചവരാണ്. വൈദേശികാധിപത്യത്തിനുമുന്നിലാണ് ജാതിവ്യവസ്ഥ അല്പമൊന്ന് തളർന്നുതാണത്. അതുവരേയ്ക്കും ജാതിവ്യവസ്ഥയുടെ പേരിൽ ബ്രാഹ്മണസമൂഹം മറ്റുള്ളവരെ അടിമകളാക്കി വച്ചിരിക്കുകയായിരുന്നു.

വ്യവസായികരംഗത്തെ പുരോഗതി, സാമൂഹികപരിഷ്കരണ ശ്രമങ്ങൾ, പാശ്ചാത്യവത്ക്കരണം എന്നിവകൊണ്ട് ജാതിവ്യവസ്ഥയ്ക്ക് ഇളക്കം തട്ടി. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ വ്യാപനം ആൾക്കാരെ ചിന്തിക്കാൻ പ്രേരിപ്പിച്ചു. ജാതിവ്യവസ്ഥയുടെ അർത്ഥശൂന്യത ചിലർക്കെങ്കിലും ബോധ്യപ്പെട്ടു. വ്യാവസായികവിപ്ലവം കുലത്തൊഴിലുകളെ ഇല്ലാതാക്കി. തൻമൂലം തൊഴിലിന്റെ അടിസ്ഥാനത്തിൽ ജാതി നിർണ്ണയിക്കാൻ കഴിയാതെ വന്നു. നഗരവത്ക്കരണം അയിത്തം ഇല്ലാതാക്കി. വിവിധദേശങ്ങളിൽ നിന്നും കുടിയേറിപ്പാർക്കുന്നവർ തമ്മിൽ ജാതിയടിസ്ഥാനത്തിൽ താമസിക്കാൻ കഴിയാതെയായി. ജാതിയുടെ അതിർവരമ്പുകൾ തകർക്കുന്ന പുതിയ വർഗ്ഗങ്ങൾ ഉദയം ചെയ്തു. (മുതലാളി-തൊഴിലാളി വർഗ്ഗങ്ങൾ) ജാതിയുടെ സ്ഥാനത്ത് സമ്പത്തിന്റെ അടിസ്ഥാനത്തിലാണ് പുതിയവർഗ്ഗം ഉണ്ടായത്.

ആധുനികകാലത്ത് ഇതിനു മാറ്റം വന്നിരിക്കുന്നു. ജാതിസംഘടനകൾ നിലവിൽ വന്നു. ആരംഭത്തിൽ വളരെ പതിയെയായിരുന്നെങ്കിലും അധികാരമേഖലകളിൽ, സംഘടനകൾ പടർന്നുപന്തലിച്ചിരിക്കുകയാണ്. ജാതിയുടെ പേരിൽ അവകാശങ്ങൾ സംരക്ഷിക്കാൻ സമരങ്ങളും പ്രക്ഷോഭങ്ങളും നടക്കുന്നു. മറ്റു ജാതി, മതവിഭാഗങ്ങളെ നിസ്സാരമായി കാണുകയാണ് ഉയർന്ന ജാതിസംഘടനകൾ. ഇവർ പത്രങ്ങളും മാസികകളും ബുള്ളറ്റിനുകളും പ്രസിദ്ധീകരിക്കുന്നു. ജാതിയടിസ്ഥാനത്തിൽ പ്രത്യേകപദ്ധതികൾ നടപ്പിലാക്കുന്നു.

ചില ജാതിസംഘടനകളുടേതായി ട്രസ്റ്റുകൾ പ്രവർത്തനമാരംഭിച്ചിരിക്കുന്നു. പൊതു തെരഞ്ഞെടുപ്പു സമയങ്ങളിൽ ജാതിയടിസ്ഥാനത്തിൽ പാർട്ടികൾ ആൾക്കാരെ സ്ഥാനാർത്ഥികളാക്കുന്നു. ഒരേ ജാതിയിലുള്ള ആൾക്കാർ താമസിക്കുന്ന മേഖലകളിൽ ജാതിപറഞ്ഞ് വോട്ടുചോദിക്കുന്നു. ജാതിയടിസ്ഥാനത്തിൽ പാർട്ടികൾ രൂപംകൊള്ളുന്ന അവസ്ഥവരെ സംഭവിച്ചിരിക്കുന്നു. ജാതിസംഘടനകൾ ജാതീയമായ ഐക്യം രൂപീകരിക്കാനുള്ളതാണ്. പൊതുവായ ലക്ഷ്യത്തിനുവേണ്ടി ജാതിമത ചിന്തകളില്ലാതെ പ്രവർത്തിച്ച നാടാണ് ഭാരതം. ബ്രിട്ടീഷുകാർ ജാതിചിന്തകളെ ഉണർത്തിവിടാൻ പല കുരുട്ടുതന്ത്രങ്ങളും പ്രയോഗിച്ചെങ്കിലും ഭാരതീയർ ഒരുമിച്ചുനിന്ന് പോരാടി. ജാതിചിന്തയില്ലാതെ പ്രവർത്തിച്ചതുകൊണ്ടാണ് സ്വാതന്ത്ര്യം ലഭിച്ചത്. ജാതിരഹിതമായ ഒരു സമൂഹമാണ് ഭരണഘടന വിഭാവനം ചെയ്യുന്നത്. അധികാരതലങ്ങളിൽ ചിലർക്ക് സ്ഥാനം നേടാനാണ് ജാതിരാഷ്ട്രീയത്തെ ഇന്നും പ്രോത്സാഹിപ്പിക്കുന്നത്.

കേരളത്തിലെ ഹിന്ദുസമുദായത്തിൽ ശക്തമായി നിലനിന്നിരുന്ന ജാതിവ്യവസ്ഥയും അതിന്റെ സങ്കീർണ്ണ പ്രശ്നങ്ങളും കേശവദേവിന്റെ നോവലുകളിൽ തെളിഞ്ഞുകാണാം. ഉന്നതജാതിയിൽപ്പെട്ടവർ സമൂഹത്തിന്റെ ഉത്കൃഷ്ടതലങ്ങളിലും താഴ്ന്നജാതിയിൽപ്പെട്ടവർ അധോതലത്തിലുമാണ് കഴിഞ്ഞു പോന്നത്. താഴ്ന്ന ജാതിക്കാർ പല തരത്തിലുമുള്ള മർദ്ദനങ്ങൾക്കും ചൂഷണങ്ങൾക്കും വിധേയരായി. ജാതിവ്യവസ്ഥ വളരെ കർശനമായിത്തന്നെ പരിപാലിക്കപ്പെട്ടിരുന്നു. സമൂഹത്തിലെ ഉന്നതമായ സ്ഥാനങ്ങളൊക്കെ സവർണ്ണസമുദായത്തിൽപ്പെട്ടവർക്കായിരുന്നു. അധഃസ്ഥിതരിൽത്തന്നെ താരതമ്യേന ഉയർന്നവരെന്നു കരുതപ്പെട്ടിരുന്ന ചില അവർണ്ണവിഭാഗങ്ങൾ തങ്ങളേക്കാൾ താഴ്ന്നവരുമായി തീണ്ടലും തൊടീലും പാലിച്ചിരുന്നു. സാമൂഹിക പീഡനങ്ങൾക്കു വിധേയരായ അവർണ്ണഹിന്ദുക്കൾ ക്രിസ്തുമതമോ ഇസ്ലാം മതമോ സ്വീകരിച്ചാൽ അവർക്ക് അയിത്തമില്ലായിരുന്നു. താഴ്ന്നജാതികൾ പീഡനത്തെ ഭയന്ന് സ്വമേധയാ മതപരിവർത്തനത്തിന് വിധേയരായി.

ബ്രിട്ടീഷ് ഭരണത്തോടെ ഇംഗ്ലീഷ് വിദ്യാഭ്യാസം സർവ്വത്ര പ്രചാരത്തി ലായപ്പോൾ നടന്ന പാശ്ചാത്യവത്ക്കരണം ജാതിവ്യവസ്ഥയിൽ മാറ്റം വരുത്തി.

ജാതീയമായ ഉച്ചനീചത്വങ്ങൾ ഏറ്റവും തീവ്രമായി കണ്ണാടിയിൽ കേശവദേവ് ചിത്രീകരിച്ചിരിക്കുന്നു. അധ്വാനിക്കുന്ന സാധാരണക്കാരായ ആൾക്കാർക്കിടയിൽ ജാതിയടിസ്ഥാനത്തിലുള്ള പ്രശ്നങ്ങളുണ്ടാക്കി അവരെ പരസ്പരം ഭിന്നിപ്പിച്ച് തങ്ങളുടെ അധികാരം ഉറപ്പിക്കുന്ന മുതലാളിമാരെ ഈ നോവലിൽ കാണാം. കൊച്ചുരാമൻ എന്ന ഈഴവയുവാവ് നീലി എന്ന പുലയപ്പെണ്ണുമായി കൂട്ടുകാരൻ വാസുവിന്റെ വീട്ടിൽ എത്തുന്നു. അവിടെ വച്ച് കണ്ടുമുട്ടുന്ന ഉപദേശിയുടെ സഹായത്താൽ കൊച്ചുരാമൻ മതംമാറാൻ തീരുമാനിച്ചു. അടുത്തദിവസം രാവിലെ വറീതുമുതലാളിയുടെ വീട്ടിൽപോയി തിരികെവന്ന കൊച്ചുരാമൻ നീലിയോടു പറഞ്ഞു 'കർത്താവിന്റെ വഴിയാണ് നമ്മുടെ വഴി'-കൊച്ചുരാമനും നീലിയും മാമോദീസാമുങ്ങി വർക്കി, ഏലി എന്നീ പേരുകൾ സ്വീകരിച്ചു. സവർണ്ണാധിപത്യം പടുത്തുയർത്തിയത് ജാതി വ്യവസ്ഥയായതിനാൽ അവർണ്ണരുടെ സ്ഥിതി ഏറെ പരിതാപകരമായിരുന്നു. അവർണ്ണഹിന്ദുക്കൾ മതപരിവർത്തനം നടത്തി ക്രിസ്ത്യാനികളായാൽ അവർക്ക് ജാതിവ്യവസ്ഥയുടെ വിവേചനങ്ങളിൽ നിന്ന് വിടുതൽ ലഭിച്ചി രുന്നു. അതുകൊണ്ടാണ് കൊച്ചുരാമനും നീലിയും ക്രിസ്തുമതം സ്വീകരി ച്ചത്. മേൽജാതിക്കാരുടെ അധികാരനിയന്ത്രണങ്ങളിൽ നിന്നു രക്ഷപ്പെടാൻ അനേകം പേർ മതപരിവർത്തനം നടത്തിയിരുന്നു. അടിച്ചമർത്തപ്പെട്ട ഒരു വിഭാഗത്തിന്റെ സ്വാതന്ത്ര്യമോഹമാണ് മതപരിവർത്തനത്തിൽ കാണാൻ കഴി യുന്നത്. സ്വാതന്ത്ര്യബോധമുള്ള ഒരു തലമുറയുടെ ഉയിർത്തെഴുന്നേൽപ്പാണ് ഇതിലൂടെ നടന്നത്. അഹിംസാത്മകവും ദാരിദ്ര്യമുക്തവും വ്യക്തിസ്വാത ന്ത്ര്യവുമുള്ള ഒരു ആദർശസമൂഹം കേശവദേവ് സ്വപ്നം കണ്ടു.[35] അതിന്റെ പ്രാരംഭപ്രവർത്തനമെന്ന നിലയിൽ മതപരിവർത്തനം ചിത്രീകരിച്ചിരിക്കുന്നു.

ജാതിവ്യവസ്ഥയുടെ പ്രശ്നങ്ങളിൽ 'കണ്ണാടി' എന്ന നോവലിലെ മറ്റു ചില കഥാപാത്രങ്ങൾ ഇരകളാകുന്നതും ദേവ് ചിത്രീകരിച്ചിരിക്കുന്നു. വറീതുമുതലാളിയുടെ തൊഴിലാളികളെ ജാതിയുടെ അടിസ്ഥാനത്തിൽ ഭിന്നിപ്പിക്കാൻ നോക്കുന്ന കുഞ്ഞുശങ്കരൻ മുതലാളി. പ്രതിയോഗിയായി പുതുമഴയ്ക്ക് ഉയർന്നുവന്ന തകരയായിരുന്നു അയാൾ. ഈഴവനായ ശങ്കരൻ വറീതുമുതലാളിയുടെ കമ്പനിയിൽ പണിയെടുക്കുന്ന സ്വജാതിക്കാരെ വശത്താക്കാൻ ശ്രമിച്ചു. അയാളുടെ തന്ത്രങ്ങളെക്കുറിച്ച് അറിഞ്ഞപ്പോൾ വറീതുമുതലാളിയുടെ ജോലിക്കാരൻ സണ്ണി പ്രതികരിച്ചത് ഇപ്രകാരമാണ് "ചോമ്മർക്ക് കണ്ണുകടിയാണ്. മാപ്ലമാര് പണക്കാരാവണത് കണ്ടപ്പോള് ചോമ്മർക്ക് കണ്ണുകടി. അതിനാലാണ് മാപ്ലമാരുടെ കമ്പനിയിലെ വേലക്കാരെ പറഞ്ഞിളക്കി കൊഴപ്പമുണ്ടാക്കണത്." സണ്ണിയുടെ അഭിപ്രായത്തോട് പ്രതികരിക്കുന്നത് മുറുക്കാൻ കടക്കാരൻ വാസുവാണ്. അയാൾ പിച്ചാത്തിയെടുത്ത് നിവർത്തിക്കൊണ്ട് പറഞ്ഞു "ചോമ്മാരോട് കളിക്കണകളി ചീത്തയാണേ. ചോമ്മാരെക്കൊണ്ട് പണിയെടുപ്പിച്ച് മാപ്ലമാര് പണക്കാരാവാമെന്ന് കരുതണതെങ്കിൽ അത് നടക്കുകേലാ". അധികാരകേന്ദ്രത്തിനു കീഴിൽ നിൽക്കുന്നവർ പലപ്പോഴും വിധേയത്വത്തോടെ നേതൃസ്ഥാനത്തെ ബഹുമാനിക്കുകയും അവർക്കുവേണ്ടി ശബ്ദമുയർത്തുകയും ചെയ്യും. അധികാരകേന്ദ്രം എപ്പോഴും തങ്ങൾക്കുവേണ്ടി പ്രവർത്തിക്കും എന്ന് അവർ കരുതുന്നു. അതുകൊണ്ടുതന്നെ നേതാവിനുവേണ്ടി അവർ തുടർച്ചയായി ശബ്ദമുയർത്തുന്നു. എന്നാൽ ഈ ജാതിമതഭിന്നിപ്പുകളെയെല്ലാം ബോധപൂർവ്വം എതിർത്തുകൊണ്ട് തൊഴിലാളിപ്രസ്ഥാനം സ്വന്തം അണികളിൽ ഐക്യം സ്ഥാപിച്ചതും ദേവ് തുടർന്ന് കാട്ടിത്തരുന്നു.

സണ്ണിയുടെ വാക്കുകളും വാസുവിന്റെ പ്രതികരണവും എല്ലായിടത്തും പരന്നു, ക്ഷോഭജനകമായ രംഗം അരങ്ങേറുമെന്ന് വായനക്കാരന് തോന്നാം. "മാപ്ലമുതലാളിമാർക്ക് പണമുണ്ടാക്കാൻ മാപ്ലത്തൊഴിലാളി

കളെകൊണ്ടാണ് പണിയെടുപ്പിക്കേണ്ടത്. അതാണ് ഞായം. ഞാനങ്ങെന യാണ് ചെയ്യുന്നത്. കുഞ്ഞുശങ്കരൻ മുതലാളിയുടെ അഭിപ്രായം ജാതി ചിന്തയെ ആളിക്കത്തിക്കാൻ പര്യാപ്തമായി. മാപ്ലത്തൊഴിലാളികളെല്ലാം മാപ്ല മുതലാളിമാരോട് കൂറുപുലർത്തണമെന്ന് വറീതുമുതലാളിയുടെ ഫാക്ടറി യിൽ സണ്ണി പ്രചരണം നടത്തി. ചോമ്മാര് ആരെങ്കിലും വറീതുമുതലാളി ക്കായി പണിക്കുപോയാൽ കൂടുതൽ കാശു ചോദിക്കണമെന്ന് കുഞ്ഞുശങ്ക രൻ മുതലാളി പറഞ്ഞു. വറീതുമുതലാളിയും തന്റെ മതവിഭാഗത്തിൽപ്പെട്ട വരോട് കൂടുതൽ താത്പര്യം കാണിക്കുവാനും തുടങ്ങി. ക്രിസ്ത്യാനിയായ മുതലാളിക്കുവേണ്ടി ക്രിസ്ത്യാനിത്തൊഴിലാളികളെ വരുതിയിൽ നിർത്തി ഈഴവത്തൊഴിലാളികളുമായി തമ്മിൽത്തല്ലിക്കാൻ കമ്പനിമൂപ്പൻ നടത്തുന്ന ശ്രമത്തെ തൊഴിലാളികൾ നേരിടുന്നു. ഒരുകാലത്ത് ആലപ്പുഴയിലെ തൊഴി ലാളികൾക്കിടയിൽ ഉണ്ടായ ജാതിമതഭിന്നിപ്പുകളെയെല്ലാം ബോധപൂർവ്വം തടഞ്ഞ് കേശവദേവ് അവരെ ഒരുമിച്ചു നിർത്തി തൊഴിലാളിപ്രസ്ഥാനം ആരം ഭിച്ചത് ഇവിടെ ഓർക്കാം. അണികളിൽ ഐക്യവും പ്രസ്ഥാനത്തോട് വിശ്വാസവും വരുത്തിയത് എങ്ങനെയായിരുന്നുവെന്ന് ദേവ് കാട്ടിത്തരുന്നു. നാടുവാഴിത്തത്തിന്റെകാലത്തെ ദാനധർമ്മങ്ങളുടെ സ്ഥാനത്ത് ധനസമ്പാദ നത്തിൽക്കവിഞ്ഞ് വേറെ ധർമ്മമില്ലെന്ന മുതലാളിത്തമനഃസ്ഥിതി വിശ്വാസ പ്രമാണമായി പ്രതിഷ്ഠിക്കപ്പെട്ട കാലമായിരുന്നു അത്. രാജ്യത്തെ തൊഴി ലാളി വർഗ്ഗങ്ങളിൽ പുതിയ ഒരു അവബോധം ഉദയം ചെയ്യുന്നതിന്റേയും, നിരാശയുടെ പടുകുഴിയിൽ എടുത്തെറിയപ്പെട്ട പാവങ്ങൾ അതിൽനിന്നു കരകയറാൻ നടത്തുന്ന തീവ്രപരിശ്രമത്തിന്റെയും കഥകൂടി 'കണ്ണാടി' പറയുന്നു.

അധികാരവർഗ്ഗത്തിന്റെ ചൂഷണനിലപാടുകൾക്ക് ഇരയാകേണ്ടിവ രുന്ന തൊഴിലാളിസമൂഹമാണ് നോവലിലുള്ളത്. അധികാരതലങ്ങളിലു ള്ളവർ തൊഴിലാളികൾ എങ്ങനെ കഴിയണമെന്ന് തീരുമാനിക്കുന്നു. ഇതി

നെതിരെ തൊഴിലാളികൾ പ്രതികരിക്കുമ്പോൾ അത് അമർച്ചചെയ്യാൻ ശക്തി യെക്കാളേറെ ബുദ്ധിയെ(തന്ത്രങ്ങളെ) ആശ്രയിക്കുന്നു. തൊഴിലാളികളെ തമ്മിൽ ഭിന്നിപ്പിക്കുന്നതിന് അധികാരികൾ ജാതിയും മതവും ഉപയോഗി ക്കുന്നു. മുതലാളിത്തവ്യവസ്ഥിതിയിൽ വിശ്വാസമുണ്ടായിരുന്ന തൊഴിലാളി സമൂഹത്തിലേക്ക് ജാതിമതഭിന്നിപ്പുകൾ കടന്നുവരുമ്പോൾ അതിലൂടെ അധി കാരസ്ഥാനത്തിന് ശ്രമിക്കുന്നത് ശങ്കരൻ മുതലാളിയാണ്. ഇവിടെ മതം അധികാരത്തിന്റെ ചിഹ്നം ആകുന്നു. അത് ഉപയോഗിച്ച് അയാൾ തൊഴിലാ ളിസമൂഹത്തിനുമേൽ ആധിപത്യം സ്ഥാപിക്കുവാനുള്ള ശ്രമത്തിലാണ്. അധികാരം മനുഷ്യവൈവിധ്യത്തെ ഇല്ലാതാക്കിത്തീർക്കാൻ മനഃശാസ്ത്രപ രമായ നീക്കങ്ങളാണ് നടത്തുന്നത്. വറീതുമുതലാളിയുടെ ഫാക്ടറിയുടെ പ്രവർത്തനത്തെ തകർക്കാൻ അവിടെ മതവൈരത്തിന്റെ വിത്തുകൾ പാകു ന്നതും അയാളാണ്. അത് വളർന്ന് വലുതായി വറീതുമുതലാളിയുടെ ഫാക്ട റിയുടെ ഗതിക്രമത്തെ ബാധിക്കുന്നു. എന്നാൽ ഇതിലെ അപകടം തിരിച്ച റിഞ്ഞ സണ്ണിയെപ്പോലുള്ളവർ യഥാർത്ഥവിപ്ലവപ്രവർത്തനങ്ങൾക്ക് ജാതി മതചിന്തകൾ തടസ്സമാകുമെന്ന് ചിന്തിക്കുന്നു. മതത്തിന്റെ അധികാരത്തെ തിരസ്കരിക്കുന്നതിലൂടെ ശങ്കരൻ മുതലാളിയുടെ കുതന്ത്രങ്ങൾ പരാജയ പ്പെടുന്നു. അധികാരം പ്രാദേശികജനങ്ങളുടെ ഓഹരിയാണ്.[36] അതുകൊ ണ്ടുതന്നെ വ്യക്തികളുടെ അധികാരപ്രയോഗസാധ്യതയാണ് നഷ്ടപ്പെടുന്നത്.

കണ്ണാടിയിലുള്ളതുപോലെ ജാതിഭേദങ്ങൾ ചിത്രീകരിക്കുന്ന സംഭ വങ്ങൾ 'അധികാര'ത്തിലും കാണാം. കോടതിയ്ക്കു സമീപം ജാതിയടി സ്ഥാനത്തിൽ ഹോട്ടലുകൾ പ്രവർത്തിക്കുന്നു. ജാതീയമായ വേർതിരിവുകൾ കാണിച്ചതിനാൽ വാസുപിള്ളയുടെ ചായക്കടയിൽ നായൻമാരല്ലാത്തവർ കയറാതെപോയി. വക്കീൽഗുമസ്തനായ സഹോദരന്റെ ആവശ്യപ്രകാരമാണ് അയാൾ കോടതിയുടെ സമീപം ചായക്കട തുടങ്ങിയത്. കേസിനുവരുന്ന വരും ചേട്ടന്റെ പരിചയക്കാരായ ചില കക്ഷികളും ചായകുടിക്കാൻ വന്നു.

അതോടെ നായർ ടീഷോപ്പ് അഭിവൃദ്ധിപ്പെട്ടു. കോടതിയ്ക്ക് സമീപത്തായി വറീതിന്റെ ചെറുപുഷ്പം ലഞ്ചു ഹോമും പങ്കജാക്ഷന്റെ ശ്രീനാരായണാ ഹോട്ടൽ ആൻഡ് ടീ ഷോപ്പും അബ്ദുവിന്റെ മുസ്ലിം ഹോട്ടലും പിന്നെ യൊരു ബ്രാഹ്മണഹോട്ടലും ഉണ്ട്. ഇതിനിടയിലാണ് വാസുപിള്ളയുടെ ഹോട്ടൽ രക്ഷപ്പെട്ടുവരുന്നത്. എന്നാൽ നിവർത്തനപ്രക്ഷോഭണം ആരംഭി ച്ചതോടുകൂടി വാസുപിള്ളയുടെ ചായക്കട ക്ഷീണിക്കുവാൻ തുടങ്ങി. ക്രിസ്ത്യാനികളും ഈഴവരും മുസ്ലീങ്ങളും അവിടെക്കയറാതെയായി. വാസു പിള്ള നായർ ആന്റ് ടീ ഷോപ്പ് എന്ന ബോർഡ് എടുത്തുമാറ്റി. എന്നിട്ടും നായൻമാരല്ലാത്തവർ ആരും അവിടെക്കയറിയില്ല. മറ്റുള്ളവർ അവരുടെ വിഭാ ഗത്തിൽപ്പെട്ടവരുടെ ഹോട്ടലുകളിൽ ചായകുടിക്കാൻ കയറി. നായൻമാരി ലൂടെ മാത്രം കച്ചവടംമെച്ചപ്പെടുത്താൻ കഴിയില്ലെന്നു വാസുപിള്ളയ്ക്ക് ബോധ്യമായി. ഒരു ഘട്ടത്തിൽ ചായക്കട വേണ്ടെന്നുവയ്ക്കാൻ പോലും അയാൾ തയ്യാറായി, നിവർത്തപ്രക്ഷോഭം അവസാനിച്ച് ഉത്തരവാദഭരണ പ്രക്ഷോഭം ആരംഭിച്ചത് ഈ സമയത്താണ്. വാസുപിള്ള കോൺഗ്രസ്സ് കമ്മറ്റി ഓഫീസിനടുത്ത് മറ്റൊരു കട വാടകയ്ക്കെടുത്ത് സ്വരാജ്യ ഹോട്ടൽ ആന്റ് ടീ ഷോപ്പ് എന്ന പേരിലും ചായക്കട തുടങ്ങി. കോൺഗ്രസ്സ് യോഗങ്ങളും റാലിയും കഴിഞ്ഞതോടെ ഗ്രാമത്തിൽനിന്ന് അത്തരം ജാതിചിന്തകൾ ഒഴി ഞ്ഞുപോയി. ജാതീയതയുടെ പേരിലുള്ള പ്രശ്നങ്ങൾ അവതരിപ്പിക്കുക എന്ന പരിമിതിയിൽനിന്ന് മോചിതനായി സാമൂഹ്യജീവിതത്തെ വിശാലമായിക്കാ ണാനും സ്വതന്ത്രമായൊരു ജീവിതവീക്ഷണം കണ്ടെത്താനും ദേവ് നോവ ലിന്റെ തുടർന്നുള്ള ഭാഗങ്ങളിൽ ശ്രമിച്ചിട്ടുണ്ട്.[37]

അടുത്ത തെരഞ്ഞെടുപ്പ് കാലമായപ്പോൾ കമ്മ്യൂണിസ്റ്റ് അനുഭാവി കളുടെ എണ്ണം വർദ്ധിച്ചു. നാട്ടിൽവന്ന മാറ്റം വാസുപിള്ള മനസ്സിലാക്കി. പാർട്ടിമാറാതെ രക്ഷയില്ലെന്ന് കണ്ട അയാൾ സ്വരാജ്യ ഹോട്ടലിന്റെ പേര് പ്രോലറ്റേറിയൽ ഹോട്ടൽ എന്നാക്കി. മുദ്രാവാക്യം വിളികൾക്കിടയിൽ വാസുപിള്ള പഴയ ബോർഡ് മാറ്റി പുതിയത് കെട്ടി. സഖാവ് വാസുപിള്ളയും

ഈ പ്രോലിറ്റേറിയൻ ഹോട്ടലും അന്തിമ സോഷ്യലിസ്റ്റു വിപ്ലവത്തിന്റെ ശക്തി കേന്ദ്രങ്ങളായിരിക്കുമെന്ന് അബു പറഞ്ഞു. സമരവും വിപ്ലവവും ഹോട്ടലി നുള്ളിൽ വച്ചാൽ കഴിക്കാൻ ആളുവരില്ല. വാസുപിള്ള നയം വ്യക്തമാക്കി. ആൾക്കാരെ കൂട്ടുപിടിച്ച് തന്റെ കാര്യം നടത്തുകയാണ് അയാൾ.

കേരളത്തിലെ സാമൂഹ്യവും രാഷ്ട്രീയവുമായ ചലനങ്ങളുടെ കേന്ദ്ര സ്ഥാനം ചായക്കടകളും മുറുക്കാൻകടകളും ബാർബർഷോപ്പുകളുമാണെന്ന് വാസുപിള്ള മനസ്സിലാക്കി. അധ്വാനിക്കുന്ന വർഗ്ഗത്തിനുവേണ്ടിയാണ് ഞാനീ കഷ്ടപ്പെടുന്നത്. തൊഴിലാളികള് ഇവിടെ വന്ന് ചായകുടിച്ചേച്ച് ബീഡിയും മുറുക്കാനും മേടിക്കാൻ മറ്റൊരു കടയിൽ പോകുന്നത് ബുദ്ധിമുട്ടല്ലേ. തയ്യൽക്കട തുടങ്ങിയപ്പോൾ തോന്നി തുണിമേടിക്കാൻ മറ്റൊരു കടയെ ആശ്ര യിക്കണമല്ലോ എന്ന്. അതുകൊണ്ട് ഒരു തുണിക്കടയും തുടങ്ങി. അധ്വാനി ക്കുന്ന വർഗ്ഗത്തിനുവേണ്ടിയാണെന്നുള്ള സമാധാനമുണ്ട്. സഖാവ് കാരോട്ടു കാരണവരിലെ കാരണവർ അയാളുടെ കാര്യം സാധിക്കാൻവേണ്ടി സാധാ രണക്കാരെ ഉപയോഗിക്കുമ്പോൾ ഇതേ ന്യായമാണ് പറയുന്നത്. അധ്വാനി ക്കുന്ന ജനവിഭാഗത്തിനുവേണ്ടിയാണ് ഇതെല്ലാം ചെയ്യുന്നതെന്ന്. അധികാര വിനിയോഗത്തിന് ഒരു പ്രവർത്തകന്റേയോ കർത്താവിന്റേയോ മറ്റുചില വ്യക്തികളുടേയോ സാന്നിധ്യം അനിവാര്യമാണ്.[38]

ജാതിയടിസ്ഥാനത്തിൽ തുടങ്ങിയ ഹോട്ടലുകൾ ആ രീതിയിൽ തുടർന്നാൽ ലാഭമില്ലെന്നു കണ്ടാണ് പേര് മാറ്റുന്നത്. മാറിവരുന്ന രാഷ്ട്രീയനിലപാടുകളെക്കുറിച്ച് അറിയാവുന്നവർ അതിനനുസരിച്ച് ഹോട്ട ലുകൾക്ക് പേരിടുന്നു. വാസുപിള്ള കമ്മ്യൂണിസ്റ്റ് അനുഭാവം പ്രകടിപ്പിച്ചു കൊണ്ട് പേര് മാറ്റുകമാത്രമല്ല ചെയ്തത്. ഹോട്ടലിൽ തൊഴിലാളികൾക്കും പ്രവർത്തകർക്കും കൂടിയിരുന്ന് ആലോചിക്കാൻ അവസരം നൽകുകയും ചെയ്തു. പ്രവർത്തകരുടെ രഹസ്യയോഗങ്ങൾ നടത്താൻ ഹോട്ടലിനകത്ത് ഒരു മുറിഒഴിച്ചിട്ടിട്ടുണ്ട്. രാവിലെ മുതൽ രാത്രി പത്തുമണിവരെ അവിടെ തിരക്കാണ്. വാസുപിള്ള അതൊക്കെ നോക്കിയും കണ്ടും നിലനിർത്തി

ക്കൊണ്ടുപോന്നു. തന്റെ കാലത്ത് സമൂഹത്തിൽ നിലനിന്നിരുന്ന ജാതിയുടെ അടിസ്ഥാനത്തിലുള്ള വേർതിരിവുകൾക്കെതിരെ പ്രതികരിക്കുകയാണ് ഈ സംഭവങ്ങളിലൂടെ നോവലിസ്റ്റ്. ആക്ഷേപഹാസ്യരൂപേണ ജാതിയടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഹോട്ടലുകളെ അവതരിപ്പിച്ചിരിക്കുന്നു. സ്വജാതിയിലുള്ളവരെമാത്രം സ്വീകരിക്കാമെന്ന തീരുമാനത്തിലൂടെ സമൂഹത്തിൽ ഏതൊക്കെ മേഖലകളിൽ ജാതിചിന്ത നിലനിന്നിരുന്നു എന്ന് കേശവദേവ് കാട്ടിത്തരുന്നു. സമൂഹത്തിൽ നിലനിന്നിരുന്ന അധികാരവ്യവസ്ഥ സ്വജാതിയിലുള്ളവരെ മാത്രം തെരഞ്ഞെടുക്കാൻ അവരെ പ്രേരിപ്പിക്കുന്നു.

ജാതിയടിസ്ഥാനത്തിൽ ഹോട്ടൽ നടത്തുന്ന വാസുപിള്ള യഥാർത്ഥത്തിൽ കച്ചവടത്തിന്റെ പുതിയ രീതികൾ അന്വേഷിക്കുകയാണ്. മാനുഷികതയുടെ മറവിൽ ജാതിയടിസ്ഥാനത്തിൽ പേരിട്ട് ഹോട്ടൽ നടത്തുമ്പോൾ ലാഭം മാത്രം പ്രതീക്ഷിക്കുന്ന ഒരു കച്ചവടക്കാരനായി അയാൾ മാറുന്നു. മാനുഷികത നശിക്കുന്നിടത്ത് അധികാരം ഉയർന്നു വരുന്നു. ഇവിടെ വാസുപിള്ള വിപണികേന്ദ്രിതമായി പ്രവർത്തിക്കുമ്പോൾ അധികാരം ജാതിയുടെ മറവിൽ പ്രവർത്തിക്കുന്നു. അധികാരവും വിപണിയും തമ്മിലുള്ള ബന്ധത്തിന്റെ പ്രചാരകനായി പ്രവർത്തിക്കുകയാണ് വാസുപിള്ള. നാട്ടിൽ നിന്നും ജാതിചിന്തകൾ മാറിയിരിക്കുന്നു എന്നു മനസ്സിലാക്കി അയാൾ ഹോട്ടലിന്റെ പേരുമാറ്റുന്നു. 'സ്വരാജ്യ' ഹോട്ടൽ എന്നു പേരുമാറ്റി അവിടെ രാജ്യസ്നേഹം മുതലെടുക്കാൻ നോക്കുന്നു. അതുകൂടാതെ കോൺഗ്രസ്സ്കമ്മിറ്റി ഓഫീസിനടുത്ത് രാഷ്ട്രീയചായ്വ് പ്രതീക്ഷിച്ച് മറ്റൊരു ഹോട്ടലും തുടങ്ങി. അയാൾ ഉൾപ്പെടുന്ന സമൂഹത്തിലെ സാധാരണക്കാരായ ജനങ്ങളെ ചൂഷണം ചെയ്യുന്നതിനുവേണ്ടിയുള്ള തന്ത്രങ്ങളാണ് ജാതിയടിസ്ഥാനത്തിലുള്ള ഹോട്ടലുകൾ. ആ സമൂഹത്തിലെ സമസ്തമേഖലകളിലും തന്റെ ആധിപത്യം സ്ഥാപിക്കാൻ ഹോട്ടലിന്റെ പ്രവർത്തനത്തിലൂടെ അയാൾ ശ്രമിക്കുകയാണ്. പേരുമാറ്റി ഹോട്ടൽ നടത്തുമ്പോൾ അവിടേയ്ക്ക് അതേ ജാതിയിലുള്ളവർ വരും എന്നയാൾ വിശ്വസിക്കുന്നു. അതിലൂടെ അയാൾ ആ സമൂഹത്തിലെ വിപണി

സ്വന്തം നിയന്ത്രണത്തിലാക്കാൻ ശ്രമിക്കുന്നു. ചെറിയ മേഖലയിലായിട്ടു പോലും ആധികാരത്തിന്റെ പ്രവർത്തനവും അത് വാസുപിള്ളയിൽ സൃഷ്ടിക്കുന്ന സംഘർഷവും വളരെ വലുതാണ്. അതുകൊണ്ടാണ് അയാൾ ഓരോ തവണയും വിപണി ലക്ഷ്യമാക്കി പ്രവർത്തിക്കുന്നത്. അധികാരം സാമൂഹ്യപ്രവർത്തനത്തിന്റെ വിവിധതലങ്ങളിലുള്ള പ്രവർത്തനങ്ങളിൽ നിലനിൽക്കുന്നു.[39] ഇവിടെ വാസുപിള്ള കച്ചവടത്തിൽ ലാഭം ലക്ഷ്യമാക്കി സമൂഹത്തിൽ തന്റെ അധികാരമേഖല വിപുലീകരിക്കുന്നു.

'അയൽക്കാരി'ൽ നായരീഴവലഹള എന്ന പേരിൽ കേശവദേവ് ഒരു അധ്യായം ഉൾപ്പെടുത്തിയിട്ടുണ്ട്. ജാതിസ്പർദ്ധ വിവരിക്കുന്ന നായരീഴവലഹള എന്ന കഥയും അദ്ദേഹത്തിന്റേതായുണ്ട്. കേരളീയസമൂഹത്തിൽ മതവർഗ്ഗീയത വളർത്തുന്നതിന് പ്രത്യേകിച്ച് പ്രശ്നങ്ങളൊന്നും വേണ്ടാ എന്നാണീ കഥ വെളിപ്പെടുത്തുന്നത്.[40] അയൽവാസികളായ പപ്പുപിള്ളയുടേയും നാണുവിന്റെയും മക്കളാണ് പാച്ചുവും പരമുവും. സ്കൂളിൽ വരുന്നതും പോകുന്നതും ഒരുമിച്ചാണ്. പാച്ചുവിന്റെ വീട്ടിലെ മണൽക്കുന്നിലാണ് അവരുടെ കളി. ഒരു ദിവസം കളിച്ചുകൊണ്ടിരുന്നപ്പോൾ മാവിൻകൊമ്പിൽ നിന്ന് പാച്ചു താഴെവീണു. പരമു കുലുക്കി താഴെയിട്ടതാണെന്ന് മനസ്സിലാക്കിയ പാച്ചു അവനെ ആഞ്ഞടിച്ചു. കരഞ്ഞുകൊണ്ട് പോയ പരമു അച്ഛനോട് പരാതിപ്പെട്ടു. നാണു വടിയെടുത്ത് പാച്ചുവിനെ അടിച്ചു. അവൻ അച്ഛനെ അറിയിച്ചപ്പോൾ അയാൾ സംഹാരരുദ്രനായി വന്ന് നാണുവിന്റെ ചെകിട്ടത്തടിച്ചു. അവർ തമ്മിലടിയായി. പിറ്റേന്ന് പത്രത്തിൽ വാർത്തയായി. നായരീഴവലഹള. ലഹളക്കാർ പരസ്പരം പോരടിച്ചു. ആശുപത്രികൾ നിറഞ്ഞു. കാലൊടിഞ്ഞവരും കൈപോയവരും തലപൊളിഞ്ഞവരും മരിച്ചവരും മരിക്കാറായവരും. ആകപ്പാടെ ഭീകരവും ദയനീയവുമായ രംഗം.

നായന്മാർ ഈഴവഗൃഹങ്ങളെ ആക്രമിച്ചു. ഇരുകൂട്ടരുടേയും ഗൃഹങ്ങളിൽ നിന്ന് അന്തരീക്ഷത്തിലേക്കുയർന്ന ദീനരോദനങ്ങൾ ആയുധസംഘട്ടനങ്ങളുടേയും പോർവിളികളുടേയും ഭീകരശബ്ദത്തിൽ ലയിച്ചുകൊ

ണ്ടിരുന്നു. ലഹള എല്ലായിടത്തും പടർന്നു പിടിച്ചു. എന്നാൽ ഇതിന്റെയെല്ലാം കാരണക്കാർ - പാച്ചുവും പരമുവും-ഇതൊന്നും ശ്രദ്ധിച്ചില്ല. തമ്മിൽ കൂട്ടു കൂടരുതെന്ന് നിർദ്ദേശമുണ്ടെങ്കിലും പേടിയോടെ ഒരുമിച്ച് കളിച്ചു. നായന്മാരും, ഈഴവരും തമ്മിൽ ശത്രുതയുണ്ടായത് എന്തിനാണെന്ന് അവർക്കറിയില്ല. വിഷമങ്ങൾ പരസ്പരം പങ്കുവച്ച് അവർ തുടർന്നുള്ള ദിവസങ്ങളിൽ ഒരുമിച്ച് സ്കൂളിൽപോകാമെന്ന് തീരുമാനിച്ചു. യോദ്ധാക്കളെപ്പോലെ അവർ തലയുയർത്തി നിന്നു. വെള്ളമണലിൽ തലകുത്തിമറിഞ്ഞ് ആർത്തു ചിരിച്ചു. നായരീഴവലഹളയ്ക്ക് വളംവച്ചുകൊടുക്കുന്ന സാഹചര്യങ്ങളെ പുതിയതലമുറ അതിജീവിക്കുന്നത് ചിത്രീകരിച്ചുകൊണ്ടാണ് തലമുറയുടെ കഥയെന്നു വിശേഷിപ്പിക്കാവുന്ന അയൽക്കാർ പൂർത്തിയാകുന്നത്.[41] അതേപോലെ ഒരു കഥാന്ത്യമാണ് ഇവിടെ കാണാൻ കഴിയുന്നത്.

കുട്ടികളിൽ നിന്ന് തുടങ്ങിയ ചെറിയൊരു പ്രശ്നം ഗ്രാമത്തിൽ വലിയൊരു ലഹളയായി. പ്രശ്നം പരസ്പരം പറഞ്ഞുതീർത്ത അവർ പഴയതുപോലെ ഒന്നിച്ചു കളിച്ചുനടന്നു. പക്ഷേ ഗ്രാമം അതേറ്റുപിടിച്ചു. ജാതിക്കും മതത്തിനും അതീതമായി ചിന്തിക്കുന്നവരാണ് പുതിയ തലമുറ. ചിന്തിക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും കഴിയുന്ന മുതിർന്ന ആൾക്കാരാണ് ഇവിടെ അധികാരത്തിന്റെ വക്താക്കളായി മാറുന്നത്. ആലോചനയില്ലാത്ത പ്രവൃത്തിമൂലം എന്തെല്ലാം അനിഷ്ടങ്ങളാണ് സംഭവിക്കുന്നത്. സമൂഹത്തിൽ മറഞ്ഞിരിക്കുന്ന ജാതിപ്പിശാച് തക്കംകിട്ടിയപ്പോൾ പുറത്തിറങ്ങി സങ്കുചിതമനസ്കരുടെ ഉള്ളിൽക്കയറി ദോഷപ്രവൃത്തികൾ ചെയ്തുകൂട്ടുന്നു. അനേകം പേരുടെ മരണത്തിനും ആശുപത്രിവാസത്തിനും ഇടയാക്കുന്നു. എന്താണ് സംഭവമെന്നോ അതെങ്ങനെയുണ്ടായി എന്നോ ആരും അന്വേഷിക്കുന്നില്ല. കാട്ടുതീപോലെ പടർന്നുപിടിക്കുകയാണ്. വെട്ടിയും കൊന്നും അത് മുന്നേറുമ്പോൾ അതിനു കാരണക്കാർ എല്ലാം മറന്ന് പഴയതുപോലെ കഴിയുന്നു. നിസ്സാരമായ തർക്കങ്ങൾ ഇത്രയേറെ പകയും വിദ്വേഷവും സൃഷ്ടിക്കുന്നു എന്ന് ഈ കഥയിലൂടെ കേശവദേവ് കാണിച്ചുതരുന്നു.[42]

ജാതിവ്യവസ്ഥയുടെ മറ്റൊരു ശ്രദ്ധേയമായ പ്രശ്നമായിരുന്നു സർക്കാർ സ്കൂളുകളിൽ നിയമിതരായ ഈഴവ അധ്യാപകർ നേരിടേണ്ടി വന്ന അപമാനം. ഏഴാം ക്ലാസ് പരീക്ഷയിൽ ജയിച്ച ദിവാകരൻ സർക്കാർ ഉദ്യോഗത്തിന് ശ്രമിച്ചു. ഈഴവർക്ക് സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്നതിന് നിയമപരമായ തടസ്സമില്ലായിരുന്നുവെങ്കിലും അത് സാധിക്കുക അത്ര സാധാരണമായിരുന്നില്ല. ദിവാകരൻ നിരന്തരമായി പരിശ്രമിച്ചതിന്റെ ഫലമായി താത്കാലികനിയമനം ലഭിച്ചു. ഒരു പ്രൈമറി സ്കൂളിൽ അധ്യാപകൻ രണ്ടു മാസം ലീവെടുത്തതിനു പകരം ദിവാകരന് ജോലി ലഭിച്ചു. പടിഞ്ഞാറെക്കരയിലെ ഈഴവയുവാക്കൻമാർ ദിവാകരനേയും ഉദ്യോഗംകൊടുത്ത അധികാരികളേയും അനുമോദിച്ചുകൊണ്ട് പ്രമേയം പാസ്സാക്കി. ഈഴവ ഉദ്യോഗസ്ഥൻമാർ അനുഭവിക്കുന്ന കഷ്ടപ്പാടുകളെപ്പറ്റി അനേകം പേർ പ്രസംഗിച്ചു. യോഗം കഴിഞ്ഞുവരുന്നവഴി നായൻമാർ ദിവാകരനെ 'കൊട്ടിവാദ്ധ്യാർ' എന്നുവിളിച്ചു പരിഹസിച്ചു. കത്തിയും തേറുംകൊടുത്ത് അപമാനിക്കാൻ ശ്രമിച്ചു. അടുത്ത ദിവസം ക്ലാസിലെത്തിയ ദിവാകരന് വളരെ മോശപ്പെട്ട അനുഭവം ഉണ്ടായി. ആകെ അഞ്ചുവിദ്യാർത്ഥികൾ മാത്രമേ ക്ലാസിലുണ്ടായിരുന്നുള്ളൂ. ബോർഡിൽ 'കൊട്ടിസ്സാർ വരുമ്പോൾ ആരും എഴുന്നേൽക്കരുത്'എന്ന് എഴുതിവച്ചിട്ടുണ്ടായിരുന്നു. അതുവായിച്ച് ദിവാകരൻ അസ്വസ്ഥനായി. ബോർഡിലെഴുതിയത് തുടച്ചുകളഞ്ഞ് പഠിപ്പിക്കാൻ തുടങ്ങിയപ്പോൾ കുട്ടികൾ ഓരോരുത്തരായി ഇറങ്ങിപ്പോയി. ദിവാകരൻ ഹെഡ്മാസ്റ്ററുടെ അടുത്ത് പരാതിപ്പെട്ടു. വിദ്യാർത്ഥികളില്ലെങ്കിൽ പഠിപ്പിക്കണ്ടാ എന്ന് മറുപടി ലഭിച്ചു. അടുത്തദിവസം ക്ലാസ്സിൽ ചെന്നപ്പോൾ വിദ്യാർത്ഥികൾ എഴുന്നേറ്റില്ല. പാഠം തുടങ്ങിയപ്പോൾ അവർ ഇറങ്ങിപ്പോയി. മറ്റ് അധ്യാപകർ മറഞ്ഞുനിന്ന് ചിരിച്ചത് ദിവാകരനെ വേദനിപ്പിച്ചു. അന്ന് ഹെഡ്മാസ്റ്ററോട് പറയാതെ ദിവാകരൻ മൗനമായിരുന്നു. എന്നാൽ അടുത്ത ദിവസം ക്ലാസ്സിൽ എത്തിയപ്പോൾ മേശപ്പുറത്ത് കത്തിയും തേറും ഇരിക്കുന്നതുകണ്ട് അയാളുടെ നിയന്ത്രണം വിട്ടു. 'ഏതു വെടലയാടാ ഇതിവിടെ വച്ചത്' എന്നയാൾ

ആക്രോശിച്ചു. വിദ്യാർത്ഥികൾ കളിയാക്കിച്ചിരിച്ചു. ചേറ്റുകത്തിയും തേറും ഹെഡ്മാസ്റ്ററുടെ മുന്നിൽ എറിഞ്ഞിട്ട് 'ഇത് തനിക്കിരിക്കട്ടെ'എന്ന് ഉറക്കെപ്പറഞ്ഞ് അവിടെ നിന്നും ഇറങ്ങിപ്പോയി. അതിൽപ്പിന്നെ ഒരിടത്തും ഉദ്യോഗത്തിനായി അയാൾ പോയില്ല. സമൂഹത്തിൽ നിന്നും ഇത്തരത്തിലുള്ള അനുഭവം ദിവാകരനെപ്പോലെ അനേകർക്ക് ഉണ്ടായിരുന്നിരിക്കണം. ഈഴവസമുദായത്തിന്റെ സ്വാതന്ത്ര്യതൃഷ്ണ ദിവാകരനെപ്പോലെയുള്ള കഥാപാത്രങ്ങളിലൂടെ വെളിവാകുന്നു. ശ്രീനാരായണഗുരുവിന്റെ സന്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ജാതിനശീകരണപ്രവർത്തനങ്ങളിൽ അവർ ഏർപ്പെട്ടു എന്ന് കേശവദേവ് വ്യക്തമാക്കുന്നു. സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവും സാംസ്കാരികവുമായ, ആഴത്തിൽ വേരുറച്ച അസമത്വങ്ങളായി ജാതിവ്യവസ്ഥയുടെ കാരണങ്ങളെന്ന് കേശവദേവ് കണ്ടെത്തി. ജൻമിത്തത്തിന്റെയും ജാതിവ്യവസ്ഥയിലധിഷ്ഠിതമായ സാമൂഹികഘടനയുടേയും അനിവാര്യമായ തകർച്ച ആവിഷ്ക്കരിക്കുന്ന നോവലാണ് അയൽക്കാർ എന്നു പറയാം.[43]

അയിത്തം അധികാരത്തിന്റെ ഹൃദയത്തിലേക്കുള്ള വഴിയായി മാറുന്നു. മേലധികാരിയും സഹഅധ്യാപകരും വിദ്യാർത്ഥികളും ജാതിഭേദത്തിന്റെ പേരിൽ ദിവാകരനെ മാറ്റിനിർത്തുമ്പോൾ ആ സമൂഹത്തിൽ അയാൾ ഒറ്റപ്പെടുകയാണ്. വിദ്യാലയം ഉൾപ്പെടുന്ന സമൂഹത്തിലെ അധികാരഘടന നിലനിർത്തുന്നതിനു വേണ്ടി സവർണ്ണവിഭാഗം ശ്രമിക്കുമ്പോൾ അതിനെതിരെ പോരാടാനാകാതെ ദിവാകരൻ പിന്മാറുന്നു. അധികാരം ഒരു മാർഗ്ഗമാക്കി ഭൗതികനേട്ടങ്ങൾക്കു ശ്രമിക്കുന്നവരുടെ സമൂഹത്തിലാണ് ദിവാകരൻ ജീവിക്കുന്നത്. അവിടെ അയാൾ നേടിയ വിദ്യാഭ്യാസയോഗ്യതയും അധ്യാപകൻ എന്നുള്ള സ്ഥാനവും കഴിവും വിലയില്ലാതാകുകയാണ്. തനിക്കുണ്ടായ പ്രശ്നങ്ങൾ മേലധികാരിക്കു മുമ്പാകെ അവതരിപ്പിക്കുമ്പോൾ അവിടെനിന്നും ആശ്വാസം ലഭിക്കുമെന്ന് അയാൾ ചിന്തിക്കുന്നു. എന്നാൽ അവിടെയും അപഹസിക്കപ്പെടുമ്പോൾ നിൽക്കക്കള്ളിയില്ലാതെയാണ് അധികാരകേന്ദ്രത്തിനുമുന്നിൽ അയാൾ പ്രതികരിക്കുന്നത്.

സത്യം അധികാരത്തേയും അധികാരം സത്യത്തേയും ഭീഷണിപ്പെടുത്തുന്നു.[44] ജാതിവ്യവസ്ഥ നിലനിന്നിരുന്ന സമൂഹത്തിൽ, ദിവാകരൻ താഴ്ന്ന വിഭാഗത്തിൽപ്പെടുന്നവനാണെന്ന സത്യം അധികാരത്തിന്റെ ഉയർന്നതലങ്ങളിൽ ഇരിക്കുന്നവർക്ക് പ്രശ്നമാകുന്നു. ഉയന്ന വിദ്യാഭ്യാസം നേടി അധ്യാപക ജോലിയ്ക്ക് പ്രാപ്തനായ അയാളെ ഉയർന്ന ജാതിക്കാർ അംഗീകരിക്കുന്നില്ല. അതുകൊണ്ടുതന്നെ അധികാരസ്ഥാനത്തിരിക്കുന്നവർ ദിവാകരനെ അപമാനിച്ച് പുറത്താക്കാനാണ് ശ്രമിക്കുന്നത്. അവൻ താഴ്ന്ന ജാതിക്കാരനാണെന്ന സത്യം അധികാരസ്ഥാനത്തിനു ഭീഷണിയാകുന്നു. ജാതിചിന്തയും അധികാരത്തിന്റെ പ്രശ്നങ്ങളും അവതരിപ്പിക്കുന്നതോടൊപ്പം ദിവാകരൻ അത് നേരിടുന്ന രീതിയും സൂക്ഷ്മമായി നോവലിസ്റ്റ് ചിത്രീകരിക്കുന്നു.

സവർണ്ണമേധാവിത്വത്തിൽ നിന്നും രക്ഷപ്പെടാനുള്ള അവശവിഭാഗത്തിന്റെ മതംമാറ്റം അയൽക്കാരിലും കാണാൻ സാധിക്കും. ചാത്തൻ എന്ന പുലയയുവാവ് സ്വന്തം ഇഷ്ടപ്രകാരം മതംമാറി സത്യവിശ്വാസിയായി കുഞ്ഞുവറീത് എന്ന പേരു സ്വീകരിച്ചു. പറമ്പിന്റെ ഒരതിരിൽ നിൽക്കേണ്ട പുലയൻ ക്രിസ്ത്യാനിയായാൽ തമ്പുരാക്കൻമാരുടെ മുറ്റത്തും ഇറയത്തും കയറാമായിരുന്നു. നിർഭയം ജീവിക്കാമെന്നതിനാൽ പല പുലയരും 'സത്യവിശ്വാസി' കളായി. അവർണ്ണഹിന്ദു ക്രിസ്ത്യാനിയോ മുസ്ലീമോ ആയി മതപരിവർത്തനം നേടിയാൽ അത്തരക്കാർക്ക് എല്ലാ ആനുകൂല്യങ്ങളും നിർബാധം അനുഭവിക്കാമായിരുന്നു.[45] ഇതുകൊണ്ടുതന്നെയാണ് വീട്ടുകാർ എതിർത്തിട്ടും ചാത്തൻ കുഞ്ഞുവറീതാകാൻ തീരുമാനിച്ചത്. ചാത്തന്റെ തീരുമാനത്തിനുപിന്നിൽ മറ്റൊരനുഭവവുമുണ്ട്. വല്ല്യപ്പന്റെ മകൻ ക്രിസ്തുമതം സ്വീകരിച്ച് മത്തായി ആയി. ഒരു നാൾ ചാത്തനൊപ്പം ജോലികഴിഞ്ഞ് മത്തായി ക്ഷേത്രമതിലിനടുത്തുകൂടിയുള്ള എളുപ്പവഴി പോയി. തീണ്ടൽ ജാതിക്കാർക്ക് പോകാൻ പാടില്ലാത്തവഴിയിലൂടെ അവർ പോകുമ്പോൾ വഴിയിൽ എതിരേവന്ന നായർ അവരെ തടഞ്ഞു നിർത്തി. മത്തായിയെ പോകാൻ അനുവദിക്കുകയും ചാത്തനെ അടിയും ചവിട്ടും കൊടുത്ത് ഓടിച്ചുവിടുകയും

ചെയ്തു. രണ്ടു ദിവസത്തിനുള്ളിൽ മതപരിവർത്തനം നടത്തി ധൈര്യ സമേതം അതേവഴിയിലൂടെ വന്ന ചാത്തൻ (കുഞ്ഞുവറീത്) തന്നെ തടഞ്ഞു നിർത്തിയവരോട് പറഞ്ഞു "ഞാൻ സത്യവേദക്കാരനാണ്, എന്റെ പേര് കുഞ്ഞുവറീത് എന്നാണ്. അക്കാലത്തെ പ്രത്യേകപരിതഃസ്ഥിതിയാണ് കുഞ്ഞു വറീതിനെക്കൊണ്ട് ഇത് പറയിപ്പിച്ചത്.

നായരും ഈഴവരും ക്രിസ്ത്യാനിയും മനുഷ്യരാണെന്ന് പതുക്കെ മനസ്സിലാക്കുവരുന്ന കേരളസംസ്കാരചരിത്രത്തിന്റെ വേദനനിറഞ്ഞ ഒരു ഏട് സൗന്ദര്യാത്മകമായ ഒരു സൃഷ്ടിയായി ദേവ് നമുക്ക് സമ്മാനിച്ചിരിക്കുന്നതാണീ നോവൽ.[46] മുസ്ലീമിന്റെ കൂടെപ്പോയ പെണ്ണിനെ പച്ചാഴിയിലെ പുതിയ തലമുറക്കാരൻ ഭാസ്കരക്കുറുപ്പ് കല്ല്യാണം കഴിക്കാൻ ഒരുങ്ങിയതോടെ ഗ്രാമത്തിലെ ചിന്താഗതിതന്നെ മാറി. പുതിയൊരു അവബോധം ജനങ്ങളിൽ ഉണ്ടായി. അതുപോലെ പന്തിഭോജനം നടത്തിയ സഹോദര സംഘടനയിലെ യുവാക്കൾക്ക് ചില ഈഴവയഥാസ്ഥിതികർ കല്പിച്ച ഭ്രഷ്ട് വിഫലമായ രീതിയിൽ ചിത്രീകരിച്ചത് ഗ്രാമത്തിൽ സംസ്ക്കാരത്തിന്റെ രശ്മികൾ എത്തി എന്നതിന്റെ തെളിവാണ്, ജാതിമതബന്ധങ്ങൾക്കു പകരം മനുഷ്യബന്ധങ്ങൾ എങ്ങനെ വളർന്നുവരുന്നു എന്ന് ദേവ് നോവലിൽ ഭംഗിയായി അവതരിപ്പിച്ചിട്ടുണ്ട്.

കേരളത്തിന്റെ സാമൂഹികചരിത്രത്തിലെ ശ്രദ്ധേയമായ സംഗതിയായിരുന്നു ജാതീയമായ അവശത അനുഭവിച്ചുകൊണ്ടിരുന്ന ഈഴവസമുദായത്തിന്റെ വിജയകരമായ സ്വാതന്ത്ര്യസമരം.[47] നായരീഴവലഹളയും സർക്കാർ സ്കൂളുകളിൽ നിയമിതരായ ഈഴവ അധ്യാപകർക്ക് ഏൽക്കേണ്ടിവന്ന അപമാനവും ശ്രീനാരായണഗുരുവിന്റെ സിദ്ധാന്തങ്ങളുടെ സ്വാധീനവും നോവലിൽ പരാമർശിച്ചിട്ടുണ്ട്. അതിൽ ഏറ്റവും ശ്രദ്ധേയമായത് നായരീഴവലഹള തന്നെയാണ്. പച്ചാഴിയിലെ ആറ്ററികിലുള്ള പറമ്പിനടുത്ത് താമസിക്കുന്ന വൃദ്ധനായ ഒരു ഈഴവൻ പട്ടിണി ദുസ്സഹമായപ്പോൾ ഒരു തെങ്ങിൽക്കയറി

തേങ്ങയിട്ടു. ഇതു പതിവായപ്പോൾ മോഷണം തടയാൻ മാധവക്കുറുപ്പ് രാത്രിയിൽ കാവലിരുന്നു. മോഷ്ടിച്ച തേങ്ങയുമായി വന്ന വൃദ്ധനെ അതേ തെങ്ങിൽത്തന്നെ കെട്ടിയിട്ടു. അയൽക്കാരനായ മറ്റൊരു ഈഴവൻ വൃദ്ധനെ അഴിച്ചുവിട്ടു. തയ്യൽക്കാരൻ വാസുവിന്റെ കടയിൽ വച്ച് പച്ചാഴിക്കാരുടെ ദുഷ്ടതയ്ക്ക് പ്രതികാരം ചെയ്യണമെന്ന് ഈഴവയുവാക്കൻമാർ തീരുമാനിച്ചു. മാധവക്കുറുപ്പിന്റെ അനന്തരവനായ അച്യുതക്കുറുപ്പ് പതിവായിപ്പോകുന്ന ഒരു സ്ത്രീയുടെ വീട്ടിൽവച്ച് അവർ അയാളെ വളഞ്ഞു. ഓടിരക്ഷപ്പെടാൻ ശ്രമിച്ച അച്യുതക്കുറുപ്പിനെ പന്തം കൊളുത്തി പാട്ടയും കൊട്ടി ഘോഷയാത്രയായി പൊതുവഴിയിലൂടെ കൊണ്ടുപോയി ഒരു മരത്തിൽ കെട്ടിയിട്ടു. കരിയും മഞ്ഞളുംകൊണ്ട് മുഖത്ത് വേഷമണിയിച്ചു. ആരും അഴിച്ചുവിടാതിരിക്കാൻ ചെറുപ്പക്കാർ കാവലും നിന്നു. നായന്മാരെ അപമാനിക്കാൻ ശ്രമിച്ച ഈഴവൻ മനഃപൂർവ്വം ചെയ്യുന്നതാണെന്നും മാധവക്കുറുപ്പ് വിചാരിച്ചു. നായൻന്മാരുടെ നിലയും വിലയും അസ്തമിക്കാതിരിക്കാൻ ഈഴവരുടെ മുഷ്ക് അവസാനിപ്പിക്കണമെന്ന് നായൻമാർ തീരുമാനിച്ചു. മാധവക്കുറുപ്പിന്റെ നേതൃത്വത്തിൽ ഒരു സംഘം നായൻമാർ അച്യുതക്കുറുപ്പിനെ അഴിച്ചുവിടാനായി ചെന്നു. ഏറ്റുമുട്ടിയാൽ അത് അവിടെവച്ചുതന്നെ അവസാനിപ്പിക്കണെമെന്ന് കരുതിയാണ് പടിഞ്ഞാറെക്കരയിലേക്ക് അവർ പോയത്. ഈഴവൻമാരെ ആരെയും കാണാത്തതിനാൽ അച്യുതക്കുറുപ്പിനെ മോചിപ്പിച്ച് പോർവിളികളും അട്ടഹാസങ്ങളുമായി തിരിച്ചുപോന്നു. ഉച്ചയായപ്പോൾ ഇരുകരകളേയും ബന്ധിപ്പിക്കുന്ന പാലത്തിൽ വച്ച് ഈഴവരും നായൻമാരും തമ്മിൽ സംഘട്ടനം നടന്നു.

സന്ധ്യയായപ്പോൾ പടിഞ്ഞാറെക്കരയിൽ നിന്നും ഈഴവപ്പട പാലത്തിലൂടെ കിഴക്കേക്കരയിലെത്തി ചന്തയിലും കടകളിലും ആക്രമണം നടത്തി. പലകടകളും എരിഞ്ഞുതീർന്നു. അക്കൂട്ടത്തിൽ മുഹമ്മദീയരുടെ കടകളും ഉണ്ടായിരുന്നു. അതോടുകൂടി മുഹമ്മദീയർ നായൻമാരോടു ചേർന്ന് ഈഴവർക്കെതിരെ തിരിഞ്ഞു. പച്ചാഴിത്തറവാട്ടിലെ അച്യുതക്കുറുപ്പ് വെട്ടേറ്റു

മരിച്ചു. അനേകർ ആശുപത്രിയിലായി. കുഞ്ഞന്റെ മക്കളെ രക്ഷിക്കാൻ പത്മനാഭപിള്ളക്കാരണവർ മുന്നിട്ടറങ്ങിയത് ഈഴവലഹളയ്ക്ക് ക്ഷീണമായി. കാരണവരുടെ പണവും സ്വസ്ഥതയും ഇതുമൂലം നഷ്ടപ്പെട്ടു. കിഴക്കേക്കരയും പടിഞ്ഞാറെക്കരയും തമ്മിലുള്ള ബന്ധം നിലനിർത്തിയിരുന്ന പാലം ലഹളക്കാർ നശിപ്പിച്ചു. രണ്ടു കരകളുമായി നൂറ്റാണ്ടുകളായി നിലനിന്നിരുന്ന ബന്ധം ഛേദിക്കപ്പെട്ടു. പുതിയ അവബോധത്തോടുകൂടിയ ഒരു പുതിയ തലമുറവന്ന ശേഷമാണ് സമുദായ ഐക്യം ഗ്രാമത്തിൽ വികസിച്ചുവന്നത്.

അയിത്തവും ജാതിവ്യവസ്ഥയും നിലനിന്നിരുന്ന പ്രദേശത്തുണ്ടായ ചെറിയ ഒരു സംഭവം സവർണ്ണവിഭാഗം ഏറ്റെടുക്കുന്നു. അതിലൂടെ അവരുടെ അധികാരഭാവം സമൂഹത്തിലേക്ക് സംക്രമിപ്പിക്കുകയായിരുന്നു ഉദ്ദേശ്യം. ലഹളയിലൂടെയും അക്രമത്തിലൂടെയും നഷ്ടപ്പെട്ടുകൊണ്ടിരുന്ന അധികാരം തിരിച്ചു പിടിക്കാൻ അവർ ശ്രമിക്കുന്നു. നിസ്സാരമെന്നു തോന്നുന്ന സംഭവങ്ങളാണ് ജാതിവ്യവസ്ഥമൂലമുണ്ടാകുന്ന ലഹളയ്ക്കു നിദാനമായി അവർ ഉയർത്തിക്കൊണ്ടുവരുന്നത്. സവർണ്ണവിഭാഗത്തിൽപ്പെട്ട അധികാരവർഗ്ഗങ്ങൾ ഉത്തരത്തിലുള്ള ഗൂഢതന്ത്രങ്ങളിലൂടെയാണ് സമൂഹത്തിൽ നിലനിൽക്കുന്നത്. അവരുടെ ഇച്ഛകൾ നടപ്പിലാക്കാൻ അവർ സാധാരണക്കാരെ ബലികൊടുക്കുന്നു. അധികാരത്തിന്റെ അസംഖ്യങ്ങളായ പ്രയോഗങ്ങളിലൊന്നായി മാറുന്നു ജാതിവ്യവസ്ഥ. അതിലൂടെ നിലനിൽക്കാൻ ആഗ്രഹിക്കുന്ന അനേകം ആൾക്കാരുണ്ട്. അധികാരം സ്ഥാപിക്കാനും പ്രയോഗത്തിൽ വരുത്താനും തുടർന്നുകൊണ്ടുപോകാനും അത്തരക്കാർ ആഗ്രഹിക്കുന്നു.

സാമൂഹ്യഘടകങ്ങളുടെ നടുവിലുള്ള ഉപഗണങ്ങളുടെ (തമ്മിൽ ചേർച്ചയുള്ള ആളുകളുടെ കൂട്ടങ്ങൾ) സമ്പർക്കത്തെയാണ് ആധുനികസാമൂഹികശാസ്ത്രം അധികാരവ്യവസ്ഥകളെ സംബന്ധിച്ച് പരാമർശിക്കുന്നത്.[48] സമൂഹത്തിൽ ഒരേ താത്പര്യത്തോടെ ഒരുമിച്ചുനിന്ന് പ്രവർത്തിക്കുന്ന അനേകം സംഘങ്ങളുണ്ടാകും. അത്തരത്തിൽ ഒന്നിച്ചു പ്രവർത്തിക്കുന്ന

ആൾക്കാരെ തമ്മിൽ ഭിന്നിപ്പിക്കുന്നതിന് ജാതിവ്യവസ്ഥ കാരണമാകുന്നു. ജാതിയുടെ സ്ഥാനത്ത് സമ്പത്തിന്റെ അടിസ്ഥാനത്തിൽ പുതിയ വിഭാഗ ങ്ങൾ ഉണ്ടായപ്പോഴും പാശ്ചാത്യവത്ക്കരണം ജാതിവ്യവസ്ഥ ഇല്ലാതാക്കി യപ്പോഴും മുമ്പ് അധികാരസ്ഥാനം ജാതിവ്യവസ്ഥയിലൂടെ നേടിയവർ അട ങ്ങിയിരുന്നില്ല. ജാത്യാചാരങ്ങൾ പിൻതുടരാൻ ഇത്തരം ചിന്താഗതിക്കാർ സധാരണക്കാരെ പ്രേരിപ്പിക്കുന്നു. മിഥ്യയായ ജാത്യാഭിമാനം കൊണ്ടാണ് ശാസ്ത്രരംഗത്ത് പുരോഗതിയുണ്ടായിട്ടും ജാതിവ്യവസ്ഥ സമൂഹത്തിൽ നില നിൽക്കുന്നത്. അതിലൂടെ അധികാരവ്യവസ്ഥയും സമൂഹത്തിൽ നില നിൽക്കുന്നു.

ജാതിയുടേയു മതത്തിന്റേയും ആചാരങ്ങളുടേയും നേരെ സാക്ഷയിട്ട വാതിൽ തുറന്നുകൊണ്ടാണ് അയൽക്കാർ ആരംഭിക്കുന്നത്. നാട്ടിലാകെ പ്രളയം ബാധിച്ചപ്പോൾ മംഗലശ്ശേരിത്തറവാട്ടിലെ കാരണവരായ പത്മനാഭ പിള്ള ഏവരേയും സഹായിക്കാനെത്തുന്നു. സാമൂഹികമായ അധികാരപദ വിയിൽ-ഔദ്യോഗികമായല്ലെങ്കിൽപ്പോലും-നിലനിൽക്കുന്ന കാരണവർ അവ ശരായവർക്ക് സഹായഹസ്തമാകുന്നു. പ്രളയബാധിതപ്രദേശത്തുചെന്ന് അതിന്റെ ഭീകരത നേരിൽക്കാണുകയാണ്. അയാൾ അവിടെ ദുരിതമനുഭ വിക്കുന്ന നാനാജാതി വിഭാഗത്തിൽപ്പെട്ടവരെ ആശ്വസിപ്പിക്കുന്നു. ഏവരേയും മംഗലശ്ശേരിയിലേക്ക് ക്ഷണിച്ചുകൊണ്ടാണ് അവിടെനിന്ന് കാരണവർ പിന്മാ റുന്നത്. ഈഴവരും ക്രിസ്ത്യാനികളും മുഹമ്മദീയരും മംഗലശ്ശേരിത്തറവാ ട്ടിലെ പടിപ്പുരയ്ക്കുമുന്നിലെത്തിയപ്പോൾ കുഞ്ഞൻ വാതിൽ തുറന്നില്ല. കാര ണവർ ദേഷ്യത്തിലായി. "മംഗലശ്ശേരിയിലെ പടിപ്പുര ഇന്നോളം സാക്ഷയി ട്ടിട്ടില്ല. ഇനി സാക്ഷയിടുകയും വേണ്ടാ".

കാരണവരുടെ ഈ പ്രഖ്യാപനം തറവാട്ടിൽ എല്ലാവരിലും എതിർപ്പു ണ്ടായി. എന്നാൽ അതിനെതിരെ പ്രതികരിക്കാൻ കാരണവരോട് നേരിട്ട് പറയാൻ ആരും തയ്യാറായില്ല. എന്നാൽ ആദ്യഭാര്യ ദാക്ഷായണി സംശയ ത്തോടെ ഭർത്താവിനെ തടഞ്ഞു. ജാത്യാചാരങ്ങൾ പുലർത്തിക്കൊണ്ടു

ജീവിച്ച ഒരു തറവാട്ടിൽനിന്നുവന്ന സാധുസ്ത്രീയായിരുന്നു അവർ. ജാതി വിശ്വാസിയായ കാരണവർ അയിത്തവും തീണ്ടലും പുലർത്തുന്ന ആളാണ്. പക്ഷേ ഇപ്പോഴത്തെ സാഹചര്യം കാരണവരെ മാറ്റി ചിന്തിക്കാൻ പ്രേരിപ്പിച്ചു. ജാത്യാചാരങ്ങൾ മറന്നുകൊണ്ടുള്ള പ്രവർത്തനത്തിൽ ഭാര്യ എതിർത്തപ്പോൾ ആപത്തുകാലത്ത് ജാതീം മതവും ഒന്നും നോക്കണ്ട എന്ന് കാരണവർ പറഞ്ഞു.

ജാതിമതവർഗ്ഗങ്ങളായി പിരിഞ്ഞു കഴിയുന്ന മനുഷ്യർ പുരോഗമനപരമായ നന്മയുടെ പക്ഷത്ത് ഒന്നിച്ചു നിൽക്കണമെന്നഭിലഷിക്കുന്ന കേശവദേവ് രാഷ്ട്രത്തിന്റെ പുനർനിർമ്മാണത്തിന്റെ ആശയം കൂടിയാണ് പ്രതിഫലിപ്പിക്കുന്നത്.[49] അത്തരം ചിന്താഗതി പുലർത്തുന്ന അദ്ദേഹത്തിന്റെ മികവുറ്റ കഥാപാത്രമാണ് പത്മനാഭപിള്ള.

അയിത്തവും ജാതിയുമില്ലാത്ത ലോകത്ത് ജീവിക്കാനും ആ ലോകം നിലനിൽക്കാനും തറവാട്ടിലെ ആരും ആഗ്രഹിക്കുന്നില്ല. ഇന്നോളം അവർണ്ണരായ ആരും മംഗലശ്ശേരിയിലെ പടിപ്പുരയ്ക്കകത്തു കയറിയിട്ടില്ല. ആ സ്ഥാനത്ത് കുറേപ്പേരെ ഉരപ്പുരയിലും കുറച്ചുപേരെ പത്തായപ്പുരയിലും ബാക്കിയുള്ളവരെ തിണ്ണയ്ക്കും കേറി ഇരിക്കാൻ അനുമതി നൽകി. വെള്ളം ഇറങ്ങുവോളം അവരവിടെ താമസിച്ചു. മൂന്നുനേരവും നല്ലരീതിയിൽത്തന്നെ ഭക്ഷണവും കൊടുത്തു. അഭയാർത്ഥികളെ തൃപ്തികരമാംവിധം പരിചരിക്കുന്നതിന് കാരണവർക്ക് സാധിച്ചു. അയിത്തജാതിക്കാർ ഉരപ്പുരയിലും വീട്ടുതിണ്ണയിലും പത്തായപ്പുരയിലും താമസിക്കുന്നതിനാൽ സ്ത്രീകൾക്കും കുട്ടികൾക്കും പുറത്തിറങ്ങാനായില്ല. ജാതിവിശ്വാസവും അയിത്തവും തീണ്ടലുമൊക്കെയുള്ള ആളായിരുന്നു പത്മനാഭപിള്ള കാരണവർ. പക്ഷേ നാട്ടിൽ അപകടമുണ്ടായപ്പോൾ അദ്ദേഹം അതെല്ലാം താത്കാലികമായെങ്കിലും ഉപേക്ഷിച്ചു. നാട്ടുകാരുടെ നിസ്സഹായത കണ്ടപ്പോൾ ജാത്യാചാരങ്ങളെ മാറ്റി നിർത്തി കാരണവർ പ്രവർത്തിച്ചു. അതുകൊണ്ടുതന്നെ തന്റെ കാലത്ത് ചെയ്യേണ്ടതു ചെയ്തു എന്നൊരു ആത്മസംതൃപ്തി അദ്ദേഹത്തിനുണ്ടായി.

ശരണംപ്രാപിക്കുന്നവരെ ഉപേക്ഷിക്കുന്നവരല്ല മംഗലശ്ശേരിക്കാർ. വർഷങ്ങളായി നടന്നുവന്ന കീഴ്വഴക്കം തെറ്റിക്കാൻ കാരണവർക്കായില്ല. എല്ലാം ഈശ്വരനിശ്ചയമായി കാണുന്നു. എന്നാൽ മറ്റുള്ളവർക്ക് അയിത്തവും ജാതിയുമില്ലാത്ത ലോകത്ത് ജീവിക്കാനും ആ ലോകം നിലനിൽക്കാനും ഇഷ്ടമല്ല. ഇതോടെ ഈ ലോകം നശിച്ചുപോകാൻ അവർ ആഗ്രഹിക്കുന്നു. കാരണവരുടെ ചിന്താഗതി വേറെയായിരുന്നു. ഇതുകൊണ്ടൊന്നും ലോകം നശിക്കാൻ പോകുന്നില്ല. വെള്ളമിറങ്ങുമ്പോൾ അഭയമന്വേഷിച്ചുവന്നവർ മടങ്ങിപ്പോകും. അതുകഴിഞ്ഞ് പുണ്യാഹം തളിച്ചു വീട് ശുദ്ധിയാക്കി താമസം തുടരാം. കാരണവരുടെ തീരുമാനത്തിനെതിരായ പിറുപിറുപ്പുകൾ അവസാനിച്ചു. കുഞ്ഞന്റെ നേതൃത്വത്തിലും കാരണവരുടെ രക്ഷാധികാരത്തിലും കാര്യങ്ങൾ നടന്നു. മൂന്നുദിവസവും രണ്ടുനേരം വീതം ഭക്ഷണം കൊടുക്കാൻ സാധിച്ചു. എന്നാൽ ആ ദിവസങ്ങളിലൊന്നും തറവാട്ടിലെ സ്ത്രീകൾ ഭക്ഷണം കഴിച്ചില്ല. കുടികിടപ്പുകാരും ജോലിക്കാരുമായവർക്ക് ആപത്തുവന്നപ്പോൾ സഹായിക്കാൻ കഴിഞ്ഞതിൽ കാരണവർക്ക് സന്തോഷമുണ്ടായി. മൂന്നുദിവസം കഴിഞ്ഞ് വെള്ളമിറങ്ങാൻ തുടങ്ങി. വയലുകളിൽ നിന്നും കരപ്രദേശങ്ങളിൽ നിന്നും വെള്ളമിറങ്ങി. മംഗലശ്ശരിയിൽ നിന്നും അഭയാർത്ഥികുടുംബങ്ങൾ ഓരോന്നായി പൊയ്ക്കൊണ്ടിരുന്നു. ഓരോ കുടുംബത്തിനും ഒരു പറ നെല്ലു വീതം കൊടുത്തുവിട്ടു. കുടിലു നശിച്ചുപോയവർക്ക് ഓലയും മുളയും കൊടുത്തു.

ഒരു അധികാരവ്യവസ്ഥയുടെ ഭാഗമായി നിലനിൽക്കുന്നതുകൊണ്ട് സമൂഹത്തിന്റെ പ്രശ്നത്തിൽ ഇടപെട്ട് അത് ഉചിതമായ രീതിയിൽ കാരണവർ പരിഹരിക്കുന്നു. സാത്വികതയും അയിത്തവും അക്കാലത്തെ സവർണ്ണ വിഭാഗത്തിന്റെ സാമൂഹികവ്യവസ്ഥിതിയെ നിയന്ത്രിച്ചിരുന്ന അടിസ്ഥാന സങ്കല്പങ്ങളായിരുന്നു. ഭാരതീയപാരമ്പര്യം തുടർന്നുകൊണ്ടുപോയ സവർണ്ണവിഭാഗം ജാതിവ്യവസ്ഥയ്ക്ക് അമിതപ്രാധാന്യം നൽകുന്ന അധികാര സമൂഹമായിരുന്നു. പത്മനാഭപിള്ളക്കാരണവരും സ്വജാതിയിലുള്ളവരെ

പ്പോലെ ജാത്യാചാരങ്ങൾ പുലർത്തുന്ന ആളായിരുന്നെങ്കിലും അധികാര സ്ഥാനത്ത് ഇരുന്നുകൊണ്ട് അദ്ദേഹം മനുഷ്യത്വപരമായി ചിന്തിച്ചു. തന്നെ ആശ്രയിച്ചുവന്നവരെ ഉപേക്ഷിക്കാൻ അദ്ദേഹം തയ്യാറായില്ല. മനസ്സ് നിറയെ തന്നെ നിസ്സഹായനാക്കിയ വ്യവസ്ഥിതിയോടുള്ള പ്രതികാരവാഞ്ഛയും സമദുഃഖിതരോടുള്ള സഹതാപവും പേറിക്കൊണ്ട് കേരളത്തിലെ മരുമക്കത്തായ വ്യവസ്ഥിതിയുടെ വിഘടനവും അത് വ്യക്തിമനസ്സിലേൽപ്പിച്ച ആഘാതപ്രത്യാഘാതങ്ങളുമായിരുന്നു കേശവദേവ് എന്ന വ്യക്തി.[50] ആ തൂലികയിൽ നിന്നുണ്ടായ സവിശേഷമായ വ്യക്തിത്വമാണ് പത്മനാഭപിള്ള.

കാരണവരിലെ അധികാരഭാവം ജാതിമതചിന്തകൾക്കതീതമായി നിലനിൽക്കുന്നു. താനുൾപ്പെടുന്ന പ്രദേശത്ത് ഒരു പ്രശ്നം വന്നപ്പോൾ അധികാരം കാരണവരുടെ ചിന്താഗതിയിലും ആദർശങ്ങളിലും മാറ്റം വരുത്തി. അധികാരത്തെ സംബന്ധിച്ച് മാർഗ്ഗങ്ങളും ലക്ഷ്യങ്ങളും ഒരുപോലെ ആദർശപൂർണ്ണമായിരിക്കണമെന്ന് കാരണവരിലൂടെ കേശവദേവ് വെളിവാക്കുന്നു. തന്റെ പൂർവ്വികർ പിൻതുടർന്നുപോന്ന സാമൂഹ്യപ്രവർത്തനം, നിറഞ്ഞ മനസ്സോടെ ചെയ്യുകയാണ് അയാളും. അതുവഴി തന്റെ അധികാരം സമൂഹനന്മയെ ലക്ഷ്യമാക്കി പ്രയോഗിക്കുന്നു. ജാതിയും അയിത്തവുമൊന്നും സമൂഹനന്മയ്ക്കുവേണ്ടിയുള്ള പ്രവർത്തനത്തിന് വിഘാതമായി നിൽക്കുന്നില്ല. അധികാരത്തിനെതിരെയുള്ള ജാതിവ്യവസ്ഥയുടെ സംഘടിതമായ പ്രവർത്തനം കാരണവർ പ്രതിരോധിക്കുന്നു. അതിൽ വിജയിക്കുന്നതുകൊണ്ടാണ് കുടുംബത്തിലും നാട്ടിലും അയാൾക്ക് ആളുകൾ അർഹമായ സ്ഥാനം നൽകുന്നത്. അധികാരസ്ഥാനം കാരണവർ യുക്തിപൂർവ്വം വിനിയോഗിക്കുകയാണ്.

സമൂഹത്തിൽ നിലനിന്നിരുന്ന ജാതിവ്യവസ്ഥയോട് എതിരിടുമ്പോൾ കാരണവർക്ക് നേരിടേണ്ടിവരുന്ന എതിർപ്പ് മുമ്പുപറഞ്ഞ സംഘടിത പ്രവർത്തനത്തിന്റെ ഭാഗമാണ്. അതിനെതിരെയുള്ള കാരണവരുടെ ചിന്താഗതി ആദ്യം പ്രാവർത്തികമാക്കിയത് തറവാട്ടിലായിരുന്നു. അധികാരം പ്രാവർത്തികമാകേണ്ടതിന് യാഥാർത്ഥ്യത്തിൽനിന്നും വിഭിന്നമായി പ്രത്യ

ക്ഷീഭവിക്കേണ്ടതാണ്.[51] ഹാൻസ്. ജെ. മോറെങ്ങ്തോമിന്റെ സിദ്ധാന്തം പരിശോധിച്ചാൽ കാരണവർ നിലനിന്നിരുന്ന അവസ്ഥയിൽ നിന്നും മാറിച്ചിന്തിച്ചതായി കാണാം. അപ്രകാരം പ്രവർത്തിച്ചതുകൊണ്ടാണ് കാരണവർക്ക് അധികാരം പ്രയോഗിക്കാൻ സാധിച്ചത്. അക്കാലത്തിന്റെ പ്രത്യേകതമനസ്സിലാക്കിയാൽ ഇത്തരം പ്രവർത്തനങ്ങൾ എത്രമാത്രം ക്ലേശകരമായിരുന്നുവെന്ന് വ്യക്തമാകും. മുമ്പ് സൂചിപ്പിച്ചതുപോലെ എല്ലാ ദുരാചാരങ്ങൾക്കും നേരെ അടച്ചിട്ടവാതിൽ തുറന്നിട്ടുകൊണ്ടാണ് കാരണവർ നോവലിന്റെ പ്രാരംഭഭാഗത്ത് അധികാരം പ്രകടമാക്കുന്നത്.

## വർഗ്ഗീയത

സമൂഹത്തിലെ ഉദ്ഗ്രഥനശക്തിയാണ് മതം. എന്നാൽ മതത്തിന് ചില തകരാറുകളുണ്ട്. അപ്രമാദിത്യഭാവം, വർഗ്ഗീയത, പൗരോഹിത്യാധികാരം എന്നിവ മതത്തിന്റെ പ്രതിലോമവശങ്ങളാണ്. മതം പ്രാഥമികമായും ഭയത്തിൽ അധിഷ്ഠിതമാണെന്ന് ബർട്രൻട് റസ്സൽ സിദ്ധാന്തിക്കുന്നു.[52] മതം മനുഷ്യന്റെ ചിന്താസ്വാതന്ത്ര്യത്തെ നിഷേധിക്കുന്നു. സാമൂഹ്യമായ അനീതികൾക്കെതിരെ പ്രതികരിക്കുന്നതിൽനിന്നും വിശ്വാസികളെ മതം പിൻതിരിപ്പിക്കുന്നു. മാറ്റങ്ങളെ എതിർക്കുന്നതിനാൽ സാമൂഹ്യവികാസത്തിന് തടസ്സമായി മാറുന്നു. വിഭാഗീയചിന്തകൾ വളർത്തുന്നതിൽ മതത്തിന് വലിയ പങ്കുണ്ട്. വ്യക്തികളേയും കുടുംബങ്ങളേയും സമുദായങ്ങളെയും വിഭജിക്കുന്നതിന് മതം കാരണമാകാറുണ്ട്. സമൂഹത്തിന്റെ പ്രത്യയശാസ്ത്രപരവും വൈകാരികവുമായ ഐക്യം തകർക്കുന്നതിൽ മതം നിർണ്ണായകമായ പങ്കു വഹിക്കാറുണ്ട്. മതങ്ങൾ മതസ്ഥാപനങ്ങളിലൂടെയും മതസംഘടനകളിലൂടെയുമാണ് നിലനിൽക്കുന്നത്.[53] ധാർമ്മികമൂല്യങ്ങളും സദാചാരവും സമൂഹത്തിൽ നിലനിർത്തേണ്ട മതസംഘടനകൾ മൂല്യങ്ങൾ നഷ്ടപ്പെട്ടവയായിത്തീരുമ്പോൾ വർഗ്ഗീയത ഉടലെടുക്കുന്നു. മൂല്യങ്ങളില്ലാതെ മതത്തിന് നിലനിൽപ്പില്ല. സാമൂഹ്യസംഘടനകൾക്ക് സ്ഥിരതയും കെട്ടുറപ്പും

നൽകേണ്ട മതം വിഭാഗീയത വളർത്തുമ്പോൾ വർഗ്ഗീയലഹളകൾ ഉണ്ടാകുന്നു.

മതേതരത്വത്തിന് പ്രാധാന്യം നൽകുന്ന രാജ്യമാണ് ഭാരതം. ഓരോ മതവും അതിന്റേതായ വിശ്വാസസംഹിതകൾ പാലിക്കുന്നു. എന്നാൽ വർഗ്ഗീയത വളർന്നുവരുന്ന സാഹചര്യത്തിൽ മതപരമായ സഹിഷ്ണുത നഷ്ടപ്പെടുന്നു. സംഘർഷങ്ങളുടേയും സമ്മർദ്ദങ്ങളുടേയും ഘട്ടത്തിൽ മത മാണ് വ്യക്തികൾക്ക് വൈകാരികമായ പിന്തുണ നൽകേണ്ടത്. അസ്വാസ്ഥ്യ ത്തിന്റേയും നിരാശാബോധത്തിന്റേയും നാളുകളിൽ മതം പ്രതീക്ഷയുടെ കിരണങ്ങളാകേണ്ടതാണ്. മതപരമായ പ്രശ്നങ്ങൾ സമൂഹത്തിലുണ്ടാക്കുന്ന സംഘർഷം കേശവദേവ് ചില നോവലുകൾക്ക് വിഷയമാക്കിയിട്ടുണ്ട്.

സ്വാതന്ത്ര്യസമരത്തെത്തുടർന്ന് ഉത്തരേന്ത്യയിൽ ആളിപ്പടർന്ന വർഗ്ഗീയലഹളയുടെ പശ്ചാത്തലത്തിലാണ് കേശവദേവ് 'ഭ്രാന്താലയം' എഴു തിയത്. മതവിദ്വേഷത്തിന്റെ ഭ്രാന്തൻ ജ്വാലകളിൽ അമർന്നെരിയുന്ന ഭാരത മാതാവിന്റെ നിസ്സഹായവസ്ഥയാണ് നോവലിൽ ആവിഷ്ക്കരിക്കുന്നത്. മത ഭ്രാന്തിന്റെ ചവിട്ടേറ്റ് മണ്ണടിഞ്ഞ മനുഷ്യത്വത്തെ അന്വേഷിക്കുകയാണ് നോവ ലിസ്റ്റ്. നീലകണ്ഠപിള്ളയുടെ കടയിലെ പത്രവായനക്കാരനായ അബ്ദു യുദ്ധ വാർത്തകൾ വായിക്കുന്നതിനിടയിൽ മഹാത്മാഗാന്ധി ആരംഭിച്ച ക്വിറ്റിന്ത്യാ പ്രസ്ഥാനവും മുഹമ്മദലി ജിന്ന തുടങ്ങിയ മുസ്ലിം രാഷ്ട്രവാദവും ശ്രദ്ധ യിൽപ്പെട്ടു. അത് അവനെ ആകർഷിച്ചു. ഹിന്ദുയാഥാസ്ഥിതികർ ജാതിപ്രശ്ന ങ്ങളുടെ പേരിൽ മുറവിളി കൂട്ടുമ്പോൾ സമ്പന്നരായ മുസ്ലീങ്ങൾ ഇസ്ലാം മതസംരക്ഷണത്തിനായി മുന്നിട്ടിറങ്ങി. ഇരുവിഭാഗങ്ങളും തമ്മിൽ ഏറ്റുമുട്ടി. സഹോദരനും സഹോദരനും ഇടയിൽ, അയൽക്കാർക്കിടയിൽ ശത്രുത വളർന്നു. അടിമത്തത്തിന്റേയും പരമദാരിദ്ര്യത്തിന്റേയും നാളുകളിൽപ്പോലും മനുഷ്യത്വത്തിന്റെ ഉന്നതാദർശങ്ങൾ കൈവിട്ടിട്ടില്ലാത്ത ജനങ്ങൾ പൊടു ന്നനെ എല്ലാം തകർത്ത് സ്വൈരവിഹാരം നടത്തുന്ന കട്ടാളൻമാരായി

മാറുന്നു. സാമൂഹികമായി ഐക്യത്തോടെ നിന്ന ഒരു ജനത മതവിശ്വാസത്തിന്റെ പേരിൽ ഹൃദയബന്ധങ്ങളും വ്യക്തിബന്ധങ്ങളും വലിച്ചെറിഞ്ഞ് മനുഷ്യന്മാർ തമ്മിൽ പരസ്പരം വെട്ടിമരിച്ചും നിണമൊഴുക്കിയും ഒരു ഭ്രാന്താലയം സൃഷ്ടിച്ച അവസ്ഥയിലേക്ക് അധഃപതിക്കുന്നത് ചിത്രീകരിച്ചിരിക്കുന്നു.[54]

മതഭ്രാന്തിന്റെ ദുർഭൂതം അബ്ദുവിൽ ആവേശിച്ചു. ഇസ്ലാമിന്റെ മാത്രമായ രാജ്യത്തെക്കുറിച്ച് സ്വപ്നം കണ്ട അബ്ദു അതിന്റെ ആവശ്യത്തെക്കുറിച്ച് മറ്റുള്ളവരോട് സംസാരിച്ചു. അതിനിടയിൽ പരിചയപ്പെട്ട എക്സ്-സർവ്വീസുകാരൻ ഭാരതത്തിന്റെ വടക്കുകിഴക്കൻ പ്രദേശങ്ങളിലെ മുസ്ലിങ്ങളുടെ വിശേഷങ്ങൾ പറഞ്ഞു. അവിടേയ്ക്ക് പോകുവാൻ അയാൾ ആഗ്രഹിച്ചു. ഇതിനിടെ ജലീമയുമായി അബ്ദുവിന്റെ നിക്കാഹ് ഉറപ്പിച്ചു. ഹിന്ദു സ്ത്രീയായ മാധവിയുടെ മകൾ തത്ത പാത്തുമ്മയുടെ മകൾ ജലീമയ്ക്കൊപ്പമാണ് വളർന്നത്. അബ്ദുവിന്റെ ആശയം കുടുംബത്തിന്റെ സമാധാനം ഇല്ലാതാക്കി. വടക്കുള്ള ഇസ്ലാമിന്റെ വാഗ്ദത്ത നാട്ടിലേക്ക് യാത്രപോകാൻ അയാൾ ആഗ്രഹിച്ചു. സ്വന്തം നാടും വീടും വിട്ടുപോകുന്നതിൽ എല്ലാവർക്കും എതിർപ്പായിരുന്നു. പാത്തുമ്മ അബ്ദുവിനു നേരെതിരിഞ്ഞു. “ഇത് ഇസ്ലാമിന്റെ ശത്രുക്കളുടെ നാടാണെന്ന് നിന്നോട് ആരു പറഞ്ഞു. ഈ ഭൂമിമുഴുവനും ദയാപരനായ തമ്പുരാന്റെതന്നെ താഴ്വരയിലാണ്”. അബ്ദു അതിനെ എതിർത്തു. കാഫറുകളുടെ ഈ നാട്ടിൽ നിന്ന് പോകാൻ അയാൾ തിടുക്കം കൂട്ടി. ഭർത്താവിനൊപ്പം പോകാൻ ജലീമയും നിർബന്ധിതയായി. മകളുടെ നിർബന്ധത്തിനു വഴങ്ങി പാത്തുമ്മ വളർത്തുമകളെ ഒപ്പം കൂട്ടി അബ്ദുവിനൊപ്പം യാത്ര തിരിച്ചു.

അബ്ദുവിന്റെ സ്വപ്നഭൂമി അന്വേഷിച്ചുപോയ അവർ ചെന്നെത്തിയത് പ്രശ്നബാധിതപ്രദേശത്താണ്. ഭാരതം ഒരു ഭ്രാന്താലയമായി മാറിക്കൊണ്ടിരിക്കുകയാണെന്നതിന്റെ തെളിവാണ് ആ യാത്രയിലുടനീളം അവർക്ക് കാണാൻ കഴിഞ്ഞത്. മതവിദ്വേഷം മൂലം ഭ്രാന്തുപിടിച്ച ഒരു തലമുറ.

"ഹിന്ദുസ്ഥാൻ ജയിക്കട്ടെ" എന്ന് അലറിവിളിക്കുന്ന ഒരു വിഭാഗം ആൾക്കാരുടെ ഇടയിലേക്കാണവർ ചെന്നെത്തിയത്. വർഗ്ഗീയതയുടെ ഏറ്റവും തീക്ഷ്ണമായ അവസ്ഥയാണ് നോവലിസ്റ്റ് ചിത്രീകരിച്ചിരിക്കുന്നത്. മതേതരത്വത്തിന്റെ അന്നേവരെയുള്ള സങ്കല്പങ്ങളെയൊക്കെ കാറ്റിൽപ്പറത്തിക്കൊണ്ട് മനുഷ്യമനസ്സിനെ ഉൻമത്തമാക്കി തമ്മിൽ വെട്ടിമരിക്കുന്ന തേർവാഴ്ചയാണ് കാണാൻ കഴിയുന്നത്. ശാന്തമായ സാമൂഹികാവസ്ഥയിൽ പരസ്പരസ്നേഹത്തോടെ കഴിഞ്ഞിരുന്ന ഒരു സമൂഹം മതവിദ്വേഷത്തിന്റെ പേരിൽ പരസ്പരം വെട്ടിമരിച്ചും ചോരപ്പുഴ ഒഴുക്കിയും ഭാരതത്തെ ഒരു ഭ്രാന്താലയമാക്കി. അധികാരമോഹം ചിലരുടെ തലയ്ക്കു പിടിച്ചതോടെ മതം കാര്യസാധ്യത്തിനുള്ള ഉപകരണം മാത്രമായി. ഉത്തരേന്ത്യയ്ക്കാകമാനം ഭ്രാന്തുപിടിച്ചു.[55] രാഷ്ട്രീയക്കാരിലൂടെയും വിദ്വേഷം കത്തിപ്പടരുന്ന പത്രത്തിലൂടെ മതമൗലികവാദത്തിന്റെ അലകൾ ഭാരത്തിൽ വീശിയടിച്ചു.

ഭിന്നിപ്പിച്ചു ഭരിക്കുക എന്ന ബ്രിട്ടീഷ് തന്ത്രത്തിലൂടെ അവർ ഹിന്ദുരാഷ്ട്രവും മുസ്ലിംരാഷ്ട്രവും തീർക്കാൻ ശ്രമിച്ചു. അതിന്റെ ഫലമായി അവർ വിതറിയ വർഗ്ഗീയതയുടെ വിഷവിത്തുകൾ ഭാരതത്തിലാകമാനം വസൂരി പോലെ മുളച്ചുപൊന്തി. ഇതിനിടയിൽ ഭാരതീയരായ ചിലരുടെ ഉള്ളിൽ നിറഞ്ഞുനിന്ന അധികാരമോഹമാണ് മതതീവ്രവാദം ആളിക്കത്താൻ കാരണമായത്. രണ്ടാം ലോകമഹായുദ്ധത്തിന്റെ കെടുതികളും ഇന്ത്യാവിഭജനവും വർഗ്ഗീയലഹളകളും, കേരളീയസമൂഹത്തിൽ വരുത്തിയ സാംസ്കാരിക അധഃപതനത്തെ യഥാർത്ഥമായി ആവിഷ്ക്കരിക്കുകയാണ് കേശവദേവ്.[56]

വർഗ്ഗീയതയുടെ ദുരവസ്ഥ ഏറ്റവും ഭീകരമായി നിലനിന്ന പ്രദേശത്തേക്കുള്ള യാത്രയിൽ വഴിയിൽ വച്ച് അവർ റഹിമിനെ കാണുന്നു. മുട്ടി മുട്ടി കിടക്കുന്ന കബന്ധങ്ങൾക്കിടയിൽ തന്റെ മക്കളെ അന്വേഷിക്കുന്ന ഭ്രാന്തിയായ അമ്മയുടെ വേദന അനുവാചകന് ഉൾക്കൊള്ളാൻ കഴിയുന്നുണ്ട്. വർഗ്ഗീയലഹളയുടെ പശ്ചാത്തലം ചിത്രീകരിക്കുന്നതിലും അതിന്റെ ഭീകരത പ്രകടമാക്കുന്നതിലും നോവലിസ്റ്റ് വിജയിച്ചിട്ടുണ്ട്. ലഹള നടക്കുന്നിടത്ത്

അകപ്പെടുന്ന അബ്ദുവിനെയും കൂട്ടുകാരേയും ചിത്രീകരിച്ചിരിക്കുന്നത് വളരെ സ്വാഭാവികതയോടെയാണ്.

അള്ളാഹു അക്ബർ എന്നും ഹരഹരമഹാദേവാ എന്നും ആർത്തു വിളിച്ചുകൊണ്ട് മതത്തിന്റെയും ദൈവങ്ങളുടേയും പേരിൽ സഹോദരനെ കശാപ്പുചെയ്തു. ഈ ബഹളത്തിനിടയിൽ തത്തയും മറ്റുള്ളവരും മരിക്കുന്നു. മതത്തിന്റെ പേരിൽ നടന്ന സംസ്കാരശൂന്യമായ പ്രവൃത്തിയെ ദേവ് തൊലിയുരിച്ചുകാട്ടുകയാണ് നോവലിന്റെ അവസാനഭാഗത്ത്. മനുഷ്യസ്നേഹം മതമാക്കിയ കേശവദേവ് നൽകിയ ഉഗ്രശാസനമാണ് നിങ്ങൾ പരസ്പരം കൊല്ലരുത് എന്നത്. മനുഷ്യത്വത്തെ മാനിക്കാതെ മതത്തിന്റെ പേരിൽ ആചരിക്കുന്ന മൃഗീയ ഹിംസയാണ് ഭ്രാന്താലയത്തിൽ കാണുന്നത്.

മനുഷ്യന്റെ ബോധഘടനയെ ഭേദിക്കാനും അവനിലെ അക്രമ പ്രവണതയെ ഉണർത്തിവിടാനും മതത്തിന് പ്രാപ്തിയുണ്ട്. അതുകൊണ്ടാണ് വർഗ്ഗീയതയുടെ അവസാനവാക്കായി അക്രമം പലപ്പോഴും ഉത്പാദിപ്പിക്കപ്പെടുന്നത്. നിയന്ത്രണം വിട്ട മതഭ്രാന്ത് സമൂഹത്തെ ഒന്നാകെ ഇല്ലാതാക്കുമ്പോൾ നോവലിലെ കഥാപാത്രങ്ങളെല്ലാം അതിന് ഇരയായിത്തീരുകയാണ്. മതത്തിന്റെ വിശാലമല്ലാത്ത ഇരുണ്ട ഇടംമാത്രം കാണുന്ന ഒരു വിഭാഗം ആൾക്കാരാണ് ലഹളയ്ക്ക് കാരണമാകുന്നത്. ലഹളയിലൂടെയും അക്രമത്തിലൂടെയും തങ്ങളുടെ അധികാരം നിലനിർത്താൻ ഉന്നതസ്ഥാനീയർ തീരുമാനിക്കുന്നു. ചോരപ്പുഴയൊഴുക്കി അതിൽനിന്ന് പടുത്തുയർത്തേണ്ടതാണ് അധികാരസ്ഥാനമെന്ന് മതാധികാരം തീരുമാനിക്കുമ്പോൾ ലഹളകളും അക്രമങ്ങളും പെരുകുന്നു. തമ്മിൽത്തല്ലിയും വെട്ടും കുത്തും നടത്തിയും ഭാരതഭൂമി ചോരക്കളമായിമാറുന്നു. അബ്ദുവും കൂട്ടരും അതിൽ ആണ്ടു പോകുകയാണ്.

വന്നുചേർന്ന സാഹചര്യത്തിൽ ഒരു വ്യക്തി ഏതു പ്രതിസന്ധികളേയും മറികടന്ന് സ്വന്തം ആഗ്രഹം നടപ്പിലാക്കാനുള്ള കഴിവായി അധികാരത്തെ ഫ്രെഡറിക് കാണുന്നു.[57] ഈ സിദ്ധാന്തംഇവിടെ അന്വർത്ഥ

മാകുന്നു. കാര്യങ്ങൾ തീരുമാനിക്കുന്നതും നടപ്പിലാക്കുന്നതും തന്റെ മാത്രം അവകാശമായാണ് വ്യക്തി കാണുന്നത്. എല്ലാ തടസ്സങ്ങളേയും നീക്കം ചെയ്ത്, മറ്റുള്ളവരുടെ എതിർപ്പിനെ മറികടന്ന് അബ്ദു വിശുദ്ധനാടെന്ന സ്വപ്നസാക്ഷാത്കാരത്തിനു ശ്രമിക്കുന്നതാണ് എല്ലാ ദുരന്തത്തിന്റേയും കാരണം.

കേരളീയ ജീവിതപശ്ചാത്തലത്തിലെഴുതിയ 'ഗുസ്തി' എന്ന ചെറുകഥയിലും മതത്തിന്റെ പേരിലുള്ള സംഘട്ടനം ചിത്രീകരിച്ചിട്ടുണ്ട്. രാഷ്ട്രീയവും മതപരവുമായ അഭിപ്രായസംഘട്ടനങ്ങൾ കാണുകയും അതേപടി ചിത്രീകരിക്കുകയും ചെയ്തു കേശവദേവ്. അടുത്തു നടക്കാൻപോകുന്ന ഗുസ്തിമത്സരത്തെ സംബന്ധിച്ച വിവരങ്ങൾ ഒരാൾ വായിക്കുമ്പോൾ കേൾവിക്കാർക്ക് ഉത്സാഹം വർദ്ധിക്കുന്നു. കേരളഗാമാ എന്നറിയപ്പെടുന്ന താണുപിള്ളയും പഞ്ചാബിൽനിന്നുവരുന്ന മുഹമ്മദ് ഹുസൈൻ എന്ന പ്രശസ്ത ഗുസ്തിക്കാരനും തമ്മിലാണ് മത്സരം. പപ്പുപിള്ളയുടെ ചായക്കടയിൽ പ്രത്യേകിച്ച് ഒരു ജോലിയുമില്ലാതിരിക്കുന്ന ആളുകൾ ഹിന്ദുക്കളും മുസ്ലിങ്ങളുമായി ചേരിതിരിഞ്ഞ് കക്ഷിപിടിക്കുന്നു.

അദ്രമാനും പപ്പുപിള്ളയുമാണ് ഗുസ്തിക്കാരുടെ പേരുപറഞ്ഞ് ഊറ്റം കൊള്ളുന്നത്. മേക്കാടനും ഹുസൈനും തമ്മിലുള്ള ഏറ്റുമുട്ടലിൽ മതത്തിന്റെ പേരിൽ ചായക്കടയിലുള്ളവർ ഇരുവിഭാഗമാകുന്നു. നോട്ടീസിൽ മേക്കാടൻ ഗാമാ എന്ന് എഴുതിയത് ഒരാൾ ചൂണ്ടിക്കാണിച്ചു. ഗാമാ ഇസ്ലാമാണ്, ഇസ്ലാമിന്റെ പേര് എന്തിനാണ് കാഫറിനിട്ടത് എന്ന് അയാൾ സംശയം പ്രകടിപ്പിച്ചു. മനുഷ്യന്റെ പേര് പട്ടിക്കിടാറില്ലേ എന്ന് മറുപടി വന്നപ്പോൾ പപ്പുപിള്ള മൊയ്തീനു നേരെ കുതിച്ചു. അയാൾ പപ്പുപിള്ളയുടെ കരണത്തടിച്ചു. പപ്പുപിള്ള ദോശചട്ടുകമെടുത്ത് കുഞ്ഞു മൊയ്തീന്റെ ശിരസ്സിലടിച്ചു. മൊയ്തീൻ പുറകോട്ട് മലച്ചു. അദ്രമാൻ ബീഡിയില വെട്ടുന്ന കത്രിക പപ്പുപിള്ളയുടെ വയറ്റിൽ കുത്തിയിറക്കി. മറിഞ്ഞു വീണ അയാളുടെ നെഞ്ചിൽകയറിയിരുന്ന് അലറിവിളിച്ച് വീണ്ടും വീണ്ടും കുത്തി. ചായക്കട ചോരക്കളമായി മാറി.

നാട്ടുകാർ പരസ്പരം ആക്രമിക്കുകയാണ്. അയൽക്കാർ തമ്മിൽ സംഘർഷത്തിലായി.

സന്ധ്യയായപ്പോൾ ലഹള പട്ടണാതിർത്തികടന്ന് ഗ്രാമങ്ങളിലേക്ക് വ്യാപിച്ചു. നാട്ടിലെങ്ങും മനുഷ്യരില്ലാതെയായി. പരസ്പരം കഴുത്തറുക്കുന്ന ഹിന്ദുക്കളും മുസൽമാന്മാരും. ലഹളയുടെ കാരണം ആർക്കും അറിഞ്ഞുകൂടാ. ആരും അത് അന്വേഷിക്കുന്നില്ല. കേട്ടവർ കേട്ടവർ ലഹളകളിൽ ഉൾപ്പെടുന്നു, കൊല്ലുന്നു, കൊല്ലപ്പെടുന്നു. കടത്തുകടവിൽ ഹിന്ദുമുസ്ലിം ലഹള നടന്നു. ഇരുവിഭാഗത്തിലെ അനേകം പേർ കുത്തേറ്റു മരിച്ചു. മതരോഗത്തിന്റെ അണുക്കൾ നിമിഷം പ്രതി എല്ലായിടത്തും വ്യാപിച്ചു. വികാരത്തിന് തീപിടിച്ച് സർവ്വനാശകമായ വർഗ്ഗീയലഹളകളിലേർപ്പെടുന്ന മനുഷ്യരുടെ അന്തഃസ്സാരശൂന്യതയെ കേശവദേവ് നിശിതമായി പരിഹസിക്കുന്നു.[58]

അധികാരത്തിന്റെ അദൃശ്യമായ കരം മതത്തിന്റെ രൂപത്തിൽ സമൂഹത്തിലേക്ക് വ്യാപിക്കുന്നു. ഗുസ്തിമത്സരംപോലും മതാടിസ്ഥാനത്തിലാക്കുന്ന ആൾക്കാരാണ് അവിടെയുള്ളത്. ഗുസ്തിക്കായിവരുന്ന ഹുസൈനും മേക്കാടനും അധികാരത്തിന്റെ വാഹകരെന്ന നിലയിൽ നിശബ്ദരാണ്. പക്ഷെ അവർക്കുവേണ്ടി സേവചെയ്യാനും അഹങ്കരിക്കാനും ഗ്രാമവാസികൾ തയ്യാറാകുന്നു.

യഥാർത്ഥ ഗുസ്തിമത്സരം നടക്കുംമുമ്പേ അതിന്റെ പേരിൽ നാട്ടുകാർ തമ്മിൽ 'ഗുസ്തി' നടക്കുമ്പോൾ വായനക്കാർ സംശയിക്കും ഏതാണ് യഥാർത്ഥ ഗുസ്തി. തമ്മിൽത്തമ്മിൽ ആക്ഷേപം ചൊരിഞ്ഞുകൊണ്ട് ഒരോരുത്തരുടേയും പക്ഷം പിടിക്കുകയാണ് ചായക്കടയിലുള്ളവർ. ഒന്നും രണ്ടും പറഞ്ഞ് അടിയുണ്ടാക്കുമ്പോൾ യഥാർത്ഥത്തിൽ സംഘഷർഷത്തിന്റെ ആവശ്യമുണ്ടോ എന്നവർ ചിന്തിക്കുന്നില്ല. അധികാരത്തിന്റെ ഒരു സവിശേഷ പ്രയോഗമാണ് ഇവിടെ കാണാൻ കഴിയുക. മതാധികാരത്തിന്റെ പ്രത്യേകതയാണത്. വസൂരിമാലപോലെ വേഗം പടർന്നു പിടിക്കും. അത് അണയ്ക്കാനോ അതിൽ ഉൾപ്പെട്ടവരെ രക്ഷപ്പെടുത്താനോ സാധിക്കാത്ത അവ

സ്ഥയാണ് സംജാതമാകുക. മതവത്കരണം അതിമഹത്തായ ഒരു കർമ്മ മാണെന്ന് അധികാരസ്ഥാപനം കരുതുന്നു.[59]

വർഗ്ഗീയലഹളകളെ പരിഹസിക്കുന്ന ഭാഗം അധികാരത്തിലും കാണാം . നിവർത്തനപ്രക്ഷോഭം നടക്കുന്ന കാലത്ത് ചേലിക്കരഗ്രാമത്തിൽ വർഗ്ഗീയത തലപൊക്കി. ചേലിക്കര രംഭ, സെന്റ് സൈനബ, കൽക്കണ്ടം കമലാക്ഷി, സിനിമാമറിയം എന്നീ നാലു വേശ്യകളാണ് ഇതിനുകാരണം. നായൻമാർക്കുമാത്രം പ്രവേശനമുള്ളതായിരുന്നു ചേലിക്കരകാർത്ത്യായനി യുടെ വീട്. എന്നാൽ മകൾക്ക് (രംഭ) പണം ആവശ്യമായതിനാൽ ജാതിയും മതവും നോക്കാതെ ആരെയും അവൾ സ്വീകരിക്കും. ജാതിനോക്കാതെ പണ ക്കാരെ വീട്ടിൽ വരുത്തുന്നതിൽ നായൻമാരായ ചെറുപ്പക്കാർക്ക് അമർഷമു ണ്ടായിരുന്നു. വാസുദേവൻപിള്ള എന്ന പ്രമാണിയോട് രംഭ പറഞ്ഞു. പണ ക്കാർക്ക് ജാതി നല്ലതാ. പാവങ്ങൾ ജാതിപറഞ്ഞിരുന്നാൽ പഷ്ണി തീരില്ല. സമുദായോദ്ധാരകനായ പിള്ള ദേഷ്യത്തോടെ തിരിച്ചു പോയി. ഇതിനിട യിൽ ഈഴവരായ ചെറുപ്പക്കാർക്ക് ആശ്വാസമായി കമലാക്ഷി ഉദയം ചെയ്തു. ഇരുവിഭാഗത്തിലേയും ചെറുപ്പക്കാർ അവരുടെ വേശ്യകളുടെ യോഗ്യതയിൽ ഊറ്റംകൊണ്ടു. ക്രിസ്ത്യൻ വിഭാഗത്തിന് ആശ്വാസമായി മറിയം കടന്നു വന്നു. സിനിമാനടിയെപ്പോലെയുള്ള അവൾ മറ്റു രണ്ടുപേർക്കും ഭീഷണി യായി. ബീഡിതെറുപ്പുകാരൻ റഹ്മാൻ നിക്കാഹ് കഴിച്ചുകൊണ്ടുവന്ന സൈനബ ചെറുപ്പക്കാരെ വശീകരിക്കാൻ മിടുക്കിയാണ്. റഹ്മാൻ ഉപേക്ഷി ച്ചുപോയശേഷം അവൾ പെട്ടെന്ന് ചെറുപ്പക്കാരുടെ ശ്രദ്ധാകേന്ദ്രമായി.

നിവർത്തനപ്രക്ഷോഭം നടന്നുകൊണ്ടിരിക്കുന്ന കാലമായിരുന്നു. നാൽക്കവലകളിലും അന്തിച്ചന്തകളിലും വർഗ്ഗീയവിദ്വേഷം മുഴങ്ങിത്തുടങ്ങി. മതംനോക്കാതെ യുവാക്കൾ വേശ്യകളുമായി ഇടപെട്ടത് വർഗ്ഗീയലഹളയ്ക്ക് കാരണമായി. ബസുമുതലാളിയായ എം.സി.മാണിയുടെ കാർ മീനാക്ഷിയുടെ വീടിനുമുന്നിൽ വച്ച് വാസുദേവൻ പിള്ളയുടെ നേതൃത്വത്തിൽ വളഞ്ഞു.

ടൗണിലേക്ക് നടന്നുപോകുമ്പോൾ ചെറുപ്പക്കാർ അയാളെ കൂവി ആക്ഷേപിച്ചു. ഈ സംഭവം ക്രിസ്ത്യാനികളുടെ ഇടയിൽ വലിയ ക്ഷോഭമുണ്ടാക്കി. മീനാക്ഷിയുടേയും സൈനബയുടേയും വീടുകളിൽ പോകുന്ന ക്രിസ്ത്യാനികൾക്ക് പള്ളി വിലക്ക് ഏർപ്പെടുത്തേണ്ടതാണെന്ന് ചിലർ ആവശ്യപ്പെട്ടു. സിനിമാ മറിയത്തിന്റെ വീട്ടിൽ മറ്റേതെങ്കിലും ജാതിക്കാർ കയറിയാൽ അവരെ അടിക്കാൻ ഒരു സംഘം രൂപീകരിച്ചു. അന്നുതന്നെ രാത്രിയിൽ ശങ്കരൻ മുതലാളിയുടെ മകൻ ദിവാകരന് അടികൊണ്ടു. ഇതറിഞ്ഞ ഈഴവയുവാക്കൾ ഓടിക്കൂടുകയും അവിടെവച്ച് ഒരേറ്റുമുട്ടൽ നടക്കുകയും ചെയ്തു. ചേലിക്കരയിലെ ഈഴവരെല്ലാം ഇതോടെ പ്രക്ഷുബ്ധരായി.

കുറച്ചുദിവസത്തിനുശേഷം ബാങ്കർ തോമസിന്റെ മകൻ ജോർജ്ജിനെ സൈനബയുടെ വീട്ടിൽവച്ച് മുസ്ലിങ്ങളും ഈഴവരും ചേർന്ന് അടിച്ചു. ഗോവിന്ദപ്പിള്ളയുടെ മകനെ കമലാക്ഷിയുടെ വീട്ടിൽവച്ച് ഈഴവർ തടഞ്ഞു നിർത്തി മർദ്ദിച്ചു. പ്രഭാതമായപ്പോഴേക്കും ചേലിക്കരയിൽ പലയിടങ്ങളിലും അടിനടന്നു. അതിനുശേഷം ചേലിക്കരയിൽ ഒരു സൗഹാർദ്ദസമ്മേളനം നടന്നു. സമുദായപ്രമാണിമാരെല്ലാം പങ്കെടുത്ത യോഗത്തിൽ നാലുവേശ്യകളേയും ഗ്രാമത്തിൽനിന്ന് അടിച്ചോടിക്കണമെന്ന് അഭിപ്രായം ഉണ്ടായി. ഓരോസമുദായക്കാരും അതതു സമുദായത്തിലെ വേശ്യകളുടെ അടുത്തേപോകാവൂ എന്ന് തീരുമാനമുണ്ടായി. ഇവിടെ കൂടിയിരിക്കുന്നവർ ഇതനുസരിക്കുമോ എന്ന് രാമു ചോദിച്ചു. ബാങ്കിൽ ചിട്ടിയിൽ മറ്റു സമുദായക്കാരൊക്കെ പണം നിക്ഷേപിക്കുന്നില്ലെ. സമുദായംവക സ്കൂളിൽ മറ്റുള്ളവരെ പ്രവേശിപ്പിക്കുന്നില്ലെ. കുഞ്ഞുണ്ണി വൈദ്യർ സ്വന്തം സമുദായക്കാരെമാത്രമേ ചികിത്സിക്കുകയുള്ളോ? രാമുവിന്റെ ചോദ്യം മറ്റുള്ളവരെ ചൊടിപ്പിച്ചു. നാലു വേശ്യകളും നിങ്ങളും തമ്മിലെന്താവ്യത്യാസം. അവർ പണക്കാരെ കൊള്ളചെയ്യുന്നു. നിങ്ങൾ പാവങ്ങളെ കൊള്ളചെയ്യുന്നു. രണ്ടുകൂട്ടരും കൊള്ളക്കാരും ചൂഷകരുമാണ്. ആർക്കാണ് കൂടുതൽ അധികാരമുള്ളത് അവർക്കാണ് കൂടുതൽ സൗന്ദര്യം. ഒന്നും തീരുമാനിക്കാതെ യോഗം പിരിഞ്ഞു.

വെട്ടും കുത്തുമേറ്റവർ ആശുപത്രിയിലും അറസ്റ്റുചെയ്തവർ ലോക്കപ്പിലും കിടന്നു. മുതലാളിത്തവികാസത്തിന്റെ വക്രതയെയാണ് കേശവ ദേവ് ഇവിടെ പരിഹസിക്കുന്നത്. സൗന്ദര്യത്തിന് നൽകിയിരിക്കുന്ന പര്യായം ചിന്താമധുരമാണ്.[60]

അധികാരവും സൗന്ദര്യവും തമ്മിലുള്ള ബന്ധമാണിവിടെ ചർച്ചചെയ്യുന്നത്. ഒപ്പം അടിസ്ഥാനമില്ലാത്ത ഒരു വർഗ്ഗീയലഹളയും. അധികാരത്തിന് സൗന്ദര്യത്തോടുള്ള ബന്ധം ചിത്രീകരിക്കാൻ മൂന്നു വേശ്യകളും അവർ ഉൾപ്പെട്ട പ്രശ്നങ്ങളും തെരഞ്ഞെടുത്തിരിക്കുന്നു. പണവും സൗന്ദര്യവുമെല്ലാം അധികാരം നേടാനുള്ള കുറുക്കുവഴികളാണ്. പക്ഷെ ഇവിടെ അത് വർഗ്ഗീയലഹളയ്ക്കു കാരണമാകുന്നു. മതം വേശ്യകളുടെ തൊഴിലുമായി ചേർത്ത് സമൂഹത്തിന് പ്രശ്നമായി മാറുന്നു. സ്വജാതിയിലുള്ളവരെ മാത്രം സ്വീകരിച്ചാൽ മതിയെന്ന തീരുമാനം പരിഹാസരൂപേണയാണ് നോവലിസറ്റ് അവതരിപ്പിച്ചിരിക്കുന്നത്. ആ ഗ്രാമത്തിലെ മറ്റു മനുഷ്യരുടെ സ്വസ്ഥതയും സമാധാനവും നശിപ്പിക്കാൻ ആ സ്ത്രീകൾക്ക് കഴിയുന്നു. അവർക്കു പിന്നിൽ അണിനിരക്കാനും അവർക്കായി വാദിക്കാനും ആൾക്കാരുണ്ടാകുന്നു. രാത്രിയിൽ അവരെ നിരീക്ഷിക്കാൻ ആൾക്കാർ കാവലാകുന്നു. അവരുടെ അധികാരം സാധാരണക്കാരായ ഗ്രാമീണരുടെ സ്വാതന്ത്ര്യത്തെ നിഗ്രഹിക്കുന്നു. അധികാരം സൃഷ്ടിക്കുന്ന സംഘർഷം പലർക്കും പ്രശ്നമാകുന്നു. അധികാരം വേശ്യകളിൽനിന്ന് പിടിച്ചുവാങ്ങിയത് ഗ്രാമത്തിൽ ലഹളനടത്താനുള്ള അനുവാദമാണ്. അധികാരം വേശ്യകളിൽ നിന്ന് ഗ്രാമത്തിലേക്ക് സംക്രമിച്ചത് അവർക്കായി ലഹളനടത്താനുള്ള അനുവാദത്തിന്റെ രൂപത്തിലാണ്. അക്രമപ്രവർത്തനങ്ങൾ അവരുടെ അധികാരസ്ഥാനത്തെ ഒന്നുകൂടി ഉറപ്പിക്കുകയാണ് ചെയ്യുന്നത്. ഒടുവിൽ സൗഹാർദ്ദസമ്മേളനത്തിനുപോലും അവരുടെ പ്രവർത്തനത്തിനുമേൽ തടയിടുന്ന ഒരു തീരുമാനമെടുക്കാൻ കഴിയുന്നില്ല. സൗന്ദര്യംകൊണ്ട് അധികാരം വിലയ്ക്കുവാങ്ങിയ അവർ പഴയതിനേക്കാൾ ശക്തമായി ഗ്രാമത്തിൽ അവരുടെ പ്രവർത്തനവുമായി കഴിയുന്നു. പ്രേരണമുതൽ ബലപ്രയോഗംവരെയുള്ള ഉപാധികളുപയോഗിച്ച

ആളുകൾക്കും സാഹചര്യങ്ങൾക്കും മീതേ ഫലപ്രദമായി പ്രവർത്തിക്കാനുള്ള കാര്യശേഷിയായി അധികാരം മാറുന്നു.[61]

സാത്വികതയുടേയും ആത്മീയതയുടേയും മേലങ്കി ധരിച്ച സവർണ്ണ ജാതിവിഭാഗങ്ങൾ ഗ്രാമത്തിലെ അവർണ്ണവിഭാഗങ്ങളെ നിയന്ത്രിച്ചു കഴിയുന്ന അധികാരസമൂഹമാണ്. ആത്മീയബിംബങ്ങൾക്ക് ഗ്രാമത്തിൽ അമിതമായ അധികാരശക്തിയുള്ളതുകൊണ്ട് അധീശസമൂഹം അധികാരശക്തിക്കു കീഴി ലാകുന്നു. ഈ ആത്മീയനേതൃത്വങ്ങളുടെ നിയന്ത്രണം ഇല്ലാതാക്കിക്കൊണ്ട് അധികാരശരീരത്തിൽനിന്നും ജാതിവ്യത്യാസത്തിന്റെ ദുർമുഖം നീക്കം ചെയ്യേണ്ടതാണ്. മതേതരത്വവും വിവേകവും പരമാവധി വികസിതമാകുന്ന പക്ഷം അധികാരത്തിന്റെ പ്രശ്നം സമൂഹത്തിന്റെ എല്ലാത്തലങ്ങളിലുമായി വ്യാപിക്കാനും ഒരു മതവിഭാഗമോ സംഘടനയോ അതിന്റെ കുത്തകാവ കാശം പുലർത്തുന്ന ദുഃസ്ഥിതി ഇല്ലാതാക്കാനും കഴിയും. ഒന്നോ അതില ധികമോ സാമൂഹ്യഘടകങ്ങളുടെ പെരുമാറ്റരീതി ചില സാഹചര്യങ്ങളിൽ മറ്റുള്ള സാമൂഹ്യഘടകങ്ങളുടെ പെരുമാറ്റശീലത്തെ ആശ്രയിച്ചിരിക്കുന്നു.[62] ഗ്രാമത്തിന്റെ വികസനത്തെ മതാധികാരഭാവങ്ങൾ തടയുന്നത് നോവലിന്റെ അടിസ്ഥാനകഥയായി നിലനിൽക്കുന്നു.

മതത്തിന്റെ പേരിലുള്ള ലഹളകൾ സഖാവ് കാരോട്ട് കാരണവരിലും കാണാം. കുണ്ടിൽ കർത്താവും പാലയിൽ പണിക്കരും തമ്മിലുള്ള മത്സര മാണ് അത്തരമൊരു ലഹളയ്ക്ക് വഴിയൊരുക്കിയത്. പുരാതനത്വവും ആഭി ജാത്യവുമുള്ള വീട്ടുകാരാണ് ഇരുവരും. പ്രതാപം കൂടുതലുള്ളത് ആർക്ക് എന്നതായിരുന്നു മത്സരത്തിന്റെ അടിസ്ഥാനം. പലപ്പോഴും അവർ തമ്മി ലുള്ള മത്സരത്തിൽ നാട്ടുകാർക്ക് നേരിട്ടും അല്ലാതെയും പങ്കുകൊള്ളേണ്ടി വന്നിട്ടുണ്ട്. വസ്തുകൈയേറ്റങ്ങൾ, അടിപിടികൾ, ഉത്സവവഴക്കുകൾ, സിവിലോ ക്രിമിനലോ ആയ കേസുകൾ മുതലായവയിലെല്ലാം ഇരുവിഭാ ഗങ്ങളും കക്ഷി പിടിച്ച് മത്സരിക്കുക പതിവാണ്. പാലയിൽപ്പണിക്കർ ഏതെ ങ്കിലും ഒരു കക്ഷിപിടിച്ചാൽ അക്കാരണംകൊണ്ടുതന്നെ കുണ്ടിൽ കർത്താവ്

മറുകക്ഷിയിൽ ചേരും. ഇരുവരും അവരവരുടെ കക്ഷി ജയിക്കാൻ വേണ്ടി പണം ചെലവാക്കാനും മടിയ്ക്കില്ല. പണത്തിന്റെ ബലത്തിൽ നാട്ടിൽ ആർക്കാണ് സ്ഥാനവും അധികാരവും കൂടുതലുള്ളത് എന്നതായിരുന്നു മത്സരത്തിന്റെ അടിസ്ഥാനം.

ഇതിനിടയിൽ ഒരു ക്രിസ്ത്യാനി ഈഴവനെ കൊട്ടിയെന്ന് വിളിച്ചു. ക്രിസ്ത്യാനിയാകട്ടെ പത്തരേഅരക്കാലേ എന്ന് തിരിച്ചു വിളിച്ചു. ഇതുകേട്ടുകൊണ്ടുവന്ന പാലയിൽ പണിക്കർ ക്രിസ്ത്യാനിയോടു പറഞ്ഞു ഈഴവനെ അടിക്കാൻ. പണിക്കർ പറഞ്ഞ് അടിച്ചതായതുകൊണ്ട് തിരിച്ചടിക്കാൻ ഈഴവന് ധൈര്യം വന്നില്ല. അയാൾ ചെന്ന് കുണ്ടിൽ കർത്താവിനോട് പരാതിപറഞ്ഞു. കർത്താവ് ഉടൻതെന്നെ ഈഴവനേയുംകൊണ്ട് ക്രിസ്ത്യാനിയുടെ വീട്ടിൽച്ചെന്ന് അയാളെ അടിപ്പിച്ചു. ഇതിനെത്തുടർന്ന് പല അടിപിടികളും കത്തികുത്തും നടന്നു. ഒടുവിൽ ക്രിമിനൽ കേസായി. കുണ്ടിൽ കർത്താവ് ഈഴവന്റേയും, പാലയിൽ പണിക്കർ ക്രിസ്ത്യാനിയുടെയും പക്ഷം പിടിച്ച് പണം ചെലവാക്കി കേസു നടത്തി. കുറേക്കാലം കഴിഞ്ഞ് വിധിവന്നു. കുണ്ടിൽ കർത്താവിന്റെ ഭാഗമാണ് ജയിച്ചതെന്ന് അയാളും പാലയിൽ പണിക്കരാണ് ജയിച്ചതെന്ന് അയാളും വാദിച്ചു. ഇരുവിഭാഗക്കാരുടെ വഴക്കുകൾ അവസാനിക്കുന്നത് മിക്കപ്പോഴും ഇങ്ങനെ തന്നെയായിരുന്നു. വർഗ്ഗീയലഹളയുടെ പശ്ചാത്തലം ചിത്രീകരിക്കന്നതിലും അതിന്റെ ഭീകരാവസ്ഥ പ്രകടമാക്കുന്നതിലും കേശവദേവിനെപ്പോലെ മറ്റാരും വിജയിച്ചിട്ടില്ല.

നോവലിൽ മറ്റൊരു വഴക്കിന്റെ രംഗം കൂടിക്കാണാൻ കഴിയും. ഒരു നായർവീട്ടിൽ പാലയിൽ പണിക്കരുടെ മധ്യസ്ഥതയിൽ ഭാഗാലോചന നടന്നു. പണിക്കരെ ഇതിനായി വിളിച്ചത് കർത്താവിന് ഇഷ്ടപ്പെട്ടില്ല. അയാൾ ഭാഗാലോചന കുഴപ്പത്തിലാക്കണമെന്ന് നിശ്ചയിച്ച് ആ വീട്ടിലെ കള്ളുകുടിയനായ ഒരംഗത്തെ സ്വാധീനിച്ചു. അയാൾക്ക് കള്ളുവാങ്ങിക്കൊടുത്ത് അനാവശ്യതർക്കങ്ങൾ ഉന്നയിപ്പിച്ചു. മധ്യസ്ഥനായ പണിക്കരെ ചീത്തവിളിപ്പിക്കുകയും ചെയ്തു. ഒടുവിൽ കാരണവരും അനന്തരവൻമാരും തമ്മിൽ അടി

പിടിയായി. ആ വഴക്ക് അവരുടെ ബന്ധുക്കളുടെ ഇടയിലേക്ക് വ്യാപിക്കുകയും രണ്ടുചേരികളായി പിരിഞ്ഞ് അടിനടക്കുകയും ചെയ്തു. കർത്താവും പണിക്കരും തമ്മിലുണ്ടായ ആ മത്സരത്തിലും ആരു ജയിച്ചു ആര് തോറ്റു എന്നുള്ളത് തർക്കവിഷയമായിനിലനിന്നു. ഉത്തരവാദഭരണപ്രക്ഷോഭമുണ്ടായപ്പോൾ പണിക്കർ സർക്കാർ പക്ഷത്തും കുണ്ടിൽ കർത്താവ് കോൺഗ്രസ് പക്ഷത്തും ചേർന്നു. പണിക്കർ പോലീസ് ഉദ്യോഗസ്ഥൻമാർക്ക് വിരുന്നു നടത്തിയപ്പോൾ കർത്താവ് കോൺഗ്രസ് നേതാക്കൾക്ക് അഭയവും പണവും കൊടുത്തു. അങ്ങനെ അവർതമ്മിലുള്ള മത്സരത്തിന് രാഷ്ട്രീയ ഛായയുണ്ടായി. സമൂഹത്തിൽ അധികാരസ്ഥാനത്തിരിക്കുന്നവർ പലരും ജാതിയും മതവും പറഞ്ഞ് പ്രവർത്തിച്ചിരുന്നതായി ഇത്തരം സംഭവങ്ങളിലൂടെ മനസ്സിലാക്കാം. ഹിന്ദുമതത്തിലെ മറ്റുവിഭാഗങ്ങൾ തമ്മിലുള്ള സ്പർദ്ധയും കേശവദേവ് നോവലിനു വിഷയമാക്കിയിട്ടുണ്ട്. അതിൽ കൂടുതലും സമൂഹ്യലഹളയായി മാറി.

ജാതി, മതം എന്നിവ സമൂഹത്തെ ആകമാനം വിഴുങ്ങുന്ന ഒരു വലിയ വിപത്തായി നോവലിൽ അവതരിപ്പിക്കുന്നു. ഗ്രാമത്തിലെ രണ്ടു പ്രമാണിമാരുടെ 'ഈഗോ'യാണ് എല്ലാ പ്രശ്നങ്ങൾക്കും കാരണം. രണ്ടുപേരിൽ ആർക്കാണ് കൂടുതൽ അധികാരം എന്നതാണ് ഇവിടുത്തെ പ്രശ്നം. അവരുടെ ചെറിയ പടലപ്പിണക്കങ്ങളിലൂടെ വളരുന്ന അധികാര അവസ്ഥ സമൂഹത്തെ മുഴുവനും ബാധിക്കുന്നതായിക്കാണാം. തങ്ങളുടെ ഇച്ഛാനുസരണം പ്രവർത്തിക്കുന്ന സമൂഹത്തെയാണ് ഇരുവർക്കും ആവശ്യം. അധികാരത്തിനും ആവശ്യം ഇത്തരം സമൂഹങ്ങളാണ്. ആ സമൂഹത്തെ നിർമ്മിച്ചെടുക്കാനുള്ള ശ്രമമാണ് അവരിരുവരുടേയും തമ്മിൽത്തല്ലിൽ ഒളിഞ്ഞിരിക്കുന്ന അധികാരഭാവം. ഇതറിയാത്ത സാധാരണക്കാരായ ജനങ്ങൾ ഈ അധികാരവൃത്തത്തിനുള്ളിൽ അറിയാതെ വീണുപോകുന്നു. മതപരമായ പ്രശ്നമായി സമൂഹം കാര്യങ്ങൾ ഏറ്റെടുത്തു തുടങ്ങുമ്പോഴാണ് അധികാരം അതിന്റെ പ്രയോഗതന്ത്രങ്ങൾ ഉപയോഗിച്ചു തുടങ്ങുന്നത്. അതിലൂടെയാണ്

ലഹളകളും അക്രമങ്ങളുമുണ്ടാകുന്നത്. സമൂഹം അറിയാതെതന്നെ അധികാരത്തിന്റെ ഉപകരണങ്ങളായി മാറുന്നു. അധികാരത്തിന്റെ വളർച്ചയെ പരിപോഷിപ്പിക്കാൻ അവിടെ നടക്കുന്ന പ്രശ്നങ്ങൾ സഹായിക്കുന്നു. അങ്ങനെ മതത്തിന്റെ പേരിൽ ആളുകൾ ഭിന്നിക്കപ്പെടുന്നു. ആത്മാവും ദേഹവും കൈമോശം വരാതെ, മറ്റൊരാളെ ഏൽപ്പിക്കാതെ, മറ്റൊരാളുടെ ആത്മാവും ദേഹവും അവകാശപ്പെടാതെ ജീവിക്കാവുന്ന വ്യക്തികൾ നിറഞ്ഞ സമുദായത്തിൽ മാത്രം അധികാരം ഒരു പ്രശ്നമാവില്ല.[63]

## കുറിപ്പുകൾ

1. ഡോ.ജോർജ്ജ്. കെ. അലക്സ്, ലെജു. പി. ജോർജ്ജ് : രാഷ്ട്രം രാഷ്ട്രീയം രാഷ്ട്രസംവിധാനം, പുറം-8.
2. പ്രൊഫ.റ്റി.ജെ. ഇന്ദുചൂഡൻ : ഡോ.ഡി.ജയദേവദാസ്-രാഷ്ട്രതന്ത്രം, പുറം-209
3. There can no polity devoid of power. It is political freedom that is necessary to ensure and enjoy the fundamental values of life.

   Lass well Harold-politics : who gets, what, when, how, page-85.
4. ഡോ. സി.കെ.കരിം : ചരിത്രപാഠങ്ങൾ, പുറം - 18
5. എ.കെ. ഗോപാലൻ : കേരളം ഇന്നലെ ഇന്ന് പുറം-73
6. ഇ.എം.എസ്. നമ്പൂതിരിപ്പാട് : കേരളചരിത്രം മാർക്സിസ്റ്റു വീക്ഷണത്തിലൂടെ, പുറം-107
7. ഡോ.എൻ.രാജൻ : പ്രക്ഷോഭത്തിന്റെ ജ്വാലകൾ, പുറം-18
8. കെ.പി. ശശിധരൻ : കേശവദേവ്, പുറം-36
9. ഡോ. കെ. എം. ജോർജ്ജ് : ആധുനിക മലയാളസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, പുറം-173
10 Devemption-dexemption of others and of self is inseparable from the exercise of power.

   Subhash C.Kashyap : The politics of power, page-4
11. കെ.പി. ശശിധരൻ : കേശവദേവ്, പുറം -14
12. ജി.എൻ.പണിക്കർ : അകലെനിന്ന് അടുത്തുനിന്ന്, പുറം-38
13. ജി.എൻ.പണിക്കർ : ദേവ്...കേശവദേവ്, പുറം-142

14. ഫാബിയൻസ്(സമ്പാ:) : അഴിമതി അധികാരം വർഗ്ഗീയത, പുറം - 81

15. കെ. പി. ശരത്ചന്ദ്രൻ : തരിശുഭൂമിയിലെ പടുമുളകൾ,, പുറം-57

16. എൻ.ഇ.ബലറാം : തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ,, പുറം-82

17. ഡോ. എഴുമറ്റൂർ രാജരാജവർമ്മ : ശബ്ദശാസ്ത്രത്തിന്റെ ശ്രീമുഖം,, പുറം - 67

18. Power is the ability to influence another by shaping what he or she thinks, wants, need.

Andrew Heywood : Politics, page - 7.

19. Power is the capcity to impose one's will over another by reliance on effective sanctions incase of non-compliance.

Niranjan Sharma : Political Theory, Page - 203

20. കെ. എൻ. എഴുത്തച്ഛൻ : തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ,, പുറം-355.

21. പി. കേശവദേവ് : എതിർപ്പ്, പുറം - 68.

22. പ്രൊഫ: മേലത്ത് ചന്ദ്രശേഖരൻ : കാലത്തിന്റെ സാക്ഷി, പുറം-61

23. ഇ. കെ. നായനാർ : മാർക്സിസം ഒരു മുഖവുര, പുറം - 108

24. ഡോ. കെ. എം. തരകൻ : നോവൽ ദർശനം, പുറം - 71

25. ഡോ. പി. കെ. കുശലകുമാരി : സമൂഹമനസ്സും മലയാളനോവലും - പുറം-42

26. A gain in power by some is not necessarily at expence of others.

Mark Heyguard : Power A Reader, Page - 67.

27. കെ. പി. ശശിധരൻ : കേശവദേവ്, പുറം-55.

28. കെ. അശോകൻ : നോവൽ മലയാളത്തിൽ തകഴി മുതൽ മുകുന്ദൻവരെ, പുറം-43

29. ആര്യനാട് സത്യൻ : കേശവദേവിന്റെ ആത്മാവ്, പുറം-24.

30. ഡോ. ഡി. ബഞ്ചമിൻ : അക്കാദമിക് വിമർശനവും മറ്റും,, പുറം-11.

31. ഡോ. കെ. എം. ജോർജ്ജ് : ആധുനിക മലയാളസാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ, പുറം- 173.

32. പി.കേശവദേവ് : എതിർപ്പ്, പുറം 18.

33. കെ. അശോകൻ : നോവൽ മലയാളത്തിൽ തകഴി മുതൽ മുകുന്ദൻവരെ, പുറം - 87

34. പി. ഭാസ്കരനുണ്ണി : പത്തൊൻപതാംനൂറ്റാണ്ടിലെ കേരളം, പുറം - 455.

35. എസ്. ഗുപ്തൻനായർ : സൃഷ്ടിയും സ്രഷ്ടാവും, പുറം-148.

36. Power is a contingent property, property of individuals .

R. Dahrendorf : Class and class conflict in industiral society, page - 166

37. കല്ലട രാമചന്ദ്രൻ : പ്രക്ഷോഭവാസനകളുടെ പൈതൃകം,, പുറം-59.

38. For the use of power, the presence of an actor or subjects and some other individual is essential.

Niranjan Sharma : Political Theory, Page - 203.

39. Power as existed only in the form of its exercise and different levels of social interation.

David Boucher and Paul Kelly(Ed) : Political Thinkers, Page-582

40. എം. അച്യുതൻ : ചെറുകഥ ഇന്നലെ ഇന്ന്, പുറം-155

41. ഡോ. കല്പറ്റ ബാലകൃഷ്ണൻ : മലയാളസാഹിത്യ ചരിത്രം, പുറം-187.

42. ജി. എൻ. പണിക്കർ : ദേവ് കേശവദേവ്, പുറം-59.

43. ഡോ. ഡി. ബഞ്ചമിൻ : അക്കാദമിക് വിമർശനവും മറ്റും,, പുറം-10.

44. Truth threatens power and power threatens truth. Subhash.

C. Kashyap : The Politics of Power - Page-4

45. എ. ശ്രീധരമേനോൻ : കേരളസംസ്ക്കാരം, പുറം-202.

46. എൻ. ഇ. ബലറാം : തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, പുറം-82

47. കെ. പി. ശശിധരൻ : കേശവദേവ്, പുറം-58.

48. Power terms in modern social science refer to subsets of relations among social units.

R.A. Dhal : Power-International encyclopaedia of the social sciences, Page-407.

49. ഡോ. കല്പറ്റബാലകൃഷ്ണൻ : മലയാള സാഹിത്യ ചരിത്രം, പുറം -188.

50. പി. വി. വേലായുധൻപിള്ള : തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, പുറം-264

51. Power inorder to be effective, must appear as something other than, what actual is.

Subhash. C. kashyap : The politics of power, page-4.

52. തോന്നയക്കൽ വാസുദേവൻ : സ്വാതന്ത്ര്യം നിർവ്വചിക്കപ്പെടുമ്പോൾ, പുറം-18.

53. ഡോ. പി.കെ. പോക്കർ : സ്വത്വരാഷ്ട്രീയം, പുറം-86.

54. ഡോ. പി. കെ. കുശലകുമാരി : സമൂഹമനസ്സും മലയാളനോവലും, പുറം-44

55. ഡോ. ഡി. ബഞ്ചമിൻ : നോവൽ സാഹിത്യപഠനങ്ങൾ, പുറം-53.

56. ഡോ. പി. കെ. കുശലകുമാരി : സമൂഹമനസ്സും മലയാളനോവലും, പുറം-45.

57. By the use of Power the Actor can influence other individuals according to his capacity and wish..

Niranjan Sharma : Political Therory, Page-205.

58. എം. അച്യുതൻ : ചെറുകഥ ഇന്നലെ ഇന്ന്, പുറം-155.

59. എസ്. സുധീഷ് : നഗ്നവും ആവിഷ്ക്കാരവും, പുറം-76.

60. എൻ. ഇ. ബലറാം : തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, പുറം-85.

61. Power is the ability to act effectively over people and things using means ranging from persuasion to coercion.

Niranjan Sharma : Political Therory, Page - 203.

62. The behaviour's of one or more units depend in some circumstances on the behaviour of other units.

R.A. Dahl, Power : International encyclopaedia of soical sciences, page-407.

63. ഫാബിയൻസ് (സമ്പാ:) : അഴിമതി അധികാരം വർഗ്ഗീയത(സിമ്പോസിയം), പുറം - 82